KOTTAYAM PUBLIC LIBRARY

Call No M07 WOR-A Acc. No 8242

Author വേർഡ്സ് വർത്ത് വില്യം

Title നവ്യഗീതം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1457

KOTTAYAM

# അമൃതഗീതം

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

# AMRUTHAGEETHAM

By

WILLIAM WORDSWORTH

Translated by

MEKKUNNATH KUNHIKRISHNAN NAIR

Publishers:

P. K. BROTHERS, CALICUT.

Price Rs. 1—50

No.: 8292

# അമൃതഗീതം

M07

മൂലകവി:

**വില്യം വേർഡ്സ്വത്ത്**

വിവർത്തകൻ:

**മേക്കന്നത്ത് കുഞ്ഞികൃഷ്ണൻനായർ**

പ്രസാധകന്മാർ:

**പി. കെ. ബ്രദേർസ്,**

കോഴിക്കോട്.

വില: 1 ക. 50 ന. പ.

ഒന്നാം പതിപ്പ്:
മെയ് 1962.
കോപ്പി: 1000

പകർപ്പവകാശം:
പ്രസാധകന്മാർക്ക്

അച്ചടി:
അശോക പ്രസ്സ്,
കോഴിക്കോട്.

# പ്രസ്താവന

വിദ്യാൎത്ഥിജീവിതത്തിൽ പഠിച്ച കവിതകളിൽക്കൂടി പരിചയപ്പെട്ട ആംഗ്ലേയകവികളിൽ എന്നെ അത്യധികം ആകൎഷിച്ച ഒരു കവിയാണ് 'വില്യം വേഡ്സ്‌വൎത്ത്'. 'Ode on the intimations of immortality from recollections of early childhood' എന്ന കാവ്യം പഠിച്ചപ്പോൾ, വേർഡ്സ്‌വൎത്തിനെ ഞാൻ കൂടുതൽ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. ശൈശവത്തിന്റെ പാവനസൌഭാഗ്യം തത്വചിന്തയുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച ആ കാവ്യം പലതുകൊണ്ടും പ്രത്യേകതയുള്ളതായിത്തോന്നി. 'കുട്ടി പരബ്രഹ്മംപോലെ' എന്ന് നമ്മുടെ ഇടയിൽ ഒരു നാടൻമൊഴിയുണ്ടല്ലോ. അതിന്ന് സരളവും സമൎത്ഥവുമായ ഒരു വ്യാഖ്യാനം നല്കിയ ആദ്യത്തെ പൂൎണ്ണകവിതയായാണ് അതനുഭവപ്പെട്ടത്. അതിലെ തത്വചിന്തയുടെ യുക്തിബോധത്തെപ്പററി അഭിപ്രായഭേദങ്ങളുണ്ടാകാം. എന്നാൽ ഒരു കാൎയ്യം വ്യക്തമാണ്. സ്വാനുഭവങ്ങൾ മുൻനിൎത്തിയാണ് കവി അതിന്ന് രൂപം നല്കിയത്. ആ അനുഭവങ്ങളാകട്ടെ, ഏതാണ്ട് അസാധാരണങ്ങളുമായിരുന്നു. യോഗജന്യങ്ങളായ അനുഭവങ്ങൾക്ക് അവ സാദൃശ്യം വഹിച്ചു. അവ ഒരു പാശ്ചാത്യകവിയ്ക്കുണ്ടായതും കവിതയിൽ പകൎത്തപ്പെട്ടതും കൌതുകകര മായിത്തോന്നി.

ഈ കവിത മലയാളത്തിൽ വിവൎത്തനം ചെയ്യണമെന്ന് പഠിയ്ക്കുന്ന കാലത്തുതന്നെ എനിയ്ക്കാഗ്രഹമുണ്ടായിരുന്നു. ഒരൊഴിവുകാലം അതിന്നുപകരിക്കുകയുംചെയ്തു. ആദ്യത്തെ ഏതാനും ഖണ്ഡികകൾ ബ്രണ്ണൻകോളേജ് മാസികയിൽ പ്രസിദ്ധപ്പെടുത്തി. വിവൎത്തനം പൂൎത്തി

യായെങ്കിലും പുസ്തകരൂപത്തിലാക്കുന്നതിനെപ്പററി കാൎയ്യമായാലോചിച്ചിരുന്നില്ല. അങ്ങിനെയിരിക്കെ, എറണാകുളം കോളേജിൽ ഇംഗ്ലീഷ് വകുപ്പദ്ധ്യക്ഷനായിരുന്ന പ്രൊഫസർ പി. ശങ്കരൻനമ്പ്യാർ വിവൎത്തനം വായിക്കുകയും കവിയുടെ ഒരു ജീവചരിത്രത്തോടും നിരൂപണപരമായ അവതാരികയോടും കൂടി അതു പ്രസിദ്ധീകരിയ്ക്കാൻ, ശിഷ്യവാത്സല്യത്താലാകാം, എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്നിട്ടും, അലസതകൊണ്ടും ഒട്ടൊരധൈൎയ്യംകൊണ്ടും അതിന്നൊരുങ്ങാതെ ഇത്രയും വൈകാനിടയായി. അന്നത്തെ വിവൎത്തനം മൂലകൃതിയോടു് തട്ടിച്ചുനോക്കി ചിലേടങ്ങളിൽ ഭേദഗതികൾ വരുത്തി ഈ നിലയിൽ പ്രസിദ്ധപ്പെടുത്താൻ ഇപ്പോൾ തുനിഞ്ഞുവെന്നേ ഉള്ളൂ. കവിയെയും കവിതകളെയും കുറിച്ചു് വേണ്ട അറിവുണ്ടാകാനുതകുന്ന ഒരവതാരികയും ഇതോടൊപ്പം ചേൎത്തിരിക്കുന്നു. ആശയങ്ങൾ വിശദീകരിക്കാൻ വേണ്ടി ഒരു വ്യാഖ്യാനക്കുറിപ്പും അനുബന്ധിച്ചിട്ടുണ്ടു്.

വേഡ്സ്‌വൎത്തിൻെറ ജീവചരിത്രവും കാവ്യനിരൂപണവും വ്യാഖ്യാനക്കുറിപ്പും തയ്യാറാക്കാൻ കുറെ ഗ്രന്ഥങ്ങൾ എനിയ്ക്കുപകരിച്ചിട്ടുണ്ടു്. കോളറിഡ്ജ്, ആർനോൾഡ്, മിയേർസ്, വെബ്ബ്, നൈററ്, ടർണർ, ഗ്രിയേർസൺ, ലെസ്ലി സ്റ്റീഫൻ, ഐഫോർ ഇവാൻസ്, മാക്ക്‌വേൻഡോറൻ മുതലായവരോടുള്ള കടപ്പാടു് ഇവിടെ കൃതജ്ഞതയോടെ അനുസ്മരിച്ചുകൊള്ളുന്നു.

വേഡ്സ്‌വൎത്തിന്റെ ഒരു വിശിഷ്ടകാവ്യത്തെ കേരളീയൎക്കു് പരിചയപ്പെടുത്തുവാനുള്ള ഈ ഉദ്യമം സഹൃദയൎക്കു് രുചിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

തലശ്ശേരി,
6—2—'62. } **വിവൎത്തകൻ.**

THE KOTTAYAM PUB
KOTTAYAM
No. 8292.

# അവതാരിക

## വില്യം വേർഡ്സ്വർത്ത്

**വേർഡ്സ്വത്ത്— ആധുനികനായ ആദ്യത്തെ ആംഗ്ലേയകവി**

പതിനെട്ടാംശതകത്തിൽ പ്രബലമായിരുന്ന 'ക്ലാസിക് പ്രസ്ഥാന'ത്തിൽനിന്ന് ആംഗ്ലേയകവിതയ്ക്ക് ഒരു പുതിയ പരിവർത്തനം വരുത്തിയ 'റൊമാൻറിക്' കവികളിൽ ഉന്നതശീർഷനാണ് വില്യം വേർഡ്സ്വത്ത്. 'ക്ലാസിസം' സങ്കേതജടിലമായിരുന്നു. അതു് ഭാവനയുടെ പ്രവാഹം തടഞ്ഞു; ശക്തിയേറിയ വികാരങ്ങൾ കവിതയിൽ പകത്തുന്നതിന്ന് അതിൻെറ നിയമങ്ങൾ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു; എല്ലാ കവിതകളും ഏതാണ്ടു് ഒരേ അച്ചിൽ വാത്തെടുത്തപോലെയായി. കൃത്രിമൌന്നത്യം പുലത്തിയ ഭാഷ; ബാഹ്യവിവരണങ്ങളിൽമാത്രം തങ്ങിനിന്ന് ആത്മാവിൽ തട്ടാത്ത വണ്ണനകൾ; രൂപഭദ്രതയ്ക്കുള്ള അമിതപ്രാധാന്യം— ഇവ കവിതയെ മിക്കവാറും വൈരസ്യജനകമാക്കി. ഈ സ്ഥിതിയിൽനിന്ന്, ഒരു വഴിത്തിരിവിൽക്കൂടി, ആംഗ്ലേയകവിതയെ സ്വാതന്ത്ര്യമാർഗ്ഗത്തിലേക്കാനയിച്ചവരാണ് റൊമാൻറിക് കവികൾ. അവരിൽ പ്രാമാണികനായിരുന്നു വേർഡ്സ്വത്ത്. ആ കവിനായകന് ആംഗ്ലേയസാഹിത്യത്തിൽ അതിമാന്യമായ ഒരു സ്ഥാനമാണുള്ളതു്. ഷേക്സ്പിയർ, മിൽട്ടൺ എന്നിവരെ ഒഴിച്ചാൽ ഗണനീയനായ കവി വേർഡ്സ്വത്താണെന്ന് പ്രശസ്തനിരൂപകനായ 'മേത്യൂ ആർനോൾഡ്' അഭിപ്രായപ്പെ

ട്ടന്നു. സ്പെൻഡർ, ഡ്രൈഡൺ, പോപ്പ്, ഗ്രേ, ഗോൾ-ഡ്സ്മിത്ത്, കൂപ്പർ, ബേൺസ്, സ്കോട്ട്, കേംപ് ബെൽ, മൂർ, ബൈറൺ, ഷെല്ലി, കീററ്സ് എന്നീ കവികൾക്കെല്ലാം മേലെയാണ് വേർഡ്സ്വത്തിൻെറ സ്ഥാനം നിർണ്ണയിക്കപ്പെട്ടിരിക്കുന്നതു്. യൈറോപ്യ ഭൂഖണ്ഡത്തിൽതന്നെ, മോളിയർക്കുശേഷം ഗെഥേയെ ഒഴിച്ചാൽ, എല്ലാ കവികളിലും പ്രമുഖനായി നില്ക്കുന്നതു് വേർഡ്സ്വത്താണെന്നുകൂടി ആർനോൾഡ് പ്രസ്താവിക്കുന്നു. ആംഗ്ലേയകവിതയുടെ മഹത്തസ്തംഭമായി അദ്ദേഹം വേർഡ്സ്വത്തിനെ പ്രകീർത്തിയ്ക്കുന്നു. ആധുനികനായ ആദ്യത്തെ ആംഗ്ലേയകവിയായി യൂറോപ്പിലും അമേരിക്കയിലും സഹൃദയർ അംഗീകരിച്ചിട്ടുള്ളതു് വേഡ്സ്വർത്തിനെയാണെന്നുകൂടി നമുക്കിവിടെ അനുസ്മരിയ്ക്കാം.

**ജനനവും കുടുംബവും** 1770 ഏപ്രിൽ മാസം 7-ാം തിയ്യതി, കമ്പർലാണ്ടിലെ 'കോക്കർ മൌത്ത്'' ഗ്രാമത്തിലാണ് വേർഡ്സ്വത്ത് ജനിച്ചതു്. സ്വച്ഛസലിലം നിറഞ്ഞ ഭംഗിയേറിയ തടാകങ്ങൾ; സസ്യശ്യാമളിമയിൽ അഴകിയന്ന കുന്നുകൾ; വർണ്ണശോഭയെഴുന്ന പൂക്കൾ വിരിഞ്ഞുനില്ക്കുന്ന താഴ്വരകൾ – ഇവയെല്ലാംകൊണ്ടു് മനോഹരമായ 'തടാകജില്ല' (Lake District) യുടെ വടക്കുഭാഗത്താണ് ഈ സ്ഥലം. ഒരു വക്കീലായ 'ജോൺ വേർഡ്സ്വത്ത്'' ആയിരുന്നു പിതാവു്; 'ആൻ കുക്സൺ' മാതാവും. നാലു് ആൺകുട്ടികളും ഒരു പെൺകുട്ടിയും ഉൾപ്പെടെ ഈ ദമ്പതികൾക്കു് അഞ്ചു സന്താനങ്ങളുണ്ടായി. വില്യം ദ്വിതീയപുത്രനായിരുന്നു. വില്യമിൻെറ ഭാവിയെക്കുറിച്ചാണ് മാതാവു് ഏററവും ഉത്കണ്ഠപ്പെട്ടതു്. ആ

കുട്ടി ഒന്നുകിൽ നന്മയ്ക്കോ അല്ലെങ്കിൽ തിന്മയ്ക്കോ പ്രത്യേകതനേടുമെന്നു് ആൻ സുഹൃത്തുക്കളോടു് പറയാറുണ്ടായിരുന്നുവത്രെ. മാതാപിതാക്കളുടെ ലാളനം അധികകാലം അനുഭവിക്കാനുള്ള ഭാഗ്യം കുട്ടികൾക്കുണ്ടായില്ല. വില്യമിന്റെ എട്ടാമത്തെ വയസ്സിൽ ആൻ മരിച്ചു; പതിമൂന്നാമത്തെ വയസ്സിൽ പിതാവും കാലഗതി പ്രാപിച്ചു. പിന്നീടു് അമ്മാമന്മാരുടെ സംരക്ഷണത്തിലാണു് കുട്ടികൾ വളർന്നതു്. സുഖമായി കാലയാപനം ചെയ്യാനുള്ള സമ്പാദ്യം ആ കുടുംബത്തിനുണ്ടായിരുന്നില്ല. എങ്കിലും പുതിയ രക്ഷിതാക്കൾ കുട്ടികൾക്കു് വേണ്ട വിദ്യാഭ്യാസം നല്കുവാൻ ശ്രദ്ധിച്ചു. അവരുടെ ശിക്ഷണം കടുത്തതായിരുന്നു. മാതാപിതാക്കളുടെ മധുരോദാരമായ വാത്സല്യവും അമ്മാമന്മാരുടെ പെരുമാററത്തിലുള്ള പാരുഷ്യവും ഓർത്തു കുട്ടികൾ പലപ്പോഴും കണ്ണീർ പൊഴിക്കേണ്ടിവന്നു.

'പെൻറിത്തു്' സ്കൂളിലും ലങ്കാഷയറിൽ ഹോസ്ഹെഡ്ഡിലുള്ള ഗ്രാമർ സ്കൂളിലുമാണു് വില്യം ആദ്യം പഠിച്ചതു്. പിന്നീടു് ഉപരിപഠനത്തിന്നായി ആ യുവാവു് കേംബ്രിഡ്ജിലെ 'സെയ്ൻറ് ജോൺ കോളേജി'ൽ പോയിച്ചേർന്നു.

പ്രകൃതിയോടു് പ്രേമവും കാവ്യരചനയിൽ അഭിരുചിയും വളർത്താൻ പോററിയതായിരുന്നു വേർഡ്സ്വർത്തിന്റെ ജീവിതസാഹചര്യങ്ങൾ. പ്രകൃതിവിലാസം ചന്തംചാർത്തിയ കുന്നുകളും തടാകങ്ങളും നിറഞ്ഞ നാട്ടിൻപുറത്തു് ലളിതശാലീനമായ ജീവിതം നയിച്ചുപോന്ന ഇടയരുടെയും മററും സമ്പർക്കത്തിലാണു് വില്യം വളർന്നതു്. കുട്ടിക്കാലം തൊട്ടുതന്നെ, പുസ്തകങ്ങൾ വായിക്കുന്നതിൽ താല്പര്യമുണ്ടായിരുന്നു. പക്ഷെ പ്രകൃതിയിൽ

നിന്നാണ് അദ്ദേഹം ഏററവും വിലമതിച്ച പാഠങ്ങൾ പഠിച്ചത്. പ്രകൃതിയുടെ പ്രകൃഷ്ടഭാവങ്ങൾക്കുനേരെ വില്യം ഒരാരാധനാമനോഭാവം വളത്തി. മഴവില്ലിന്റെ മനോഹാരിതയോടുകൂടി പ്രകൃതിയിലെ വണ്ണശബളിമകൾ ആ കുരുന്നുഹൃദയത്തിൽ നൃത്തംവെച്ചു. വെസ്റ്റ് മൂർലാണ്ടിലും കമ്പർലാണ്ടിലുമുള്ള കുന്നുകൾ!—അവിടെയാണ് വേർഡ്സ്വത്തിൻെറ ജീവിതപ്രേമം ഉദയം കൊണ്ടതുതന്നെ. ഭാവനകൾക്ക് മാറിമാറി നിറം ചാത്തിയ 'എസ്റ്റ്വെയ്ററ്—ഗ്രാസ്മിയർ' തടാകങ്ങൾ!—ആ തടാകങ്ങളിലെ നീലജലങ്ങളിൽ വേർഡ്സ്വത്തിൻെറ കൌതുകം തുടിച്ചുനീന്തി. വില്യം പ്രകൃതിദൃശ്യങ്ങൾ കണ്ടാനന്ദിച്ചു; സഹാനുഭാവത്തിൽ പ്രകൃതിയരുളിയ പ്രചോദനങ്ങൾ ഉൾക്കൊള്ളുകയും ചെയ്തു. ഈ അനുകൂലസാഹചര്യങ്ങളിലായിരുന്നു വേർഡ്സ്വത്തിൻെറ ഹൃദയത്തിൽ കവിത കുരുത്തതു്.

**കലാലയ ജീവിതം**

1787 ഒക്ടോബറിൽ വേർഡ്സ്വത്ത് സെയ്ൻറ്ജോൺ കോളേജിൽ ഉപരിപഠനത്തിനായിച്ചെന്നുചേന്നു. അതുവരെ പരിചയിച്ച പരിതഃസ്ഥിതികളിൽനിന്ന് വിഭിന്നമായ ജീവിതരീതിയും കലാശാലയിലെ പഠനപദ്ധതിയും ആ യുവാവിന്ന് അരോചകവും അസൌകര്യപ്രദവുമായിത്തോന്നി. കലാശാലയിലെ ബുദ്ധിപരവും സാമൂഹ്യവുമായ പ്രവത്തനങ്ങൾ വില്യമിനെ ആകർഷിച്ചില്ല. ആ വിദ്യാത്ഥി ഒഴിവുകാലം വരുന്നതും പ്രതീക്ഷിച്ചിരുന്നു; അക്കാലമായാൽ പ്രകൃതിദൃശ്യങ്ങൾ കണ്ടു് ഉല്ലാസപൂവ്വം സഞ്ചരിക്കാമല്ലോ എന്നാശ്വസിച്ചു. 1790 ജൂലൈ മാസത്തിൽ മററു വിദ്യാ

ത്ഥികൾ പരീക്ഷയ്ക്കു് പിരിമുറുകി പഠിച്ചുകൊണ്ടിരുന്നപ്പോൾ വേർഡ്സ്വത്തു്, റോബർട്ട്ജോൺസ് എന്ന ഒരു ചങ്ങാതിയെയും കൂട്ടി ആൽപ്സ് പർവ്വതത്തിലേയ്ക്കു് കാൽനടയാത്രക്കൊരുങ്ങുകയാണുണ്ടായതു്. മലകളുടെ ആ മകനെ അന്നും ആകർഷിച്ചതു് മലകളും തടാകങ്ങളും തന്നെയായിരുന്നു.

1791 ജനുവരിയിൽ വില്യം ബി. എ. ബിരുദം നേടി. അതോടുകൂടി, ജീവിതത്തിന്നു് രൂപം നൽകാൻ ഏതെങ്കിലുമൊരു തൊഴിൽ സ്വീകരിക്കേണ്ട പ്രശ്നവും ആവിർഭവിച്ചു. ആ യുവാവു് യാതൊരുദ്യോഗവും ഇഷ്ടപ്പെട്ടില്ല. ജീവിതത്തിൽ രണ്ടു കാര്യങ്ങൾക്കു മാത്രമെ താല്പര്യമുണ്ടായിരുന്നുള്ളു—ഒന്നു്, ദേശസഞ്ചാരത്തിനും മററൊന്നു് കവിതയെഴുത്തിനും. വില്യം പുരോഹിതവൃത്തി കൈക്കൊള്ളുണമെന്നായിരുന്നു അമ്മാമന്മാരുടെ അഭിലാഷം. അതാകട്ടെ വേർഡ്സ്വത്തിന്നു് തീരെ ഹിതമായിരുന്നില്ല. കരളിൽ കവിതക്കതിർ ചൂടിയ ആ യുവാവു്, ആദർശങ്ങളുടെയും ആഗ്രഹങ്ങളുടെയും ലോകത്തിൽ, ഭാവിയ്ക്കു് രൂപം നല്കാനാകാത്ത അനിശ്ചിതാവസ്ഥയിൽ, സംസ്കാരകേന്ദ്രമായ ലണ്ടനിൽ ചെന്നു വാസമുറപ്പിച്ചു.

പ്രകൃതിയോടുള്ള പ്രേമം അന്നും അദ്ദേഹത്തിൻെറ ഹൃദയത്തിൽ അഗാധമായ പ്രതികരണം ഉളവാക്കി. ഇടയ്ക്കുള്ള പര്യടനങ്ങളാകട്ടെ ആ പ്രതികരണങ്ങൾക്കു് സ്ഥായീഭാവം നല്കുകയും ചെയ്തു. ആദികവിതകളിൽ—'പ്രിലൂഡ്' എന്ന കാവ്യത്തിൽ പ്രത്യേകമായും—ഈ പര്യ്യടനങ്ങളുടെ വിവരണങ്ങൾ വേർഡ്സ്വത്തു് രേഖപ്പെടുത്തീട്ടുണ്ടു്. ഇസ്റ്റ്വെയ്ററ്—ഡവ്ഡേയിൽ തടാ

കങ്ങളിലും മനോഹരങ്ങളായ പർവ്വതസാനുക്കളിലും, ഫ്രാൻസിലും, സ്വിററ്സർലാണ്ടിലും നടത്തിയ സഞ്ചാരങ്ങളുടെ ഹൃദ്യവിവരണങ്ങൾ ഇവ ഉൾക്കൊള്ളുന്നു.

**വേർഡ്സ്വത്തും ഫ്രഞ്ച് വിപ്ലവവും** അന്നത്തെ ഫ്രാൻസ് ആ യുവഹൃദയത്തെ പ്രത്യേകമായും ആകർഷിച്ചു. വേർഡ്സ്വത്തിൻെറ ജീവിതത്തിൽ അതിപ്രധാനമായ സ്വാധീനശക്തി ചെലുത്തിയ ഒരു മഹാസംഭവമായിരുന്നു ഫ്രഞ്ചു വിപ്ലവം. വിപ്ലവത്തിൻെറ അരുണോദയത്തിൽ വേർഡ്സ്വത്ത് ഫ്രാൻസ് സന്ദർശിച്ചു. ഈ യാത്രയിൽ 'ആനററ് വേലോൺ' എന്ന ഒരു യുവതിയുമായി വേർഡ്സ്വത്ത് പ്രണയത്തിലായി. അദ്ദേഹം ആനററിനെ വിവാഹം കഴിച്ചില്ല. ഈ ബന്ധത്തിൽ വേർഡ്സ്വത്തിന്നു് ഒരു പുത്രി പിറന്നു. യൌവനം തുടിച്ചുനില്ക്കുമ്പോഴുണ്ടായ ഈ ബന്ധത്തെപ്പററി കൂടുതൽ വിവരങ്ങൾ ലഭിച്ചിട്ടില്ല.

ഫ്രാൻസിലെ വാസം മതിയാക്കി വേർഡ്സ്വത്ത് ലണ്ടനിലേക്കുതന്നെ മടങ്ങി. പ്രകൃതിവിലാസങ്ങൾ കണ്ടു പരിചയിക്കുകയും മനോഹരദൃശ്യങ്ങളുടെ മധുരിമ നുകരുകയും ചെയ്തുപോന്ന ആ യുവാവിന്നു് ഒച്ചയും തിരക്കും മുഴുത്ത ലണ്ടനിലെ നഗരവീഥികൾ ഉദ്വേഗജനകങ്ങളായിത്തോന്നി. വെള്ളത്തിൽ പൂത്തുനിന്ന ഒരു കൊച്ചാമ്പൽപ്പൂ പറിച്ചു കരയ്ക്കിട്ടതുപോലെയായിരുന്നു ആ അനുഭവം. 'പാവപ്പെട്ട സൂസൻെറ മനോരാജ്യം' എന്ന പേരിൽ പിന്നീടു് പ്രസിദ്ധപ്പെടുത്തിയ ഒരു കവിതയിൽ വേർഡ്സ്വത്ത് ഈ ഹൃദയവൈഷമ്യങ്ങൾ വിവരിച്ചിട്ടുണ്ടു്.

1792-ൽ, വിപ്ലവാനന്തര ഫ്രാൻസിലേക്ക്, വേർഡ്സ്വത്ത് വീണ്ടും യാത്രയായി.

സ്വാതന്ത്ര്യത്തിൻെറയും സമത്വത്തിൻെറയും സാഹോദര്യത്തിൻെറയും മഹിതസന്ദേശത്തോടുകൂടി ജീവിതഭാവുകങ്ങളുടെ വാഗ്ദാനത്തോടെ കടന്നുവന്ന ഫ്രഞ്ചുവിപ്ലവം, യുവത്വത്തിൽ, ആദർശങ്ങളുടെ ആവേശം മുററിനിന്ന വേർഡ്സ്വത്തിനെ ആകർഷിച്ചതിൽ അത്ഭുതത്തിന്നവകാശമില്ല. യൂറോപ്പിലെങ്ങും യുവാക്കൾക്ക് ആവേശമരുളിയ ഒരുത്തേജകശക്തിയായിരുന്ന ആ വിപ്ലവം. ഉന്നതാഭിലാഷങ്ങൾക്കും ആദർശങ്ങൾക്കുമനുസരിച്ച് ജീവിതം രൂപപ്പെടുത്താനുള്ള ആ മഹോദ്യമത്തിൽ വേർഡ്സ്വത്തിന്ന് പൂർണ്ണാനുഭാവമുണ്ടായി. വിപ്ലവത്തിൽ ഫ്രഞ്ചുകാർക്കുണ്ടായ അതിർകവിഞ്ഞ സന്തോഷത്തിന്ന് അദ്ദേഹം ദൃക്സാക്ഷിയായിരുന്നു. ജനതയുടെ ആഹ്ലാദനൃത്തത്തിൽ മനസ്സിളകി വേർഡ്സ്വർത്ത് ഇങ്ങിനെ എഴുതി:—"എല്ലാ ഹൃദയകവാടങ്ങളും മലക്കെ തുറന്നിട്ടിരുന്നു. മൈത്രിയും ആഹ്ലാദവും ഓരോ നാക്കിലും മുഖരിതമായിരുന്നു." ഫ്രാൻസ് ആ സുവർണ്ണമുഹൂർത്തത്തിൻെറ മൂർദ്ധന്യത്തിൽ നിലകൊൾകെ, യൂറോപ്പിൻെറ സിരകളിൽ ആഹ്ലാദചൈതന്യങ്ങളുടെ ആവേശം അലതല്ലിയെന്നും മനുഷ്യപ്രകൃതി അതിൻെറ വിശുദ്ധിയിൽ വീണ്ടും ജനനംകൊണ്ടുവെന്നും വേർഡ്സ്വത്ത് തുടൎന്ന് പ്രസ്താവിച്ചു.

വിപ്ലവത്തിൻെറ തത്ത്വം, അന്ന്, വേർഡ്സ്വത്തിൻെറ ആശയങ്ങൾക്ക് നല്ലപോലെ പൊരുത്തപ്പെട്ടിരുന്നു. എല്ലാ അസ്വാതന്ത്ര്യങ്ങളെയും അസമത്വങ്ങളെയും ആ യുവാവ് അമർഷത്തോടെ പരിഗണിച്ചു; ലൈംഗികകാര്യങ്ങളുൾപ്പെടെ, സകല തുറക

ളിലും സ്വാതന്ത്ര്യം വേണമെന്നു് വീറോടെ വാദിച്ചു. ദരിദ്രരോടു് സ്വതസിദ്ധമായുണ്ടായ സ്നേഹം വിപ്ലവത്തെ സ്വാഗതം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. വിപ്ലവം അവരുടെ കഷ്ടതകൾക്കു് അറുതിവരുത്തുമെന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. വേർഡ്സ്വത്തു് അതിനാൽ ഇപ്രകാരം പാടി:—

"അപ്പുലരിയിൽ ജീവിച്ചിട്ടവതത്യാനന്ദ-
മപ്പൊഴോ യുവാവൊരാളെന്നാകിൽ സ്വർഗ്ഗം തന്നെ"

ജീവിതനവീകരണത്തിനു് ഒരു ജനത മുഴുവൻ നടത്തുന്ന വിപുലോദ്യമമായാണു് വേർഡ്സ്വത്തു് ഫ്രഞ്ചു വിപ്ലവത്തെ കണ്ടതു്. വിപ്ലവാരാധകരായ എല്ലാ മനുഷ്യസ്നേഹികളും വിചാരിക്കാറുള്ളപോലെ അദ്ദേഹവും ആദ്യം അപ്രകാരം കരുതി. മറിച്ചു് കരുതുവാനുള്ള സന്ദർഭവും അടുത്തുതന്നെ എത്തിച്ചേർന്നു. അതോടെ അദ്ദേഹത്തിൻെറ കണ്ണു് തെളിഞ്ഞു. തുർക്കിയിലും റഷ്യയിലും സ്പെയ്നിലുമുണ്ടായ വിപ്ലവങ്ങളിൽ സതുല്യാനുഭവങ്ങൾ തന്നെയാണു് പലക്കുമുണ്ടായതു്. അതുപോലെ ഫ്രഞ്ചുവിപ്ലവത്തിലും വേർഡ്സ്വത്തിനു് അനുഭവപ്പെട്ടവെന്നേ ഉള്ളു.

വിപ്ലവത്തെത്തുടർന്നുണ്ടായ പ്രവർത്തനങ്ങൾ വിക്ഷോഭജനകങ്ങളായിരുന്നു. പരസ്പരവിദ്വേഷം, അവിശ്വാസം, സംശയാലുത—ഇവ ഫ്രാൻസിൻെറ അന്തരീക്ഷത്തെ കലുഷിതമാക്കി. അധികാരം പിടിച്ചുപററാനും നിലനിർത്താനുമുള്ള ഉപജാപങ്ങളിൽ പല ക്രൂരകൃത്യങ്ങളും നടത്തപ്പെട്ടു. 'സപ്തംബറിലെ കൂട്ടക്കൊല' എന്ന പേരിൽ അറിയപ്പെട്ട നിഷ്ഠുരസംഭവം അക്കൂട്ടത്തിൽ പ്രധാനമായിരുന്നു. പൊതുനന്മയെ മുൻനിർത്തി, ഒരളവോളം, അക്രമങ്ങൾ പൊറുപ്പിക്കാമെന്നായിരുന്നു വേർ

ഡ്സ്വത്തിൻെറ അഭിപ്രായം. വീണ്ടും ഫ്രാൻസ് സന്ദർശിച്ചപ്പോൾ, അവിടെ ഭരണം നടത്തിയ 'ഗിരോണ്ടിൻ കക്ഷി'യിലെ ഒരംഗമാകാൻകൂടി അദ്ദേഹം മടിച്ചില്ല. പക്ഷെ, കയ്യിലുള്ള പണം കഴിയാറായിരുന്നു. ഫ്രാൻസിൽ തുടൻപോയാൽ വീട്ടിൽനിന്നു അലവൻസ് അയച്ചുകിട്ടില്ലെന്നു ബോദ്ധ്യമായപ്പൊഴാണ് ഇംഗ്ലണ്ടിലേക്കു മടങ്ങുവാൻ അദ്ദേഹം തീരുമാനിച്ചതു്.

എങ്കിലും, വേർഡ്സ്വത്തിൻെറ വിപ്ലവാവേശം ആറിത്തണുത്തില്ല. ദുഷിച്ച സ്ഥിതിഗതികൾ നന്നായിത്തീരുമെന്നു് അദ്ദേഹം അപ്പോഴും പ്രതീക്ഷിച്ചു. 'ഭീകരഭരണം' ഫ്രാൻസിൽ ആരംഭിച്ചപ്പോഴും ആ പ്രതീക്ഷയ്ക്കു് കോട്ടം തട്ടിയില്ല. വിപ്ലവത്തിൻെറ പ്രഖ്യാപിതലക്ഷ്യങ്ങൾ സാധിക്കപ്പെടാതിരിക്കയില്ലെന്നു് അദ്ദേഹം വിശ്വസിച്ചു. ആദർശാത്മകചിന്തയായിരുന്നു അതിനുള്ള പ്രേരകം. പക്ഷെ, ഫ്രാൻസ് സ്വിററ്സർലാണ്ടിനെ കീഴടക്കിയതോടുകൂടി ആ വിശ്വാസം വ്യാമോഹാത്മകമാണെന്നു് തെളിഞ്ഞു. റിപ്പബ്ലിക്കനാശയങ്ങൾ അനുഭവപ്പെടുത്തുന്നതിൽ വിപ്ലവത്തിനുണ്ടായ പരാജയം അദ്ദേഹത്തിനു് കടുത്ത നിരാശാബോധം ഉളവാക്കി. അതോടെ വികാരതീവ്രത വിചാരത്തിന്നു് വിധേയമായിത്തീൎന്നു. ഹൃദയത്തിൻെറ അഗാധതയിൽ വികാരാവേശത്തോടു് കെട്ടിപ്പിണഞ്ഞുകിടന്ന വിശ്വാസങ്ങൾ ബുദ്ധിയുടെ സൂക്ഷ്മദർശിനിയിൽ പരിശോധിച്ചു, കരുക്കൾ നീക്കി, യഥാസ്ഥാനത്താക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ആ ആത്മപരിശോധന തീവ്രവും വേദനാജനകവുമായിരുന്നു. അദ്ദേഹത്തിൻെറ ഹൃദയം ഒരു സമരരംഗമായി മാറിയെന്നു പറയാം. രാഷ്ട്രീയവ്യാമോഹങ്ങൾക്കു് അതു് അന്ത്യം കുറിച്ചു; കൂടുതൽ ബുദ്ധിപരമായ പ്രവൎത്തനങ്ങൾക്കു്

അതു് പ്രചോദനം നൽകി. മനുഷ്യക്ഷേമം സാധിക്കുവാൻ രാഷ്ട്രീയവിപ്ലവങ്ങൾക്കുനേരെ ഉററുനോക്കുന്നതുകൊണ്ടു് പ്രയോജനമില്ലെന്ന വേർഡ്സ്വത്തിന്നു ബോദ്ധ്യംവന്നു. ക്ഷേമചിന്ത മനുഷ്യൻെറ ഉള്ളിൽനിന്നുതന്നെ ഉറവെടുക്കേണ്ടതാണെന്നും അതിനാൽ ആന്തരമായ ഒരു വിപ്ലവമാണ് സാധിക്കേണ്ടതെന്നും അദ്ദേഹം മനസ്സിലാക്കി. അതിനാകട്ടെ, മനുഷ്യൻെറ ആത്മാവു് ദൈവികകാന്തിയിൽ സമുദ്ദീപ്തമാകണം; അന്തരംഗം പ്രകാശമാനമാകണം — ബുദ്ധിയുപയോഗിച്ചുള്ള ആത്യന്തികവിശകലനത്തിൽ വേർഡ്സ്വത്തു് ഈ നിഗമനങ്ങളിലാണ് ചെന്നെത്തിയതു്. ധിഷണാശാലികളായ അനേകംപേർ എത്തിച്ചേന്ന നിഗമനങ്ങൾ തന്നെയാണല്ലൊ അവ.

**പ്രകൃതിയിലും കവിതയിലുമുള്ള തിരിച്ചുപോക്കു്**

ഫ്രഞ്ചുവിപ്ലവത്തിൻെറ ആദർശാത്മകമായ പരാജയം വേഡ്സ്വത്തിൻെറ ജീവിതസിദ്ധാന്തങ്ങളെത്തന്നെ പിടിച്ചുകുലുക്കി. ആശാഭംഗവും പരസ്പരവൈരുദ്ധ്യങ്ങളുംകൊണ്ടു് ആ യുവാവിൻെറ മനസ്സു മടുത്തു. അവസാനം, ജീവിതത്തിൽ ആനന്ദദായകമായി മുമ്പനുഭവപ്പെട്ട പ്രകൃതിസമ്പക്ക്ത്തിലേക്കു് തന്നെ അദ്ദേഹം മടങ്ങി!, പ്രകൃതിസ്നേഹത്തിൻെറ മടിത്തട്ടിലിരുന്ന്, കാവ്യകേളികളിൽ മനസ്സിന്നുല്ലാസം നല്കി, നിരാശയുടെ മുറി ഉണക്കുവാൻ പരിശ്രമിച്ചു. ഒരു രോഗി പററിയ ചികിത്സ നടത്തി ആരോഗ്യം വീണ്ടെടുക്കാൻ പ്രയത്നിക്കുന്നതിന്നു തുല്യമായിരുന്നു ആ തിരിച്ചുപോക്കു്; വിശ്വാസം നഷ്ടപ്പെട്ടവർ അതു് പുനരുദ്ധരിക്കുന്നതുപോലെയും.

പ്രകൃതിയിലും കവിതയിലും തിരിച്ചുചെല്ലാൻ വേഡ്സ്വത്തിനെ പ്രേരിപ്പിച്ച രണ്ടു സഹായകവ്യക്തികളും ഉണ്ടായിരുന്നു—ഒരാൾ അദ്ദേഹത്തിൻെറ നേർസഹോദരിയായ ഡൊറോത്തി; മറെറാരാൾ കോളറിഡ്ജ് എന്നുപേരുള്ള കവിസുഹൃത്തും. വേർഡ്സ്വത്തിൻെറ ജീവിതം രൂപപ്പെടുത്തിയതിൽ ഈ രണ്ടുപേക്കും വലിയ പങ്കാണുള്ളതു്.

**ഡൊറോത്തി** സഹോദരസ്നേഹത്തിന്റെ ചരിത്രത്തിൽ സുവർണ്ണപ്രഭ പൊഴിക്കുന്ന ഒന്നാണ് വേർഡ്സ്വത്തും ഡൊറോത്തിയും തമ്മിലുള്ള ബന്ധം. സ്വഭാവംകൊണ്ടു് രണ്ടുപേരും വളരെ അടുപ്പമുള്ളവരായിരുന്നു. പരസ്പരക്ഷേമം വളർത്തുന്നതിൽ അവക്ക് പൂർണ്ണതാല്പര്യവുമുണ്ടായിരുന്നു. പ്രകൃതിദൃശ്യങ്ങളിൽ രണ്ടുപേരും അത്യന്തം ആഹ്ലാദിച്ചു. ഗ്രാമഭംഗികൾ കണ്ടുകൊണ്ടു് അവർ സായങ്കാലങ്ങളിൽ പതിവായി ഉല്ലാസയാത്ര നടത്തിവന്നു. സമീപവാസികളായ കർഷകരുടെയും മററു സാധാരണന്മാരുടെയും ജീവിതത്തിൽ, വേർഡ്സ്വത്തിന്നു് പരിചയവും താല്പര്യവും ഉളവാക്കിയതു് ഡൊറോത്തിയാണ്. കവിഹൃദയത്തിൽ പ്രകൃതിപ്രേമംപോലെത്തന്നെ വിശുദ്ധമായ മാനുഷികതാല്പര്യവും അതിനാൽ വളർന്നു. വിഷാദത്തിൽനിന്നും നിരാശയിൽനിന്നും വേർഡ്സ്വർത്തിൻെറ മനസ്സ് ക്രമേണ സമുദ്ധരിയ്ക്കപ്പെട്ടു. പുതിയ പശ്ചാത്തലത്തിൽ കാവ്യവ്യാപാരം നടത്തുവാൻ അദ്ദേഹത്തിന്നു് കൂടുതൽ പ്രചോദനം ലഭിക്കുകയും ചെയ്തു.

**കോളറിഡ്ജ്** 1798-ൽ വേർഡ്സ്വത്ത് തൻെറ ആദ്യത്തെ കവിതാസമാഹാരം പ്രസിദ്ധപ്പെടുത്തി. ആൽപ്സ് യാത്രയുടെയും സായാഹ്ന സഞ്ചാരങ്ങളുടെയും വിവരണങ്ങളായിരുന്നു കാവ്യവിഷയം. അന്നത്തെ സാഹിത്യലോകത്തിൽ ഈ പ്രസിദ്ധീകരണം യാതൊരു ചലനവും ഉണ്ടാക്കിയില്ല. പക്ഷെ, ഒരാൾ, ആ കാവ്യത്തിൽക്കൂടി, വേർഡ്സ്വത്തിൻെറ ഉയരുന്ന കവിതാശക്തിയും കാല്പനികനൈപുണിയും കണ്ടെത്തി. ആ സഹൃദയനായിരുന്നു കോളറിഡ്ജ്. അദ്ദേഹം ഒരു കവിയും പ്രബന്ധകാരനും ആയിരുന്നു. കോളറിഡ്ജുമായുള്ള അടുപ്പം വേർഡ്സ്വത്തിൻെറ കാവ്യജീവിതത്തിൽ വമ്പിച്ച പരിവത്തനം വരുത്തി. കാവ്യരചന ജീവിതവൃത്തിയായി കൈക്കൊള്ളുവാൻ വേർഡ്സ്വത്തിനെ പ്രേരിപ്പിച്ചതു് പ്രധാനമായും കോളറിഡ്ജായിരുന്നു.

ഈ സുഹൃത്തുക്കൾ തമ്മിൽ 1795-ൽ പരിചയപ്പെട്ടു. പരിചയം സമ്പുഷ്ടമായി, വളരെ അടുത്ത സൌഹൃദബന്ധമാകുവാൻ അധികനാൾ വേണ്ടിവന്നില്ല.

ഇക്കാലത്തു് 'റേയ്സ്ലി കാൽവർട്ട്' എന്ന ഒരു സുഹൃത്തു് വേർഡ്സ്വത്തിന്നു തൊള്ളായിരം പവൻ പാരിതോഷികമായി കൊടുക്കാൻ നീക്കിവെച്ചു. രോഗം ബാധിച്ചു കിടപ്പിലായപ്പോൾ വേർഡ്സ്വത്തു് നടത്തിയ സേവനങ്ങളിൽ കൃതജ്ഞത പ്രകാശിപ്പിയ്ക്കാനാണു് അയാൾ അപ്രകാരം ചെയ്തതു്. ഈ തുകയും കോളറിഡ്ജിൻെറ പ്രേരണയും ഒത്തുചേർന്നപ്പോൾ വേർഡ്സ്വത്തിന്നു് കാവ്യനിർമ്മാണം ജീവിതവൃത്തിയായി അംഗീകരിക്കാനുള്ള ധൈര്യംവീണു. ആ ജീവിതത്തിന്നു ഒരു ലക്ഷ്യമുണ്ടായി.

1795-ൽ ഡൊറോത്തിയോടൊപ്പം വേർഡ്സ്വർത്ത് ഡോർസസ്റ്റർഷയറിലെ 'റേയ്സ്ഡൌൺ ലോഡ്ജി'ൽ താമസമാക്കി. ഇവിടെവെച്ച് ആ കുടുംബം കോളറിഡ്ജുമായി കൂടുതൽ അടുപ്പം നേടി. അക്കാലത്ത് സോമർസെററ്ഷയറിൽ 'നെതർസ്റ്റൌയി'ലായിരുന്നു കോളറിഡ്ജിന്റെ താമസം. വേർഡ്സ്വത്തിനെ കാണാൻ അദ്ദേഹം പതിവായി അവിടെനിന്നു വരും; രണ്ടുപേരുംകൂടി വൈകുന്നേരം നടക്കാനിറങ്ങും; നടത്തത്തിൽ നാനാവിഷയങ്ങളെക്കുറിച്ചും—ഇവയിൽ പ്രാധാന്യം സാഹിത്യപ്രമേയങ്ങൾക്കായിരുന്നു—ചർച്ച ചെയ്യും. വേർഡ്സ്വത്തിൽ അന്തർല്ലയിച്ചുകിടന്ന കവിതാശക്തി ഉണർത്തി പ്രാവർത്തികമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിയ്ക്കാൻ കോളറിഡ്ജ് അവസരം കണ്ടെത്തു് ഈ സായാഹ്നസഞ്ചാരങ്ങളിലാണ്.

കോളറിഡ്ജുമായി കൂടുതൽ സമീപബന്ധം പുലത്തുവാനാഗ്രഹിയ്ക്കുകയാൽ വേർഡ്സ്വത്ത് ആ സുഹൃത്തിന്റെ വസതിക്കടുത്ത "അലിഫോക്സ്ഡെന്നി"ൽ മാറിത്താമസിച്ചു. പ്രകൃതിമനോഹാരിത നിറംചാർത്തിയ 'കേൻടോക്' കുന്നിലായിരുന്നു ഈ വാസസ്ഥലം. രണ്ടുപേരും പലപ്പോഴും, ഒരുമിച്ച് സാഹിത്യചർച്ചകൾ നടത്തി. 'ജ്ഞാനവും മാനസികോല്ലാസവും ലഭിയ്ക്കാനുതകുന്ന കവിതകൾ' അനുവാചകർക്ക് സമ്മാനിക്കണമെന്ന് അവർ തീരുമാനിച്ചു. ആ പരിപാടിയനുസരിച്ച് തത്വചിന്താത്മകമായ ഒരു മഹാകാവ്യം രചിയ്ക്കുവാൻ വേണ്ട കരുക്കൾ വേർഡ്സ്വത്ത് 1798-ൽ ഒരുക്കിത്തുടങ്ങി. 'മനുഷ്യജീവിതത്തിൽ ആഹ്ലാദവും ശാന്തിയും പകരാൻ പ്രകൃതിയ്ക്കുള്ള കഴിവിലും, ബുദ്ധിപരമായ ഔദ്ധത്യംകൊണ്ടു് മലിനമാകാത്ത മനുഷ്യഹൃദയത്തിന്റെ

മൌലികനന്മയിലും, അറിവിലും ആനന്ദത്തിലും ആറാടുവാൻ ഇന്ദ്രിയങ്ങൾക്കുള്ള പാടവത്തിലും' വിശ്വാസമപ്പിച്ചുകൊണ്ടാണ് വേർഡ്സ്‌വത്ത് ഈ കാവ്യം നിമ്മിക്കാൻ മുതിന്നതു്. 'റെക്ലൂസ്' എന്നു് അദ്ദേഹം കാവ്യത്തിന്നു് പേർകൊടുത്തു; 1800-ൽ അതിലെ പ്രഥമഗ്രന്ഥം എഴുതിത്തീക്കുകയും ചെയ്തു. ഈ കാവ്യം പൂത്തിയാക്കുവാൻ വേർഡ്സ്‌വത്തിന്നു് സാധിച്ചില്ല.

കോളറിഡ്ജോടൊത്തു് വേർഡ്സ്‌വത്തു് നടത്തിയ കാവ്യവ്യവസായത്തിന്നു് മകുടം ചാത്തിയതു് 1798-ൽ പ്രസിദ്ധീകരിയ്ക്കപ്പെട്ട 'ലിറിക്കൽ ബേലഡുകൾ' അഥവാ 'ഭാവഗീതങ്ങൾ' ആയിരുന്നു. ആംഗ്ലേയസാഹിത്യത്തിൽ ഒരു വഴിത്തിരിവു് കാണിക്കുന്ന നാഴികക്കുററിയായിത്തീന്നു ആ കാവ്യം. ക്ലാസിക് പ്രസ്ഥാനത്തിന്നെതിരായി അതു് ഒരു മഹാവിപ്ലവം കുറിച്ചു; അലക്സാണ്ടർ പോപ്പിൻേറതുപോലുള്ള ആഢംബരിതമായ കൃത്രിമകവിതയുടെ മരണമണിനാദം മുഴക്കി. വൃത്തത്തിലും ഇതിവൃത്തത്തിലും, ഭാഷയിലും പ്രതിപാദനത്തിലും അന്നു നിലവിലിരുന്ന കാവ്യനിയമങ്ങളെയെല്ലാം അതു തകത്തുവെന്നു പറയാം. കവിതയ്ക്കുള്ള വിഷയങ്ങൾ വേർഡ്സ്‌വത്തും കോളറിഡ്ജും തമ്മിൽ വിഭജിച്ചെടുത്തു. പ്രകൃത്യാതീതങ്ങളും പ്രേമപരങ്ങളുമായ വിഷയങ്ങളെപ്പററി മാനുഷികതാല്പര്യം മുൻനിത്തി എതാണ്ടു് യഥാതഥമായ പ്രതീതിയിൽ കവിതകളെഴുതാൻ കോളറിഡ്ജു് നിയുക്തനായി. ഗ്രാമരംഗത്തിൽ സുപരിചിതങ്ങളായ കാഴ്ചകളും കഥകളും, ദൈനന്ദിനജീവിതത്തിലെ എളിയ സംഭവങ്ങളും, ഗ്രാമീണരുടെ വികാരവിചാരങ്ങളും കവിതയിൽ പകത്തുകയായിരുന്നു വേർഡ്സ്‌വർത്തിൻേറ കൃത്യം. ഈ ആസൂത്രണമനുസരിച്ചു് രണ്ടു കവിസുഹൃ

ത്തുക്കളുംകൂടി എഴുതിയ കവിതകളുടെ സമാഹാരമായിരുന്നു ഭാവഗീതങ്ങൾ. ആംഗ്ലേയസാഹിത്യത്തിൽ ഏററവും മനോഹരങ്ങളായി സഹൃദയലോകം ഇന്നും പുകഴ്ത്തിവരുന്ന ചില ഉത്തമകവിതകൾ ഈ സമാഹാരത്തെ അലങ്കരിയ്ക്കുന്നു. പുതുതായാവിഷ്കരിച്ച കാവ്യരീതിയുടെ പ്രത്യേകതകൾ വേർഡ്സ്‌വത്ത് ഭാവഗീതങ്ങൾക്കുള്ള അവതാരികയിൽ വിവരിക്കുകയുണ്ടായി. എളിയ ഗ്രാമീണജീവിതത്തിൻെറ മഹത്വം അദ്ദേഹം പ്രകീർത്തിച്ചു. കവിതയിൽ ഉപയോഗിക്കുന്ന ഭാഷ എതാണ്ട് നാട്ടിൻപുറത്ത് പ്രചാരമുള്ള ഭാഷയായിരിക്കണമെന്ന് പ്രസ്താവിക്കുകയും ചെയ്തു. ചുരുക്കത്തിൽ, ആ അവതാരിക പുതിയ ആംഗ്ലേയകവിതയുടെ ഒരു പ്രമാണപത്രികയായിരുന്നു.

1798-ൽ വേർഡ്സ്‌വത്ത് സഹോദരിയോടും കോളറിഡ്ജിനോടുംകൂടി ജർമ്മനിയിലേക്കു പോയി. അവിടെ 'ഗോസ്‌ലാർ' എന്ന സ്ഥലത്ത് ഹേമന്തകാലം കഴിച്ചപ്പോൾ അദ്ദേഹം ചില നല്ല കവിതകൾ എഴുതി. പ്രസിദ്ധിപെററ 'ലൂസി കവിതകൾ' ആ കൂട്ടത്തിൽ പെടുന്നു. 'റൂത്ത്'' എന്ന കാവ്യത്തിൽ വേർഡ്സ്‌വത്ത് തൻെറ യുവത്വത്തെത്തന്നെ ചിത്രീകരിച്ചു. 'പോയററ്സ് എപ്പിററാഫ്'' (കവിയുടെ ചരമലിഖിതം), 'നട്ടിംഗ്'' എന്നീ അഴകുററ കവിതകളും ഇക്കാലത്താണ് രചിയ്ക്കപ്പെട്ടത്. വേർഡ്സ്‌വത്തിൻെറ കാവ്യപ്രചോദനത്തിന് ശക്തി നല്കിയ ഒരു സംഭവമായിരുന്നു ഗോസ്‌ലാറിലെ ജീവിതം.

അടുത്തവർഷം, വേർഡ്സ്‌വത്ത് ഇംഗ്ലാണ്ടിലേക്കു മടങ്ങി; ഡൊറോത്തിയോടൊപ്പം ഗ്രാസ്‌മിയർ താഴ്വര

യിലുള്ള 'ഡോവ് കോട്ടേജി'ൽ താമസമാക്കി. ഹൃദയഹാരിയായിരുന്ന ആ താഴ്വര. അവിടെയുള്ള പ്രകൃതിവിലാസം വേർഡ്സ്വർത്തിൻെറ കവിഹൃദയത്തിൽ മാധുര്യം നിറച്ചു. ആ മാധുര്യം അനുവാചകൎക്കും പകൎന്നുകൊടുക്കാൻവേണ്ടി വേർഡ്സ്വത്ത് പുത്തൻ കവിതകൾ എഴുതി. ഹൃദയവീണയുടെ തന്ത്രികളിൽനിന്ന് പുറപ്പെട്ട മംഗളനികപാണങ്ങളായിരുന്നു അവ.

വേർഡ്സ്വത്തിൻെറ കവിതകൾ മാത്രമുൾപ്പെടുത്തിക്കൊണ്ട് 'ഭാവഗീത'ങ്ങളുടെ രണ്ടാം പതിപ്പ് 1800-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. മുൻപതിപ്പിലില്ലാത്ത പല കവിതകളും ഇതിൽ ചേൎത്തിരുന്നു.

**വിവാഹം** വേർഡ്സ്വത്തിൻെറ ധനസ്ഥിതി ഇതിനകം മെച്ചപ്പെട്ടുകഴിഞ്ഞിരുന്നു. വൈവാഹികജീവിതത്തിൻെറ ഉത്തരവാദിത്വങ്ങൾ ഏറെറടുക്കാൻ അതിനാൽ സാദ്ധ്യമായി. 1802-ൽ അദ്ദേഹം 'മേരി ഹച്ചിൻസൺ' എന്ന യുവതിയെ വിവാഹം ചെയ്തു. അനുഗൃഹീതമായിരുന്നു ആ ദാമ്പത്യം. ആദൎശാലിനിയായ ഒരു ഗൃഹനായികയും പ്രേമവതിയായ പത്നിയുമായിരുന്നു ഹച്ചിൻസൺ. പക്ഷെ വേർഡ്സ്വത്തിൻെറ ജീവിതം രൂപപ്പെടുത്തുന്നതിൽ ഡൊറോത്തിയ്ക്കോ കോളറിഡ്ജിനോ ഉണ്ടായിരുന്ന കഴിവ് അവൎക്ക് അവകാശപ്പെട്ടതല്ലായിരുന്നു.

1803-ൽ വേർഡ്സ്വത്ത് പ്രസിദ്ധീകരിച്ച ചില കവിതകൾ സാൎവ്വത്രികമായ സഹൃദയശ്ലാഘയാൎജ്ജിച്ചു. മധുരോദാരവും ചിലപ്പോൾ വിഷാദക്ലിന്നവുമായ ഗ്രാമീണജീവിതഭാവങ്ങൾ പകൎത്തുന്നവയായിരുന്നു ഇവ. 'അമൃതഗീതം' രചിയ്ക്കപ്പെട്ടതും ഇക്കാലത്താണ്.

1804-ൽ വേർഡ്സ്‌വർത്ത് സ്കോട്ട്ലാണ്ടിൽ പോകയും 'സ്കോട്ട്' എന്ന വിഖ്യാതനായ ആഖ്യായികാകാരനുമായി പരിചയപ്പെടുകയും ചെയ്തു. ആ രണ്ടു സാഹിത്യബന്ധുക്കളും നല്ല സുഹൃത്തുക്കളായിത്തീർന്നു. 1807-ൽ, പുത്തൻ കവിതകൾ രണ്ടു സമ്പുടങ്ങളിലായി വേർഡ്സ്‌വത്ത് പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

**ഹൃദയവ്യഥയുടെ കരിനിഴൽ**

ഇതിനിടയ്ക്കു് കവിയെ ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമുണ്ടായി. ഒരു നാവികനായിരുന്ന അദ്ദേഹത്തിൻെറ സഹോദരൻ ജോൎജ്ജ് കപ്പൽ തകന്നു 1805ൽ മൃതിയടഞ്ഞു. വേർഡ്സ്‌വത്തിൻെറ മൃദുലഹൃദയത്തിൽ അതൊരു കനത്ത ആഘാതമായിരുന്നു. അതുപോലെ തന്നെ വിഷാദഭരിതമായ മറെറാരു സംഭവം നടന്നു. എന്നും ഒപ്പം കാണപ്പെട്ട ഇരട്ടപ്രാവുകൾ—വേർഡ്സ്‌വത്തും കോളറിഡ്ജും—തമ്മിൽ അകന്നു. കറുപ്പിനും മദ്യത്തിനും അടിമപ്പെട്ടു് കോളറിഡ്ജ് അവശനായി. ഇതോടെ വേർഡ്സ്‌വത്തിൻെറ കാവ്യശക്തിയും ക്ഷയിച്ചുവന്നു. 1805-ൽ പോപ്പ് നെപ്പോളിയനെ ഫ്രാൻസിൽ കിരീടപതിയാക്കി വാഴിക്കുകയും വേർഡ്സ്‌വത്തിൻെറ വിപ്ലവാവേശം കെട്ടടങ്ങുകയും ചെയ്തപ്പോൾ തന്നെ കവിതയിൽ ഈ മാററം കാണാമായിരുന്നു. പിന്നീടെഴുതിയ കവിതകളിലെ ചില ഭാഗങ്ങളിൽ, പദ്യം ഗദ്യമായിത്തീൎന്നു. പ്രേമവും സന്തുഷ്ടിയും മാത്രം നന്മയിലേക്കു് വഴിതെളിയിക്കുമെന്ന കവിയുടെ വിശ്വാസത്തിന്നു് ഇളക്കം തട്ടി. നന്മയിലെത്തിച്ചേരാൻ ധൎമ്മകൎമ്മങ്ങൾക്കുള്ള പ്രാധാന്യത്തെ കവി ഊന്നിപ്പറഞ്ഞു. 'ഓഡ് ടു ഡ്യൂട്ടി' (ധൎമ്മഗീതം) എന്ന കവിതയിൽ കവി

യുടെ ഈ ആശയം അനുരണനംകൊള്ളുന്നതായി ക്കാണാം.

വേർഡ്സ്വർത്തിന്നു് ഇക്കാലത്തു് നാലു സന്താനങ്ങൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. ഡോവ് കോട്ടേജിൽ ആ കുടുംബത്തിന്നു് പാർക്കാൻ സ്ഥലം പോരാതായി. അതിനാൽ 1808-ൽ വേർഡ്സ്വർത്തു് 'അല്ലൻ ബാങ്കി'ൽ മാറിത്താമസിച്ചു. ഇവിടെ താമസിക്കുമ്പോഴാണു് വേർഡ്സ്വർത്തും കോളറിഡ്ജും തമ്മിൽ അകന്നുപിരിഞ്ഞതു്.

**സ്റ്റാമ്പു് വെണ്ടർ** 1813-ൽ വേർഡ്സ്വർത്തു് സപ്രവസതിയായ 'റൈഡൽ മൌണ്ടി'ലേക്കു് താമസം മാററി. ജീവിതശിഷ്ടം മുഴുവൻ അദ്ദേഹം ഇവിടെയാണു് കഴിച്ചതു്. 'ലോൺസ്ഡേയ്ൽ' പ്രഭുവിൻെറ സ്വാധീനശക്തി നിമിത്തം വെസ്റ്റ് മൂർലാണ്ടിൽ സ്റ്റാമ്പുവിതരണം നടത്താനുള്ള ഉദ്യോഗം അദ്ദേഹത്തിന്നു് ലഭിച്ചു. നന്നൂറു പവനായിരുന്നു പ്രതിമാസവേതനം.

1814-ൽ വേർഡ്സ്വർത്തു് സ്കോട്ട്ലാണ്ടിൽ വീണ്ടുമൊരു യാത്ര നടത്തി. അദമ്യപ്രേമത്തിൻെറ ഒരു പാഠമുൾക്കൊള്ളുന്ന 'ലയോഡാമിയ' എന്ന കരുണാത്മകകവിത ഇക്കൊല്ലമാണു് അദ്ദേഹം രചിച്ചതു്. 'എക്സ്കർഷൺ' എന്ന കവിതയും വേർഡ്സ്വർത്തു് ഇക്കൊല്ലം പ്രസിദ്ധപ്പെടുത്തി.

ഒരുത്തമകവിയെന്ന നിലയ്ക്കു് വേർഡ്സ്വർത്തു് ഇതിനകം സഹൃദയസമ്മതി സമ്പാദിച്ചുകഴിഞ്ഞിരുന്നു. നിശിതനിരൂപണങ്ങൾ നടത്തിയവരുടെ നിലപാടു് മാറി. ചില കവിതകളിൽ—പ്രകൃതി വർണ്ണനകളിലും

THE KOTTAYAM PUBLIC LIBRARY KOTTAYAM No. 8282

ഗീതകങ്ങളിലും മററും—വേർഡ്സ്വത്ത് അസാധാരണമായ പ്രതിഭാവിലാസം ചൊരിഞ്ഞു; ഭാവനകളുടെയും ഭാവങ്ങളുടെയും പരകോടികളിലേക്ക് അനുവാചകരെ നയിച്ചു. എന്നാൽ മററു ചില കവിതകളിൽ അദ്ദേഹം ഗദ്യാത്മകതയും വിരസതയും കാണിച്ചു. ഈ ന്യൂനതയായിരുന്നു അദ്ദേഹത്തെ ഒരു മഹാകവിയായി പരക്കെ അംഗീകരിക്കുവാൻ കാലവിളംബം വരുത്തിയത്. ഒടുവിൽ, സഹൃദയലോകം അദ്ദേഹത്തിൻെറ സൎഗ്ഗശക്തിയും യഥാൎത്ഥയോഗ്യതയും മനസ്സിലാക്കി ഒരു പ്രശസ്ത കവിയായിത്തന്നെ അദ്ദേഹത്തെ അംഗീകരിച്ചു.

**ജീവിത സായാഹ്നത്തിൽ**

അങ്ങിനെ വേർഡ്സ്വത്ത് ജീവിതസായാഹ്നത്തിലേക്ക് പ്രവേശിച്ചു. കൃതാൎത്ഥത നിറഞ്ഞ ഇക്കാലത്ത് അദ്ദേഹത്തിന്ന് അനേകം സുഹൃത്തുക്കളും ആരാധകന്മാരുമുണ്ടായിരുന്നു. ആ കവിയുടെ ആരാധകനായ ഒരു സഹൃദയനായിരുന്നു 'ബ്യൂമോണ്ട്'. തൻെറ സാഹിത്യപ്രവൎത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് വേർഡ്സ്വർത്ത് അദ്ദേഹത്തിന്ന് പലപ്പൊഴും എഴുതി. 'കീററ്സ്' എന്ന കവിയായിരുന്നു മറെറാരു സ്നേഹിതൻ. വേർഡ്സ്വത്തിൻെറ കവിതാനൈപുണ്യത്തെ അദ്ദേഹം അഭിനന്ദിക്കുകയും ആദരിക്കുകയും ചെയ്തു. വേറൊരു സഹൃദയനായ 'റോജേർസ്' കവിയ്ക്കു് പല വിധത്തിലും ഉപകരിച്ചു. ഉത്തമമിത്രമായ 'സർഹെൻറി ടേയ്ലർ' പല പ്രശസ്തൎക്കും വേർഡ്സ്വത്തിനെ പരിചയപ്പെടുത്തി. 'ക്രബ് റോബിൻസൺ' എന്ന സാഹിത്യപ്രേമി ഒരു ശിഷ്യനെന്നപോലെ വേഡ്സ്വത്തിനെ അനുഗമിച്ചു. 'കെബ്ല'രുടെ പെരുമാററം ആദരാഭരിതമായിരുന്നു. ഈ മാന്യന്മാരുടെയെല്ലാം ശ്രദ്ധാദരങ്ങൾ

ദവർഡ്സ്വത്തിനു് വലിയ ചാരിതാർത്ഥ്യം നൽകി. പല പ്രമുഖവ്യക്തികളും അദ്ദേഹത്തിൻെറ പരിചയം അഭിലഷിച്ചു് അങ്ങോട്ടുചെന്നു. അമേരിക്കയിലെ പണ്ഡിതവരേണ്യനായ എമേർസണും മററും അവരിൽ പെട്ടവരായിരുന്നു.

വേർഡ്സ്വത്തു് ചില കവിതകൾകൂടി തുടർന്നു പ്രസിദ്ധപ്പെടുത്തിയെങ്കിലും അവ മുൻകവിതകളെപ്പോലെ ആകർഷകങ്ങളോ ആവേശജനകങ്ങളോ ആയിരുന്നില്ല. അദ്ദേഹത്തിൻെറ കാവ്യപ്രതിഭ മെല്ലെ മങ്ങുകയായിരുന്നു. ഒരു കവിയ്ക്കു പകരം ഒരു പ്രചാരകനോ ഉപദേശകനോ ആണു് ആ കവിതകളിൽ പ്രത്യക്ഷപ്പെട്ടതു്.

1831-ൽ വേർഡ്സ്വത്തു് സ്കോട്ടിനെ ഒരിയ്ക്കൽ കൂടി ചെന്നുകണ്ടു. ആ രണ്ടു സാഹിത്യനായകന്മാരും തമ്മിലുള്ള അവസാനത്തെ കൂടിക്കാഴ്ചയായിരുന്നു അതു്.

പല വിദ്യാരംഗങ്ങളിലും വേർഡ്സ്വത്തു് മാനിതനായി. 1838-ൽ ഡർഹാം സർവ്വകാലാശാലയും അടുത്തവർഷം ഓക്സ്ഫോർഡ് സർവ്വകലാശാലയും ഡി. സി. എൽ. ബിരുദം നല്കി അദ്ദേഹത്തെ ആദരിച്ചു. മൂന്നു വർഷങ്ങൾക്കുശേഷം വേർഡ്സ്വത്തു് തൻെറ ഉദ്യോഗം രാജികൊടുത്തു; അദ്ദേഹത്തിൻെറ മകൻ പകരം നിയമിതനായി. അധികൃതർ വേർഡ്സ്വത്തിനു് മുന്നൂറുപവൻ സിവിൽ പെൻഷനായി അനുവദിക്കുകയും ചെയ്തു.

**ആസ്ഥാനകവി** ഇംഗ്ലണ്ടിലെ ആസ്ഥാനകവിയായ 'റോബർട്ട് സതേ' 1843ൽ അന്തരിച്ചു. ആ സ്ഥാനത്തു് വേർഡ്സ്വർത്താണു്

ആസ്ഥാനകവിയായി നിയമിക്കപ്പെട്ടതു്. അങ്ങിനെ അദ്ദേഹത്തിൻെറ കവിയോഗ്യതയ്ക്കു് ഔദ്യോഗികാംഗീകരണം മകുടം ചാത്തി. തുടൎന്നുള്ള വേർഡ്സ്വത്തിന്റെ ജീവിതം പ്രശാന്തവും വിശ്രമാത്മകവുമായിരുന്നു. സുഹൃന്മണ്ഡലങ്ങളിൽ അദ്ദേഹം പ്രസന്നനായി കാലം കഴിച്ചു. 1850-ലെ വസന്തത്തിൽ അദ്ദേഹം ഇഹലോകത്തോടു് വിടവാങ്ങി. ബാല്യകാലത്തു് ഒരു ചിത്രശലഭത്തെപ്പോലെ സ്വച്ഛന്ദവിഹാരം നടത്തിയ ഗ്രാസ്മിയറിലെ പള്ളിവളപ്പിലാണു്, പ്രകൃതിയിലും മനുഷ്യനിലും പ്രേമം പൊഴിച്ച ആ കവിയുടെ ജഡം സംസ്കരിയ്ക്കപ്പെട്ടതു്.

## വേർഡ്സ്വർത്തിൻെറ കവിത

**നാലു ജീവിതഘട്ടങ്ങൾ** വേർഡ്സ്വത്തിൻെറ ജീവിതം നാലു ഘട്ടങ്ങളിലായി വിഭജിക്കാം. പ്രകൃതിവിലാസം അനുഗ്രഹിച്ച പരിതഃസ്ഥിതികളിൽ വളൎന്നും വിദ്യ അഭ്യസിച്ചും കഴിച്ച ഒന്നാമത്തെ ഘട്ടം; യുവത്വത്തിൻെറ ആവേശത്തിൽ ഫ്രഞ്ചു് വിപ്ലവത്തിൻെറ ആരാധകനായിമാറിയ രണ്ടാമത്തെ ഘട്ടം; വിപ്ലവഫലങ്ങളിൽ നിരാശാഭരിതനായി മനസ്സിനുപററിയ വ്രണങ്ങൾ ഉണക്കാൻവേണ്ടി വീണ്ടും പ്രകൃതിയെയും കവിതയെയും ആശ്രയിച്ചു് ആശ്വാസംനേടിയ തൃതീയഘട്ടം; ഉത്തമകവിയ്ക്കുള്ള പ്രശസ്തിയിൽ സംതൃപ്തനായി ജീവിതസായാഹ്നത്തിൽ പ്രവേശിച്ച ചതുത്ഥഘട്ടം. കവിതയെ സംബന്ധിച്ചേടത്തോളം പ്രാധാന്യമാർജ്ജിച്ചതു് തൃതീയഘട്ടമാണു്; അതിൽതന്നെ 1797 മുതൽ 1807 വരെയുള്ള ദശവഷങ്ങൾ പ്രത്യേകം പ്രാമുഖ്യമുള്ളവയും. ഈ ദശകത്തിലാണു് വേർഡ്സ്

വത്ത് അദ്ദേഹത്തിൻെറ ഏററവും നല്ല കവിതകൾ എഴുതിയതു്. ഒടുക്കത്തെ ഘട്ടത്തിലാകട്ടെ വേർഡ്സ്വത്തിലുള്ള കവി അന്തരിച്ചുകഴിഞ്ഞിരുന്നു. ആ പേരിൽ ഒരു വൃദ്ധൻ മാത്രമെ അവശേഷിച്ചുള്ളൂ.

**ആദ്യകൃതി** പ്രകൃതിദൃശ്യങ്ങളോടു് വേർഡ്സ്വത്തിനുണ്ടായിരുന്ന പ്രേമമാണ് അദ്ദേഹത്തിൻെറ പ്രഥമകൃതിയ്ക്കുതന്നെ പ്രചോദനം നല്കിയതു്. ആല്പ്സ് യാത്രയുടെയും ഒരു സായാഹ്നസഞ്ചാരത്തിൻെറയും വിവരണമായിരുന്നു അതിലെ പ്രതിപാദ്യം. അക്കാലത്തു് വേർഡ്സ്വത്തു് എഴുതിയ പല കവിതകളിലും ഒരു വിഷാദച്ഛായ പരന്നിരുന്നു. പ്രേമനൈരാശ്യമോ കുടുംബത്തിലുള്ള അസുഖമോ ആയിരിക്കാം അതിന്നു കാരണമെന്നു് ചില നിരൂപകന്മാർ ഊഹിച്ചിട്ടുണ്ടു്. പുസ്തകം പ്രസിദ്ധീകരിച്ചതിനെ തുടൎന്നാണ് വേർഡ്സ്വർത്തു് വിപ്ലവരംഗമായ ഫ്രാൻസിലേക്കു് പോയതു്. അനുവാചകലോകം പുസ്തകത്തിന്നു് ഹാൎദ്ദമായ ഒരു സ്വീകരണമല്ല നല്കിയതെന്നു് അദ്ദേഹം അവിടെവെച്ചു് മനസ്സിലാക്കി. വാസ്തവത്തിൽ, ആ പ്രസിദ്ധീകരണം സഹൃദയരുടെ യാതൊരു ശ്രദ്ധയും ആകൎഷിച്ചില്ലെന്നു പറയാം.

**ഭാവഗീതങ്ങൾ** 'റേയ്സ്ഡൌൺ ലോഡ്ജി'ൽ താമസമാക്കിയതോടുകൂടി, ഗൌരവപൂൎവ്വം കാവ്യനിൎമ്മാണത്തിൽ പരിശ്രമിക്കാൻ വേർഡ്സ്വത്തു് തീരുമാനിച്ചു. കൃത്രിമനിയമങ്ങളിൽ അസ്വതന്ത്രമായിക്കിടന്ന അന്നത്തെ കവിതയ്ക്കു് ഒരു പുത്തൻ പ്രമാണപത്രവും വിമോചനവും നല്കാൻ വേഡ്സ്വത്തും കോളറിഡ്ജും ആലോചിച്ചൊരുങ്ങിയ കഥ മുമ്പു്

പറഞ്ഞിട്ടുണ്ടല്ലൊ. 1797-ലാണ് ആ നവോദ്യമം ആസൂത്രണം ചെയ്യപ്പെട്ടത്. അതിൻെറ ഫലമായി ഭാവഗീതങ്ങളുടെ ഒരു സമാഹാരം—ലിറിക്കൽ ബേലഡ്—1798-ൽ പ്രസിദ്ധീകൃതമായി.

വിഷയസ്വീകരണം, പ്രതിപാദനം, ആശയാസൂത്രണം, ഭാഷ എന്നിവയിൽ—ചുരുക്കത്തിൽ, രൂപത്തിലും ഭാവത്തിലും—പുത്തൻ കവിത ആവിഷ്കരിക്കുന്ന തത്വപ്രമാണങ്ങളെ വേർഡ്സ്വർത്ത് ഈ സമാഹാരത്തിൻെറ അവതാരികയിൽ വിവരിച്ചു. നിരൂപകരുടെ രൂക്ഷസ്വരത്തിലുള്ള ആക്ഷേപങ്ങൾക്കും പരിഹാസങ്ങൾക്കുപോലും ആ പ്രസിദ്ധീകരണം ശരവ്യമായി. അതിലെ പല കവിതകളും ബാലിശങ്ങളാണെന്ന് അധിക്ഷേപിയ്ക്കപ്പെട്ടു. ചില നിരൂപകന്മാർ അരിശം മുഴുത്തു അലറി എന്നുതന്നെ പറയാം. അത്യന്തം ക്ഷമയോടും വിനയത്തോടുംകൂടി ഈ ആക്ഷേപങ്ങൾ സഹിച്ചുനിന്ന വേർഡ്സ്വത്തിൻെറ മനക്കരുത്ത് അത്ഭുതാവഹമായിരുന്നു. തൻെറ കാഴ്ചപ്പാടും നിഗമനങ്ങളും സത്യാത്മകങ്ങളാണെന്ന ആത്മവിശ്വാസത്തിൽ അദ്ദേഹം ഉറച്ചുനിന്നു; അതിൽ പതറാതെ പൂർണ്ണമായ ആജ്ഞവബോധം പുലർത്തി. വ്രണിതാത്മാക്കൾക്ക് തൻെറ കവിതകൾ ആനന്ദവും ആശ്വാസവും പകർന്നുകൊടുക്കുമെന്നും കാവ്യഭാവിയെച്ചൊല്ലി അതിനാൽ ആശങ്കക്കവകാശമില്ലെന്നും വേർഡ്സ്വത്ത് ചില സുഹൃത്തുക്കൾക്കെഴുതിയ കത്തുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. നിശിതവും ഹാസലോലുപവുമായ നിരൂപണങ്ങളിൽ അക്ഷോഭ്യനായി എല്ലാം സഹിച്ചുനിന്ന അദ്ദേഹത്തെ അഭിനന്ദിക്കുകതന്നെ വേണം. കീററ്സ് മുതലായ മററു ചില കവികൾ നിരൂപകരുടെ ആക്ഷേപമേററപ്പോൾ വാടി

ത്തളന്നതോത്താൽ ഈ അഭിനന്ദനത്തിനുള്ള അർഹത അധികരിയ്ക്കുന്നതേയുള്ളു.

**പുത്തൻ കവിതയുടെ പ്രത്യേകതകൾ**

വേർഡ്സ്‌വത്തിൻെറ കവിതകൾ അതുവരെ പ്രചാരത്തിലിരുന്ന കവിതകളിൽനിന്നു പ്രകടമായും വ്യത്യാസപ്പെട്ടിരുന്നു. വികാരരോദ്ദീപകങ്ങളല്ലാത്ത വർണ്ണനകളിലും ബുദ്ധിപരമായ കണിശതകളിലും കിടന്നുഴന്ന ആംഗ്ലേയകവിതയ്ക്കു് വികാരങ്ങളുടെ ചൂടും ആവേശവും നല്കിയ ആദ്യത്തെകവി വേഡ്സ്‌വത്തായിരുന്നു. ആഹ്ലാദമാണ് അദ്ദേഹത്തിൻെറ കാവ്യസന്ദേശം. അദ്ദേഹത്തിൻെറ കവിതകളിൽ ആഹ്ലാദം അലതല്ലി. വികാരതീവ്രതയോടൊപ്പം വിശുദ്ധശാന്തി — ശതക്കണക്കിലുള്ള ഉത്തമകവിതകളിൽക്കൂടി അതാണ് അദ്ദേഹം അനുവാചകൎക്ക് സമ്മാനിച്ചതു്.

ആഹ്ലാദത്തിൻെറ പാവനസൌഭാഗ്യം അദ്ദേഹത്തിന്നു് എങ്ങനെ കവിതകളിൽ പകൎത്തുവാൻ സാധിച്ചു? ഒന്നാമതായി, പ്രകൃതിയോടുള്ള ആരാധനാത്മകമായ നിരന്തരസമ്പൎക്കംകൊണ്ടു്; രണ്ടാമതായി, ജീവരസ്സോടെ തുടിക്കുന്ന സാധാരണ മനുഷ്യരിലെ താല്പര്യംകൊണ്ടു്; മൂന്നാമതായി, അകൃത്രിമസുഭഗമായ പ്രതിപാദനവൈഭവംകൊണ്ടു്. ഇവ കൂടുതൽ വിശദീകരിക്കാം.

ജീവിതത്തിലെ ആദ്യഘട്ടം മുതല്ക്കുതന്നെ പ്രകൃതിവിലാസം വേർഡ്സ്‌വത്തിനെ ആകൎഷിച്ചിരുന്നു. അക്കാലങ്ങളിൽ ഇന്ദ്രിയതൎപ്പണാത്മകമായാണ് അതനുഭവപ്പെട്ടതു്. ഇന്ദ്രിയങ്ങൾക്കു് സുഖാവഹമായ പ്രകൃതിദൃശ്യങ്ങളുടെ ആസ്വാദ്യത അദ്ദേഹം 'പ്രിലൂഡി'ൽ വ്യക്തമായി രേഖപ്പെടുത്തിട്ടുണ്ടു്. പിന്നീടു് ഈ ആകൎഷണം

ബാഹ്യസൌന്ദൎയ്യത്തിൻെറ ആസ്വാദനത്തിൽ മാത്രം ഒതു ങ്ങിനിന്നില്ല. അതിന്നു് അന്തൎമ്മുഖത്വം കൂടിയുണ്ടായി. മനുഷ്യനെ അനേകം അനൎഘപാഠങ്ങൾ പഠിപ്പിയ്ക്കുന്ന വാത്സല്യവതിയായ മാതാവാണു് പ്രകൃതിയെന്നു് വേഡ്സ്വൎത്തു് മനസ്സിലാക്കി; ആത്മീയവും ധാൎമ്മികവുമായ എല്ലാ പ്രചോദനങ്ങൾക്കുമുള്ള ഉറവിടമായി ആ കവി പ്രകൃതിയെ കരുതി. പ്രകൃതിതന്നെയായിരുന്നു അദ്ദേഹ ത്തിൻെറ ഈശ്വരൻ. പ്രകൃതിയുടെ സൌന്ദൎയ്യവും പ്രഭാവവും പ്രകീൎത്തിയ്ക്കുന്നതിൽ അദ്ദേഹത്തിന്നു് ഒരി ക്കലും അലംഭാവമുണ്ടായില്ല. പ്രകൃതിദൃശ്യങ്ങളിൽ സ ന്തോഷം മാത്രമല്ല, അഗാധമായ ആന്തരാനന്ദവും മന ശ്ശാന്തിയും ഐശ്വരഭാവങ്ങളും അദ്ദേഹത്തിന്നു് അനുഭ വപ്പെട്ടു. പ്രകൃതിവൎണ്ണനകൾ ഈ അനുഭവങ്ങളെ ഉൾ ക്കൊണ്ടു. അതിലാണു് അവ പൂൎവ്വകവികളുടെ വൎണ്ണന കളുമായി വ്യത്യാസപ്പെട്ടുനിന്നതു്. അനുഭവങ്ങളുടെ ചൂടും സുഖവും ഉള്ളവയായിത്തീൎന്നു വേഡ്സ്വൎത്തിന്റെ വൎണ്ണ നകൾ. ഉദാഹരണത്തിനുവേണ്ടി ചില കവിതാഭാഗ ങ്ങൾ ഗദ്യരൂപത്തിൽ ഉദ്ധരിക്കാം:—"ഇന്നു് മാൎച്ചു് മാസത്തിലെ ശാന്തസുഭഗമായ ആദ്യദിനമാണു്. ഓരോ നിമിഷവും മുമ്പു് കഴിഞ്ഞതിനേക്കാൾ മധുരതരമായിരി ക്കുന്നു. ഞങ്ങളുടെ ഗൃഹത്തിന്നു് തൊട്ടടുത്തുനിൽക്കുന്ന ഉയരം കൂടിയ 'ലാച്ചു്' മരത്തിൽനിന്നു 'റെഡ് ബ്രെസ്റ്റ്' പക്ഷി പാടുന്നു. അന്തരീക്ഷത്തിലാകെ ഒരനുഗ്രഹാത്മ കത തങ്ങിനില്ക്കുന്നു. ആ അനുഗൃഹീതാവസ്ഥയിൽ, നഗ്നങ്ങളായ ഈ വൃക്ഷങ്ങൾക്കും കുന്നുകൾക്കും പച്ചപി ടിച്ച പാടങ്ങളിലെ പുല്ക്കൊടികൾക്കും വഴങ്ങിക്കൊടു ക്കുന്നതു് ഒരാനന്ദബോധമെന്നപോലെ തോന്നുന്നു." മറെറാരുദാഹരണമിതാ:—"പുതിയൊരുണൎവ്വു നല്കുന്ന,

പ്രശാന്തി വിരിയുന്ന, ശോഭയിൽ പർവ്വതത്തലപ്പിന്നുമേലെ നില്ക്കുന്ന സൂര്യൻ സായങ്കാലത്തുള്ള ആദ്യത്തെ മധുരമായ മഞ്ഞനിറം നീണ്ട പച്ചപ്പാടങ്ങളിലെങ്ങും പരത്തിക്കഴിഞ്ഞു.

പുസ്തകങ്ങൾ!—അവയുമായി മല്ലടിക്കുന്നതു് അന്തമററ ഒരു വിരസജോലിയാണ്. വരൂ, വൃക്ഷങ്ങളിൽ വിഹരിയ്ക്കുന്ന ആ 'ലിന്നററ്' പക്ഷി പാടുന്നതു് കേൾക്കൂ. അവൻെറ സംഗീതം എത്ര മധുരദമറിയതാണ്! ഞാൻ എൻെറ ജീവനെപ്പിടിച്ചാണയിടുന്നു, അതിൽ എത്രയോ കൂടുതൽ വിജ്ഞാനമുണ്ടു്.

മനുഷ്യനെയും സദാചാരബോധത്തെയും നന്മതിന്മകളെയും കുറിച്ചു്, എല്ലാ മഹർഷിമാർക്കും പഠിപ്പിക്കാൻ കഴിയുന്നതിലേറെ, വാസന്തവൃക്ഷങ്ങളിൽനിന്നുള്ള ഒരൊററ പ്രചോദനത്തിന്നു് നിങ്ങളെ പഠിപ്പിക്കാൻ സാധിക്കും."

പുസ്തകങ്ങളിൽനിന്നും ഗുരുനാഥന്മാരിൽനിന്നും ലഭിക്കുന്ന അറിവിനെക്കാൾ പ്രകൃതിപാഠങ്ങൾ മഹത്തും വിശിഷ്ടവുമായ വിജ്ഞാനം നല്കുന്നുവെന്ന ചിന്ത യുക്തിവികലമായി ചിലർ ആക്ഷേപിച്ചേക്കാം. എന്നാൽ, കവിയ്ക്കു് അതിലുള്ള വിശ്വാസം സുദൃഢമാണ്. അദ്ദേഹത്തിൻെറ ആത്മാർത്ഥത അനുവാചകഹൃദയങ്ങളിൽ വ്യക്തമായി പതിയുന്നു.

പ്രകൃത്യനുസൃതമായ ജീവിതമായിരുന്നു വേർഡ്സ്വത്തിൻെറ ആദർശം. പ്രകൃതിയുമായി ഒരിയ്ക്കലും കലഹത്തിനൊരുങ്ങാതെ സ്വച്ഛന്ദം മധുരഗീതം പൊഴിക്കുന്ന പക്ഷികളുടെ സൌന്ദര്യത്തെയും സ്വാതന്ത്ര്യത്തെയും അദ്ദേഹം പുകഴ്ത്തി. നിപുണമായ നിരീക്ഷണം; വിചാരത്തിലും അനുഭൂതികളിലും വികാരത്തിലുംകൂടി വള

ന്ന പ്രചോദനങ്ങൾ—ഇവവഴിയായി കവിയ്ക്കു് പ്രകൃതി ജീവിതത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു.

**മാനുഷിക താല്പര്യം**

പ്രകൃതിയിൽ മാത്രമല്ല, വേഡ്സ്‌വത്തിന്റെ കവിതകൾക്കു് താല്പര്യമുണ്ടായിരുന്നതു്. അങ്ങിനെ മാത്രമായിരുന്നെങ്കിൽ മനുഷ്യഹൃദയത്തിൽ അതിനു് അവിസ്മരണീയമായ മാന്യസ്ഥാനം ലഭിക്കുമായിരുന്നില്ല. മനുഷ്യനിലും കവിയ്ക്കു് അതിയായ താല്പര്യമുണ്ടായിരുന്നു. "മാനുഷ്യകത്തിന്റെ നിശ്ശബ്ദവും വിഷാദഭരിതവുമായ സംഗീതം" അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചു; ഹൃദയത്തെ ആർദ്രമാക്കി. ഭാവനയുടെ ശോഭകൾ തട്ടിത്തിളങ്ങുമ്പോൾ മനുഷ്യസ്നേഹത്തിന്റെ നീരുറവുകൾ വേഡ്സ്‌വത്തിന്റെ കവിതകളെ സ്നിഗ്ദ്ധവിദമോഹനങ്ങളാക്കി. സ്വന്തം വികാരങ്ങൾ മനുഷ്യലോകത്തിന്റെ വികാരങ്ങളിലാഴ്ത്തി നിറം പിടിപ്പിക്കുവാൻ അദ്ദേഹത്തിന്നു് സാധിച്ചു. നാനാതരങ്ങളിലും, പ്രായങ്ങളിലും ജീവിതവൃത്തികളിലുമുള്ളവരെ വേർഡ്സ്‌വത്തു് കാവ്യരംഗത്തിൽ ആനയിച്ചു. അതിലും അദ്ദേഹം പുതുമയുടെ തനതായ വ്യക്തിമുദ്ര ചാർത്തി. ഉയൎന്ന ജീവിതമണ്ഡലങ്ങളിലുള്ളവരെയല്ല, എളിയ ജീവിതരംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ അദ്ദേഹം കാവ്യങ്ങളിൽ അവതരിപ്പിച്ചു. നാം എന്നും കണ്ടുപരിചയിച്ച സാധാരണക്കാരെയും അവരുടെ അനുഭവങ്ങളെയും വിചാരവികാരങ്ങളെയുമാണു് അദ്ദേഹം അധികമായും ചിത്രീകരിച്ചതു്. പരിഷ്ക്കാരത്തിൽ ദൂഷിക്കാത്ത ദരിദ്രപ്പുരിഷകളുടെ ആഹ്ലാദങ്ങളും വിഷാദങ്ങളും, ആഘോഷങ്ങളും ആവേശങ്ങളും, സ്നേഹങ്ങളും മോഹങ്ങളും, അനുഭവങ്ങളും അന്ധവിശ്വാസങ്ങളും അദ്ദേഹം സമർത്ഥമായും സത്യാത്മകമായും

കവിതകളിൽ പകൎത്തി. ഈ എളിയ മനുഷ്യൎക്കു് ബുദ്ധിപരമായ പ്രഭാവമോ പ്രതാപമോ ഉണ്ടായിരുന്നില്ല. എങ്കിലും ഐതിഹാസികപാത്രങ്ങളായ ആച്ചിലസ്സിനെയും ഹാംലററിനെയും പോലെതന്നെ അവരെയും അവരുടെ കഥകളെയും പ്രാധാന്യമുള്ളതായിക്കാണുവാൻ കവിദൎശനത്തിന്നു് സാധിച്ചു. അതായിരുന്നു കവിയുടെ മാനുഷികതാല്പൎയ്യത്തിനുള്ള പ്രത്യേകത. വേൎഡ്സ്‌വൎത്തിന്റെ കവിതകളിൽക്കൂടി ആ എളിയ മനുഷ്യൎക്കു് ശാശ്വതത്ത്വം സിദ്ധിച്ചു.

അവരുടെ ജീവിതതാല്പൎയ്യങ്ങൾ വേൎഡ്സ്‌വൎത്തിനെ ആകൎഷിച്ചതിന്നു് കാരണമില്ലായ്കയല്ല. അവ കൃത്രിമത്വത്തിൽനിന്നകന്നിരുന്നു; യുക്തികാലുഷ്യത്തിൻെറയും വ്യാപാരതാല്പൎയ്യങ്ങളുടെയും മൎദ്ദനത്തിൽപെട്ടു് അവ ഞെരുങ്ങിയില്ല. അവർ പരിഷ്കാരത്തിൻെറ മറകൊണ്ടു് മുഖം മറയ്ക്കാത്തവരായിരുന്നു. അതിനാൽതന്നെ അവർ പ്രകൃതിയുമായി കൂടുതൽ അടുപ്പം സമ്പാദിച്ചു. പ്രകൃതിയിലെന്നപോലെ കവിതയിലും അവൎക്കു് യുക്തമായ സ്ഥാനവും ബന്ധവും കല്പിച്ചുകൊടുത്ത കവി സത്യസന്ധമായ നീതിബോധത്തിന്നു് വഴങ്ങിയാണു് അങ്ങിനെ ചെയ്തതു്. അവരുടെ ജീവിതസംഭവങ്ങളും ചേതോവികാരങ്ങളും അദ്ദേഹത്തിന്റെ കവിതയ്ക്കു് നിറംചാൎത്തി. നിസൎഗ്ഗസ്നേഹബന്ധങ്ങൾ—അമ്മയും മകനും, സഹോദരനും സഹോദരനും, അച്ഛനും മക്കളും തമ്മിലുള്ള സ്നേഹബന്ധങ്ങൾ; ആട്ടിടയരുടെയും നാട്ടിമ്പുറങ്ങളിലുള്ള മററു ജനവിഭാഗങ്ങളുടെയും ജീവിതം—ഇവയെ അധികരിച്ചാണു് അദ്ദേഹം മിക്കകവിതകളും രചിച്ചതു്. ഗ്രാമീണജീവിതവും സാധാരണന്മാരുടെ സരളവികാരങ്ങളും കവിഹൃദയത്തിൽ ആഹ്ലാദവീചികളുയൎത്തി. ചന്ദ്രനും

നക്ഷത്രങ്ങളും; കുന്നുകളും നദികളും; പക്ഷികളും പുഷ്പങ്ങളും; മഴവില്ലും മേഘങ്ങളും— പ്രകൃതിയിലെ ആഹ്ലാദകരങ്ങളായ ഇത്തരം കാഴ്ചകൾപോലെതന്നെ, പ്രകൃതിനിയമങ്ങളെ ആദരിച്ച് പ്രകൃത്യനുസൃതമായി ജീവിച്ചാൽ, മനുഷ്യജീവിതവും ആനന്ദതുന്ദിലമാകുമെന്ന് വേർഡ്സ്വത്ത് വിശ്വസിച്ചു. പ്രകൃതിയിലെ ആഹ്ലാദം ജീവിതത്തിൽ പകർത്താനുള്ള എളിയ രീതികൾ പ്രകൃതിയിൽനിന്നുതന്നെ പഠിയ്ക്കണമെന്ന് കവി ഉദ്ബോധിപ്പിച്ചു. ആദരവ്, പ്രേമം, വിശ്വാസം എന്നീ നിസർഗ്ഗവികാരങ്ങൾ അവലംബിച്ചാൽ ജീവിതാഹ്ലാദം കൈവരുത്താമെന്നാണ് വേർഡ്സ്വത്തിൻെറ സന്ദേശം. പ്രകൃതിപ്രേമം മനുഷ്യപ്രേമമായി മാറിയതിലുള്ള ക്രമപുരോഗതി അദ്ദേഹത്തിൻെറ കവിതകളിൽ കാണാം. സ്നേഹബന്ധങ്ങൾ വളരെ ആദരിച്ചുപോന്ന ഹൃദയാലുവായിരുന്നു വേർഡ്സ്വത്ത്. സഹോദരിയോടും സന്താനങ്ങളോടും സുഹൃത്തുക്കളോടും മററും അദ്ദേഹത്തിനുള്ള സ്നേഹവികാരം തീവ്രമായിരുന്നു. ആ വിശുദ്ധസ്നേഹത്തിന്നാണ് അദ്ദേഹം കവിതകളിൽക്കൂടി രൂപം നൽകിയതു്. ദേശാഭിമാനോദ്ദീപകങ്ങളായ വേർഡ്സ്വത്തിൻെറ കവിതകൾപോലും യുദ്ധവിജയങ്ങളെ കീർത്തിക്കുന്നവയല്ല; മനുഷ്യഹൃദയത്തെയും ഹൃദയാകാംക്ഷകളെയും സഹിഷ്ണുതയെയുംപററി പ്രതിപാദിയ്ക്കുന്നവയത്രെ. വേർഡ്സ്വത്ത് മനുഷ്യത്വത്തിൻെറ കവിയാണ്; അദ്ദേഹത്തിൻെറ കവിത മനുഷ്യഹൃദയത്തിൻെറ കവിതയും. പ്രകൃതിനിയമവും മനുഷ്യഹൃദയത്തിൻെറ നിയമവും തമ്മിൽ ഇണങ്ങിനില്ക്കുന്നതായി ആ കവിതകൾ പ്രഖ്യാപിച്ചു. വസ്തുക്കളുടെ യാഥാർത്ഥ്യം കാണുന്ന കവിദൃഷ്ടികൊണ്ടു് പ്രകൃതിനിയമം പ്രേമനിയമമാണെന്നും അദ്ദേ

ഹം കണ്ടു. മനുഷ്യപ്രകൃതിയിലാകട്ടെ അതിനു് 'ധമ്മ'മെന്നാണു് പേർ. അവസാനവിശകലനത്തിൽ, ഈ ധമ്മനിയമമെന്താണു്?—പ്രേമനിയമം തന്നെ. അതിനാൽ കവി ഇങ്ങിനെ പാടി:—"പ്രേമം തെററുപററാത്ത ഒരു വെളിച്ചവും ആഹ്ലാദം സ്വയം അതിന്നുള്ള രക്ഷയുമായിത്തീരുമ്പോൾ മനുഷ്യൻെറ ജീവിതദിനങ്ങൾ ശാന്തമോഹനവും മനുഷ്യപ്രകൃതി പ്രസന്നവും സുഖാവഹവുമായി പരിണമിയ്ക്കും." ഒരു കവിയെന്ന നിലയ്ക്കു് അതാണു് വേർഡ്സ്വത്തിൻെറ പ്രവചനം. പ്രേമം, ആഹ്ലാദം, പ്രശാന്തി—ഇവയാണു് അദ്ദേഹത്തിൻെറ കാവ്യപാഠങ്ങൾ. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ബാഹ്യപ്രകൃതിയും മനുഷ്യപ്രകൃതിയും ഒരുപോലെ ഈ പാഠങ്ങളുടെ ഉത്തേജനങ്ങളാണു്.

**നമ്മബോധം** വേർഡ്സ്വത്തിൻെറ കവിതകളിൽ നമ്മബോധം കുറവാണെന്ന ഒരു ന്യൂനത ചില നിരൂപകന്മാർ പൊക്കിക്കാട്ടാറുണ്ടു്. പ്രകൃതിയോടു്, മനുഷ്യാത്മാവിനോടു്, ഇത്രയും അനുഭാവമാജ്ജിച്ച, പ്രേമത്തിൻെറയും സന്തുഷ്ടിയുടെയും സന്ദേശവാഹകനായ കവിയ്ക്കു് അതൊരു ന്യൂനതയായിക്കരുതേണ്ടതില്ല. വിശാലമായ വിശ്വപ്രേമവും മനുഷ്യപ്രേമവുമാണു് കവിയുടെ ഹൃദയത്തിൽ പൂത്തുനിന്നതും കവിതകളിൽ നിറഞ്ഞുകാണ്ടതും. മാനുഷികാനുഭാവവും മനുഷ്യക്ഷേമാസക്തിയും വേർഡ്സ്വർത്തിൻെറ കവിതകളിൽ മുഴങ്ങുന്നു; വിശുദ്ധമായ ജീവിതാഹ്ലാദം അവ പകന്നുതരുന്നു. പ്രകൃതിയുടെ കവി; പ്രേമത്തിൻെറ കവി; ജീവിതാഹ്ലാദത്തിൻെറ കവി—അദ്ദേഹമാണു് വേർഡ്സ്വത്തു്.

**ഗീതകങ്ങൾ** വേർഡ്സ്വർത്തിൻെറ കാവ്യവൈഭവം പൂർണ്ണമായും തെളിഞ്ഞു കാണുന്നതു് ഗീതകങ്ങളിലാണ്. ഗീതകങ്ങൾ രചിയ്ക്കുന്നതിൽ, അതിൻമുമ്പു് മിൽട്ടനാണ് അതുല്യനൈപുണ്യം കാണിച്ചതു്. തൻെറ എല്ലാ ഉത്തമപ്രഭാവങ്ങളും വ്യക്തിത്വത്തിന്നൊത്ത ലാളിത്യത്തിൽ അലിയിച്ച മാധുര്യമയമാക്കിയാണ് വേർഡ്സ്വർത്തു് സ്വന്തം ഗീതകങ്ങൾ രചിച്ചതു്. രചനാവൈഭവത്തിന്നു് അവ നിദർശനങ്ങളായിപ്പരിലസിയ്ക്കുന്നു.

**കാവ്യഭാഷ** കവിതകളിൽ സാധാരണക്കാരുടെ ലളിതഭാഷ ഉപയോഗിക്കണമെന്നായിരുന്നുവല്ലോ വേർഡ്സ്വർത്തിൻെറ അഭിപ്രായം. ഇതിനുള്ള പരിമിതികളെപ്പററി അദ്ദേഹം അന്നു് അത്രയേറെ ആലോചിച്ചിരുന്നില്ല. വിഷയത്തിൻെറ ഗൌരവമനുസരിച്ച് ഉന്നതഭാഷാരീതി കൈക്കൊള്ളുവാൻ അദ്ദേഹവും നിർബ്ബന്ധനായി. സാധാരണ ഭാഷയുടെ കമ്പം ചിലപ്പോൾ കവിതകളിലെ ഇമ്പം നശിപ്പിക്കുകയും ചെയ്തു; ചിലപ്പോൾ അതു് ബാലിശത്വത്തിലേക്കു് നീങ്ങി; ചില വിമർശകരുടെ നിശിതനിരൂപണങ്ങൾക്കു് ഇടയാക്കുകയുംചെയ്തു. കവിതയ്ക്കു് നിസ്സാരവിഷയങ്ങൾ തിരഞ്ഞെടുത്തതും ആക്ഷേപമുളവാക്കാതിരുന്നില്ല. വേഡ്സ്വത്തിനെ ഒരു ഒന്നാംകിട കവിയായി അംഗീകരിക്കുവാൻ കാലവിളംബം വരുത്തിയതു് പ്രധാനമായും ഈ ന്യൂനതകളായിരുന്നു.

**ചില കവിതകളിലെ ഗദ്യാത്മകത** ചില കവിതകളിൽ അനനുകരണീയമായ രചനാപാടവവും കാവ്യമഹത്വവും കാണിച്ചുവെങ്കിൽ, മററു ചില കവിതകളിൽ

വേർഡ്സ്വത്ത് വൈരസ്യജനകമായ ഗദ്യാത്മകത കാണിച്ചു. പദ്യഭംഗി തികഞ്ഞ കുറെ വരികൾക്കുശേഷം ഗദ്യപ്രതീതിയുള്ള കുറെ വരികളും ചില കവിതകളിൽ കാണാമായിരുന്നു. അതിനാൽ ചില ഭാഗങ്ങളിൽ ഗദ്യവും പദ്യവും വേർതിരിയ്ക്കാനാകാത്ത ഒരു സ്ഥിതിവിശേഷം ഉളവായി. ഇങ്ങിനെയെല്ലാമാണെങ്കിൽകൂടി വേർഡ്സ്വത്തിൻെറ അന്യാദൃശമായ കവിതാശക്തി മിക്ക കവിതകളിലും തെളിഞ്ഞുകണ്ടു.

**കാവ്യസേവനം** കവിതകളിൽക്കൂടി അക്കാലത്തെ ജീവിതവീക്ഷണത്തിൽ, ഒരളവോളം ആശാസ്യമായ പരിണാമം വരുത്തിയെന്നതാണ് വേർഡ്സ്വത്ത് ചെയ്ത ഏററവും മഹത്തായ സേവനം. വ്യാവസായിക വിപ്ലവത്തെത്തുടർന്നുണ്ടായ ജീവിതരീതികൾ വ്യാപാരപ്രധാനം മാത്രമായിത്തീർന്നു. വിശുദ്ധങ്ങളോ മൃദുലങ്ങളോ ആയ വികാരങ്ങൾക്കും സ്നേഹബന്ധങ്ങൾക്കും വിലയിടിഞ്ഞു. വികാരമഹത്വത്തിൻെറ അക്ഷരമാലകൂടി മറന്നുകഴിഞ്ഞ ഒരു ലോകത്തിൽ, ആ അക്ഷരങ്ങൾ വായിക്കുന്നതിനുവേണ്ട പരിശീലനമാണ് വേർഡ്സ്വത്ത് നല്കിയതു്. ജീവിതത്തിൽ അതു് പുതിയൊരു ആശ്വാസവും ആഹ്ലാദവും അരുളി. വിഷാദമഗ്നരെ ആശ്വസിപ്പിയ്ക്കാൻ ആ കവിതകൾക്കു് പ്രത്യേകം സാമർത്ഥ്യമുണ്ടായി. അനേകം തൃഷിതർ ആ കവിതകളിലെ തെളിനീരിൽ കുളുർമ്മയും സംതൃപ്തിയും കണ്ടെത്തി. അവരിൽ ധിഷണാശാലികളും ഉൾപ്പെട്ടിരുന്നു. ബുദ്ധിപരമായ വിഷാദാന്ധ്യത്തിൽ നിന്നു് ജോൺസ്ററുവട്ടർമില്ലിനെ മോചിപ്പിച്ചതു് വേഡ്സ്വത്തിൻെറ കവിതകളാണ്; അവയ്ക്കുള്ള അനുപ

രമായ ആശ്വാസശക്തിയെപ്പററി ആദ്യം കീത്തിച്ചുപറഞ്ഞതു് മേത്യൂ ആർനോൾഡായിരുന്നു.

അനന്തരതലമുറകൾക്കു് വേർഡ്സ്വത്തിന്റെ കവിതകൾ എത്രമാത്രം ആസ്വാദ്യങ്ങളാണെന്നതിനെ സംബന്ധിച്ചു്, അടുത്തകാലത്തു് ആ കവിതകളുടെ ഒരു നൂതനസമാഹാരം പ്രസിദ്ധപ്പെടുത്തിയ അമേരിയ്ക്കൻ നിരൂപകൻ 'മാക്ക് വേൻഡോറൽ' പ്രസ്താവിച്ചിട്ടുള്ള ഭാഗം നമുക്കിവിടെ ഉദ്ധരിയ്ക്കാം:—"അനന്തരതലമുറകൾക്കാവശ്യമായ വീണ്ടുറപ്പു് വേർഡ്സ്വർത്തിൽ കണ്ടെത്തിയവർ അദ്ദേഹത്തെ കീത്തിച്ചു. മനുഷ്യജീവിതം ജീവനയോഗ്യവും ഇപ്പോഴും ജീവിക്കാൻ പററിയതുമാണെന്നു് —മിക്ക സംഭവങ്ങളും ചില മനുഷ്യരും നമ്മെ അതിൽ സംശയാലുക്കളാക്കുകയാണെങ്കിൽക്കൂടി—നൽകപ്പെടുന്ന വാഗ്ദാനമത്രെ ഈ വീണ്ടുറപ്പു്. ഏററവും ചുരുങ്ങിയ ഈ ആവശ്യമാണു് വേർഡ്സ്വത്തു് നിറവേററീട്ടുള്ളതു്. ഇതിലും സുഖാവഹമായ ഒരു ലോകത്തിൽ, കൂടുതൽ പകാതയുള്ള ലക്ഷ്യങ്ങൾക്കുവേണ്ടി പ്രവത്തിയ്ക്കാൻ അദ്ദേഹത്തിന്നു് സ്വാതന്ത്ര്യമുണ്ടാകുമായിരുന്നു. എങ്കിലും ആ ലോകത്തിലും നമ്മബോധം കുറവായിരിക്കും. ഒരു 'പൂണ്ണകവി'യാകാനാഗ്രഹിക്കുന്ന ആൾക്കു് ഇപ്പോഴുള്ള ലോകത്തിലെന്നതിനേക്കാൾ അവിടെ പ്രസ്തുത ന്യൂനത എതിർത്തുക്കം നില്ക്കുന്നതായിരിക്കാനും മതി. നമുക്കാകട്ടെ കവികളിൽ ഇനിയൊട്ടും വേണ്ടതു് നമ്മബോധമല്ല; നിർവൃതിദായകത്വമാണു് ആവശ്യം. ആ വസ്തുവിലാകട്ടെ, ഏററവും വിശുദ്ധമായ ഇനമാണു് വേർഡ്സ്വത്തു് ഇപ്പോഴും കവിതകൾ വഴിയായി നല്കുന്നതു്. അദ്ദേഹം ഒരു യഥാർത്ഥ കലാകാരനായിരുന്നതുകൊണ്ടു്, ആ നിർവൃതിപ്രദത്വം,

ഏതു ലോകത്തിലായാലും, തുടർന്നനുഭവപ്പെടുകയും ചെയ്യും.'' ഹൃദയനിർവൃതി നല്കുകയാണു് കവിധർമ്മമെങ്കിൽ ആ ധർമ്മം വേർഡ്സ്വർത്തു് തികച്ചും നിറവേററുന്നുണ്ടെന്നതു് നിസ്സന്ദേഹമാണു്.

## വേർഡ്സ്വർത്തു് - ഒരു തത്വചിന്തകൻ

**കവിയും തത്വചിന്തകനും** കവിയ്ക്കു് ഒരു തത്വചിന്തകനാകാൻ എത്രമാത്രം സാദ്ധ്യതയുണ്ടു്? തത്വപാഠങ്ങൾ നല്കാൻ കവിയ്ക്കു് എത്രത്തോളം അർഹതയുണ്ടു്?—വിവാദപരമായ ഒരു വിഷയമാണിതു്. കവി തത്വചിന്തകനാകേണ്ടതില്ല; ആകരുതു് എന്നുവരെ വാദിക്കുന്നവരുണ്ടു്. ഭാരതത്തിൽ കവിതയും തത്വചിന്തയും ആദ്യംതൊട്ടു തന്നെ കൈകോർത്തുപിടിച്ചുപോയിട്ടേ ഉള്ളു; കവിയുടെ ക്രാന്തദർശിത്വം ഊന്നിയൂന്നിപ്പറയപ്പെട്ടിട്ടുണ്ടു്. ആ ആശയത്തോടു് ഏററവും യോജിച്ചുപോകുന്ന ഒരു കവിയാണു് വേർഡ്സ്വർത്തു്.

**കവി ഒരു പ്രചാരകനാകാമോ?** തത്വപാഠങ്ങൾ നല്കേണ്ടതു് കവിയുടെ ചുമതലയാണെന്നു് വേർഡ്സ്വർത്തു് വിശ്വസിച്ചു. അദ്ദേഹം എഴുതി: ''മഹാനായ ഓരോ കവിയും ലോകത്തെ പഠിപ്പിക്കുന്ന ഓരോ ഗുരുനാഥനാണു്. അങ്ങിനെയുള്ള ഒരാളാകാനാണു് എന്റെയും ആഗ്രഹം. അല്ലാത്തപക്ഷം ഞാൻ ആരുമാകേണ്ട.'' കവിയുടെ പഠിപ്പിയ്ക്കൽ പക്ഷെ സൂക്ഷിച്ചു നിർവ്വഹിയ്ക്കണം. സൂക്ഷ്മക്കുറവിൽ വേർഡ്സ്വർത്തിനുതന്നെ അബദ്ധം പററിപ്പോയിട്ടുണ്ടു്. പഠിപ്പിയ്ക്കാൻ മിനക്കെട്ടു്

ബോധപൂർവ്വം പരിശ്രമിക്കുമ്പോൾ, കവിത വിരസമായി ത്തീരും; കവിതയുടെ പ്രധാനോദ്ദേശ്യം നഷ്ടപ്പെടുകയും ചെയ്യും. വേർഡ്സ്‌വത്തിൻെറ ചില കവിതകളിൽ ഈ ന്യൂനത കാണാം. അത്തരം സന്ദർഭങ്ങളിൽ കവി ഒരു പ്രചാരകനായി മാറിപ്പോകുന്നു. നിരൂപകന്മാർ ഈ മാററത്തെ ആക്ഷേപിച്ചിട്ടുമുണ്ട്.

**അസാധാരണാനുഭവങ്ങൾ** വേർഡ്സ്‌വർത്ത് തൻെറ കവിതകളിൽ മഹോന്നതങ്ങളായ ചില അനുഭൂതികൾ പകർത്തിയിട്ടുണ്ട്. അവ പാശ്ചാത്യരാജ്യങ്ങളിലെ സാധാരണന്മാരിൽ പലക്കും അപരിചിതങ്ങളായിരുന്നു. യോഗാനുഭവങ്ങളെക്കുറിച്ച് പൊതുവെ അറിവുള്ള ഭാരതീയർക്കു് അവ കൂടുതൽ എളുപ്പം ഗ്രഹിക്കാൻ സാധിക്കും. പാശ്ചാത്യരിൽ പലക്കും അവയെ വേണ്ടവിധം വിലയിരുത്താൻ കഴിഞ്ഞെന്നും വരില്ല.

പ്രകൃതിയോടും മനുഷ്യനോടുമുള്ള ബന്ധങ്ങളുടെ ചിത്രീകരണമാണ് വേർഡ്സ്‌വത്തിൻെറ കവിതകൾക്കുള്ള വ്യക്തിമുദ്ര. ആ ബന്ധങ്ങളിൽ അസാധാരണങ്ങളായ പല അനുഭവങ്ങളും അദ്ദേഹത്തിനുണ്ടായി. പ്രകൃതിയ്ക്കു് മനുഷ്യനെ പലതും പഠിപ്പിയ്ക്കാനുണ്ടെന്നു് വേർഡ്സ്‌വത്ത് വിശ്വസിച്ചു. ആ പാഠങ്ങൾ കവിതകളിൽക്കൂടി വിശദീകരിയ്ക്കാനുള്ള ഉത്തരവാദിത്വം ഏറെറടുത്തുകൊണ്ടു് അദ്ദേഹംതന്നെ 'പ്രകൃതിയുടെ പ്രധാന പുരോഹിത'നായി. പ്രകൃതിയുടെ ഉദ്ബോധനശക്തിയെപ്പററി ഉത്സാഹത്തിമപ്പിൽ അദ്ദേഹം അതിശയോക്തിപരമായി പലതും പറഞ്ഞിട്ടുണ്ടെന്നു് ചില നിരൂപകന്മാർ ആക്ഷേപിയ്ക്കുന്നു. ജ്ഞാനികൾ നല്ലുന്നതിനേ

ക്കാൾ വിശിഷ്ടമായ തത്വപാഠമാണ് 'ലിന്നററ് ഗീത' ത്തിലുള്ളതെന്ന് കവി കീത്തിച്ചതും മററും അവർ ഉദാഹരണങ്ങളായിക്കാട്ടുന്നു. എന്തായാലും, തത്വചിന്തയ്ക്കു് കവിയെ പ്രേരിപ്പിയ്ക്കുന്നതിന്നും തത്വചിന്തകൾ ഉന്നയിക്കുന്നതിന്നുമുള്ള ഉപാധി പ്രാഥമികമായും കവിയുടെ പ്രകൃതിപ്രേമമായിരുന്നു.

വേർഡ്സ്വത്തിൻെറ തത്വചിന്തയല്ല, കവിതയാണ് സവ്വപ്രധാനമെന്ന വസ്തുത നാം വിസ്മരിക്കേണ്ടതില്ല. തത്വചിന്താത്മകങ്ങളായ ഉന്നതികൾ അദ്ദേഹത്തിന്ന് പരിചിതങ്ങളായിരുന്നുവെന്നേ നാം ഗ്രഹിക്കേണ്ടതുള്ളു. അതിന്നു സഹായിച്ച അനുഭവങ്ങൾ മൊത്തത്തിൽ നമുക്കു പരിശോധിക്കുക. പ്രപഞ്ചത്തിൽ കാണപ്പെടുന്ന വസ്തുക്കൾക്കു് ശാശ്വതസ്ഥിതിയില്ലെന്നും അവയ്ക്കുപിന്നിൽ പ്രവത്തിയ്ക്കുന്ന ചൈതന്യപൂണ്ണമായ ആത്മാവാണ് അനശ്വരമെന്നും ഭാരതീയ തത്വചിന്തയിൽ കാണാം. വസ്തുക്കളിലുള്ള ആന്തരശക്തിയാണ് പ്രധാനമെന്ന് ചില അനുഭവങ്ങളിൽക്കൂടി വേർഡ്സ്വത്തിന്നും ബോദ്ധ്യം വന്നു. പ്രകൃതിയോടുള്ള അടുപ്പത്തിൽ നിന്നാണ് ആ അനുഭവങ്ങൾ ഉളവായതു്.

ശ്രീരാമകൃഷ്ണപരമഹംസൻെറ ജീവിതകഥയിൽനിന്ന് ഒരു ഭാഗം നമുക്കിവിടെ അനുസ്മരിയ്ക്കുക. അദ്ദേഹം 'ഗദാധരൻ' എന്ന പേരിൽ ഒരു ബാലനായിരുന്നപ്പോൾ ഒരിയ്ക്കൽ ഒരു പാടത്തിൽ ചെന്നിരിക്കുകയുണ്ടായി. ചുററുമുള്ള പ്രകൃതിവിലാസത്തിൽ കുട്ടിയുടെ മനസ്സ് ലയിച്ചു. ക്രമേണ ബാഹ്യലോകം മുഴുവൻ അകന്നുപോയി. വസ്തുക്കളുടെ പ്രകാശമാനമായ അന്തസ്സത്ത മാത്രമെ ദൃഷ്ടി

യിലും ബോധമണ്ഡലത്തിലും അവശേഷിച്ചുള്ളു. ആ 'സമാധി'യിൽ ബാലൻ വളരെനേരം ഇരുന്നു. അന്വേഷിച്ചുനടന്നവർ അവസാനം ബാലനെ വിളിച്ചുണർത്തേണ്ടിവന്നു. അടുത്തകാലത്തു് ജീവിച്ച രമണമഹർഷിയ്ക്കും ഇത്തരത്തിലുള്ള അനുഭവം ഉണ്ടായിട്ടുണ്ടു്; അപ്രകാരം തന്നെ മററു പല അദ്ധ്യാത്മപുരുഷന്മാർക്കും. ഈ അനുഭവമാണു്, അത്ര പൂർണ്ണതയോടെയല്ലെങ്കിലും, വേർഡ്സ്വർത്തു് 'അമൃതഗീത'ത്തിൽ വിവരിച്ചിട്ടുള്ളതു്. ഇന്ദ്രിയഗോചരങ്ങളായ വസ്തുക്കൾ വാസ്തവികങ്ങളാണോ എന്നു് ഹൃദയത്തിൽ സംശയങ്ങൾ ഉയർന്നുവരുന്നതായും, തുടർന്നു ബാഹ്യപ്രപഞ്ചം ഊർന്നുവീണുപോകുന്നതായും കവി അതിൽ പറയുന്നു. കവിയ്ക്കു് സാധാരണന്മാരെപ്പോലെയല്ലാതെ, വസ്തുക്കളുടെ ബാഹ്യരൂപത്തിനകത്തുള്ള സത്ത കാണുവാൻ കഴിഞ്ഞു. അപ്പോഴാകട്ടെ, വസ്തുബോധം നഷ്ടപ്പെട്ടു; വസ്തുവിന്റെ ബാഹ്യരൂപം മറഞ്ഞു; ആന്തരചൈതന്യം മാത്രം അവശേഷിച്ചു. ഈ വിചിത്രാനുഭവത്തിൽ, മുമ്പു് ഇന്ദ്രിയഗോചരങ്ങളായിരുന്ന വസ്തുക്കൾ യഥാർത്ഥങ്ങൾ തന്നെയല്ലേ എന്നറിയുവാൻ, വസ്തുബോധമുണ്ടാക്കാൻ, വേണ്ടി വേർഡ്സ്വർത്തു് ഭയോദ്ഭ്രാന്തിയോടെ അവ തൊട്ടുനോക്കാറുണ്ടായിരുന്നു. മരങ്ങളും കല്ലുകളും മററും അദ്ദേഹം സ്പർശിച്ചുനോക്കും. കരയിലോ കടലിലോ കാണാത്ത അഭൌമമായ ഒരു പ്രകാശത്തിൽ വസ്തുക്കളെല്ലാം വിലയിച്ചതായിട്ടാണു് അദ്ദേഹത്തിന്നു് അനുഭവപ്പെടാറുണ്ടായിരുന്നതു്. ആ അനുഭവം വെറുതെയുള്ള ഒരു തോന്നലായിരുന്നില്ല; ഇന്ദ്രിയങ്ങളാൽ അറിയപ്പെട്ടതുതന്നെയായിരുന്നു. ഇന്ദ്രിയങ്ങളുടേതെന്നപോലെ ആത്മാവിൻെറതുമായ നിർഗ്ഗുണ

തേജസ്സ് അഥവാ സ്വർഗ്ഗീയദീപ്തിയായിരുന്നു അത്. കണ്ണുകളും കാതുകളും പ്രവർത്തിയ്ക്കുമ്പോൾ കാണുന്നതും കേൾക്കുന്നതുമെല്ലാംതന്നെ കാന്തിമയമായ ആ ലോകത്തിൽനിന്നാണെന്ന് അദ്ദേഹത്തിന്നു തോന്നി. ആ അനുഭവം അങ്ങിനെതന്നെ നിലനിന്നില്ല. അതു വന്നും പോയുംകൊണ്ടിരുന്നു. അസാധാരണമായ ഈ അനുഭവത്തെപ്പററി 'അമൃതഗീത'ത്തിൽ മാത്രമല്ല 'ടിൻടേൺ ഏബി' മുതലായ കവിതകളിലും വേർഡ്സ്വർത്ത് പ്രസ്താവിച്ചിട്ടുണ്ട്. വേർഡ്സ്വത്തിൻെറ തത്വചിന്തയുടെ അവലംബം ഇത്തരം അനുഭവങ്ങളായിരുന്നു.

തൻെറ കാവ്യങ്ങൾ നിർവ്വഹിക്കേണ്ട ധർമ്മത്തെപ്പററി വേർഡ്സ്വത്തിനുണ്ടായിരുന്ന അഭിലാഷങ്ങൾ അദ്ദേഹത്തിൻെറ ചിന്തകളിൽനിന്നുതന്നെ ഉദ്ധരിയ്ക്കാം:— "മനുഷ്യസ്വഭാവത്തിലും സമുദായത്തിലുമുള്ള പ്രമോദാരപ്രവണതകളോടു സഹകരിക്കുവാനും മനുഷ്യരെ കൂടുതൽ അറിവും നന്മയും സംതൃപ്തിയുമുള്ളവരാക്കുവാനും ഈ കവിതകൾ അവയുടെ അളവിൽ പര്യാപ്തങ്ങളാകുന്നതാണ്." സ്വന്തം കവിതകളെക്കുറിച്ചുള്ള പ്രതീക്ഷകൾ തികച്ചും നിറവേററപ്പെട്ടുവെന്ന കൃതാർത്ഥതയ്ക്കു ഈ വരകവി തീർച്ചയായും അവകാശിയാണ്. ആവിഷ്കരിയ്ക്കപ്പെട്ട കാവ്യധർമ്മം തൃപ്തികരമായി നിർവ്വഹിച്ചിരിക്കുന്നു. തത്വചിന്ത അതിൻെറ സ്ഥാനത്തുനിന്നുകൊണ്ടു അതിൽ കവിയെ സഹായിച്ചിട്ടേ ഉള്ളൂ. വേർഡ്സ്വത്തിലെ 'കവി'യാണ് പ്രധാനം; തത്വചിന്തകനല്ല എന്ന വാസ്തവം നാം വിസ്മരിക്കരുത്.

# അമൃതഗീതം

**കവിതയെഴുതിയ സാഹചര്യങ്ങൾ** ദവർഡ്സ്വത്തിൻെറ കവിതകളിൽ അദ്വിതീയമായ സ്ഥാനമാണ് അമൃതഗീതത്തിന്നുള്ളതു്. ഒരു മഹാകവിയുടെയും തത്വചിന്തകൻെറയും ഉന്നത മണ്ഡലത്തിൽനിന്നുകൊണ്ടു് രചിയ്ക്കപ്പെട്ട ഈ ഗീതത്തിൽ കവിയുടെ വ്യക്തിത്വവും കവിതാശക്തിയും പൂർണ്ണതയിൽ പരിലസിച്ചു. ദവർഡ്സ്വത്തിൻെറ ചില ആത്മീയാനുഭൂതികളെപ്പററിയും ഈ കവിതയിൽ പ്രസ്താവിച്ചിട്ടുണ്ടു്. രൂപത്തിലും ഭാവത്തിലുമുള്ള ഭദ്രതയും ഭംഗിയും ആംഗ്ലേയകാവ്യങ്ങളിൽതന്നെ അതിന്നു് അതുല്യമായ ഒരു സ്ഥാനം സമ്പാദിച്ചുകൊടുത്തിരിക്കുന്നു.

1803-നും 1806-നും ഇടയ്ക്കാണ് ഈ കവിത എഴുതപ്പെട്ടതു്; 1807ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 'Ode on the intimations of immortality from recollections of early childhood' "പൂർവ്വബാല്യാനുസ്മരണങ്ങളിൽനിന്നു ലഭിയ്ക്കുന്ന അമൃതത്വവിജ്ഞപ്തികളെപ്പററിയുള്ള ഗീതം" എന്നർത്ഥം വരുന്ന ദിർഘശീർഷകത്തിലാണ് കവി ഇതു് ആദ്യമായി പ്രസിദ്ധീകരിച്ചതു്. പിന്നീടു് 'അമൃതഗീതം' (Immortality ode) എന്ന ചെറിയ പേരിൽ അതു് സുവിദിതമായി. സൌകര്യത്തിനുവേണ്ടി ആ പേർതന്നെ ഇവിടെയും സ്വീകരിച്ചിരിക്കുന്നു.

'അമൃതഗീതം' രചിയ്ക്കാനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് വേർഡ്സ്വത്ത് ഒരു സാഹിത്യസുഹൃത്തായ 'മിസ്സ് ഫെൻവിക്കി'ന്നു് എഴുതുകയുണ്ടായി. എ

ഴത്തിലെ ചില പ്രസക്തഭാഗങ്ങൾ ചുവടെ ഉദ്ധരിയ്ക്കാം: "ഗ്രാസ്മിയറിൽ 'ടൌൺ എണ്ടി'ലുള്ള വസതിയിൽ താമസിക്കുമ്പോഴാണ് ഈ കവിത എഴുതപ്പെട്ടത്. ഇതിലെ ആദ്യത്തെ നാലു ഖണ്ഡികകളും അവശിഷ്ട ഭാഗങ്ങളും എഴുതിയതിനിടയ്ക്ക് ചുരുങ്ങിയത് രണ്ടു വർഷങ്ങളെങ്കിലും കഴിഞ്ഞിരിക്കണം. ശ്രദ്ധാലുവും പ്രാപ്തനുമായ അനുവാചകന്ന് ഈ കവിത സ്വയം വിശദമാണ്. എന്നാൽ ഈ കവിതാശില്പം ഭാഗികമായി നിലകൊള്ളുന്നത് എൻെറ സ്വന്തം മാനസികാനുഭവങ്ങളെയോ വികാരങ്ങളെയോ അവലംബിച്ചാണ്. അവ ഈ അവസരത്തിൽ പരാമർശിക്കുന്നത് അനുചിതമാകയില്ലെന്ന കരുതുന്നു.

എൻെറ നിലനില്പിനെത്തന്നെ ബാധിക്കുന്ന മൃത്യുവിൻെറ ആശയം സമ്മതിച്ചുകൊടുക്കുന്നതുപോലെ ബാല്യകാലത്ത് എനിയ്ക്ക് മറെറാന്നും അത്ര വൈഷമ്യം ജനിപ്പിച്ചിരുന്നില്ല. നിഷ്കളങ്കനായ ഒരു ശിശു! ലോലലോലമായി ശ്വാസമുൾക്കൊള്ളുകയും ജീവചൈതന്യം അങ്ങിനെ ഓരോ അവയവത്തിലും അനുഭവപ്പെടുകയും ചെയ്യുന്ന ആ ശിശു മരണത്തെപ്പററി എന്തറിയാനാണ്? ഇപ്രകാരം ഞാൻ മറെറാരിടത്ത് പ്രസ്താവിച്ചിട്ടുണ്ട്. മൃഗീയചൈതന്യത്തെക്കുറിച്ചുള്ള ഒരു ബോധത്തിൽനിന്നെന്നതിനേക്കാൾ ആത്മാവിൻെറ അജയ്യതയെപ്പററിയുള്ള ബോധത്തിൽനിന്നാണ് ആ ചിന്ത ഉളവായിത്തീർന്നത്. 'ഈനക്കി'ൻെറയും 'എലിജാ'യുടെയും കഥകളെക്കുറിച്ച് ഞാൻ വിചാരംകൊള്ളുകയും മററുള്ളവക്ക് എന്തു തന്നെ സംഭവിച്ചാലും ശരി, എന്നെ സംബന്ധിച്ചേടത്തോളം എങ്ങാണ്ട് ആ നിലയ്ക്കുതന്നെ സ്വർഗ്ഗത്തിലേക്കെത്തിച്ചേരണമെന്ന് സ്വയം പ്രേരിതനാകയും ചെയ്യാ

റുണ്ടായിരുന്നു. ഈ വിചാരത്തിന്നു് അനുരൂപമായ വിധം, ബാഹ്യവസ്തുക്കൾക്കു് ബാഹ്യസ്ഥിതിയുള്ളതായി സങ്കല്പിക്കുവാൻ എനിയ്ക്കു് പലപ്പൊഴും സാധിച്ചില്ല. എന്നിൽനിന്നു വിഭിന്നമായ നിലയ്ക്കല്ല, എൻെറതന്നെ അഭൌതികപ്രകൃതിയിൽ അന്തർല്ലീനമായാണു് ഞാൻ കണ്ട എല്ലാ വസ്തുക്കളും എനിയ്ക്കനുഭവപ്പെട്ടതു്. അത്തരത്തിലായിരുന്നു ഞാൻ അവയുമായി സമ്പക്കം പുലത്തിയതും. ആദർശാത്മകതയുടെ ആ അഗാധഗർത്തത്തിൽനിന്നു് പ്രപഞ്ചബോധത്തിലേയ്ക്കു് മടങ്ങിവരാൻ വേണ്ടി, വിദ്യാലയത്തിൽ പോകുമ്പോൾ, ഞാൻ എത്രയോതവണ ഏതെങ്കിലുമൊരു ഭിത്തിയേയോ വൃക്ഷത്തെയോ പിടിച്ചുനിന്നിട്ടുണ്ടു്. അക്കാലത്തു് അത്തരം പ്രക്രിയകൾ എനിയ്ക്കു് ഭയജനകങ്ങളായിരുന്നു. എന്നാൽ, ജീവിതത്തിൻെറ അനന്തരഘട്ടങ്ങളിൽ, നമുക്കെല്ലാവക്കും സംഭവിക്കുന്നതുപോലെ, ആ അനുഭവങ്ങൾക്കു് വിരുദ്ധമായ ഒരടിമത്തം വഹിക്കേണ്ടിവന്നതിൽ ഞാൻ അനുശോചിച്ചിട്ടുണ്ടു്.

“ഐന്ദ്രിയജ്ഞാനങ്ങളും ബാഹ്യമാം വസ്തുക്കളു-
മുണ്മയോ? വീണ്ടും വീണ്ടും പൊങ്ങുമിച്ചോദ്യങ്ങൾക്കും
നമ്മിൽനിന്നവയെല്ലാമൂന്നുവീഴുന്നതിന്നും
അമ്മട്ടങ്ങവ പിന്നെ മറഞ്ഞുപോവതിന്നും.”

ഈ വരികളിൽ പ്രകാശിപ്പിച്ചപോലെ പൂർവ്വാനുഭൂതിയുടെ അനുസ്മരണത്തിൽ ഞാൻ ആഹ്ലാദിക്കുകയും ചെയ്തിട്ടുണ്ടു്. ബാല്യത്തിൽ കാണപ്പെട്ട വസ്തുക്കൾക്കുണ്ടായിരുന്ന സ്വപ്നസദൃശമായ മഹത്വശോഭയ്ക്കും വൈശദ്യത്തിന്നും ആ കാലത്തേയ്ക്കു് പിന്തിരിഞ്ഞുനോക്കുന്ന ഏതൊരാളും സാക്ഷ്യംവഹിക്കുമെന്നാണു് എൻെറ വിശ്വാസം. അതിനെക്കുറിച്ചു് ഞാൻ ഇവിടെ പ്രതിപാ

ദിയ്ക്കാൻ വിചാരിക്കുന്നില്ല. നമ്മുടെ മുമ്പത്തെ നില നില്പിൻെറ ഊഹ്യമായ തെളിവെന്ന നിലയ്ക്കു് അതു പക്ഷെ ഈ കാവ്യത്തിൽ അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ടു്. അതു മുൻനിർത്തിയുള്ള ചിലരുടെ നിഗമനങ്ങളിൽ പ്രതിഷേധിക്കേണ്ടതു് ന്യായമായ ഒരു കർത്തവ്യമാണെന്നു് ഞാൻ കരുതുന്നു. പൂർവ്വസദ്ഭാവം ഒരു വിശ്വാസതത്വമാക്കി പ്രചരിപ്പിക്കാൻ ഞാൻ ഉദ്ദേശിച്ചുവെന്ന ഈ നിഗമനം നല്ലവരായ ചില ക്രൂസ്തീയവിശ്വാസികളെ വേദനിപ്പിച്ചിട്ടുണ്ടു്. നമ്മുടെ അമൃതത്വത്തിലുള്ള സ്വാഭാവികവാസനകളിലെയും സൂചകങ്ങളിലെയും ഒരു ഘടകമെന്നതിലും ഉപരിയായി ഈ ആശയം ഒരു വിശ്വാസപ്രമാണമെന്ന നിലയ്ക്കു് ശുപാർശചെയ്യപ്പെടാൻ യോഗ്യമല്ല. പക്ഷെ, അതിനു വിരുദ്ധമായി മതത്തിൽ യാതൊന്നുമില്ലെന്നും 'മനുഷ്യൻെറ പതനം' അതിനു സാദൃശ്യം വഹിക്കുന്ന ഒരാശയമാണെന്നും പ്രസ്താവ്യമാണു്. ജീവിതത്തിനുമുമ്പുള്ള ഒരവസ്ഥ പല ജനതകൾക്കിടയിലും പരക്കെ കാണപ്പെടുന്ന വിശ്വാസമാകുന്നു. ക്ലാസിക്കു സാഹിത്യവുമായി പരിചയപ്പെട്ടവക്കാകട്ടെ, പ്ലാറേറാവിൻെറ തത്വചിന്തയിൽ അതൊരു ഘടകമാണെന്നും കാണാം." അനന്തരം കവി ഇങ്ങിനെ പറയുന്നു: "ആത്മാവിൻെറ അമൃതത്വത്തെപ്പററി ഒരു കാവ്യം രചിയ്ക്കാനുള്ള ആന്തരപ്രചോദനം എനിയ്ക്കു ലഭിച്ചപ്പോൾ പൂർവ്വജന്മമെന്ന ആശയം അതിലേക്കു് ഏററവും നന്നായി ഉപയോഗപ്പെടുത്തുവാനുള്ള ആധികാരികസ്വാതന്ത്ര്യം ഒരു കവിയെന്ന നിലയ്ക്കു് ഞാൻ കൈവരിക്കുകയുണ്ടായി. പൂർവ്വജന്മവിശ്വാസത്തിന്നു് മനുഷ്യരുടെ ഇടയിൽ വേണ്ടത്ര അടിസ്ഥാനമുള്ളതായി ഞാൻ അംഗീകരിച്ചു."

**സമാനാശയമുള്ള ഒരു കവിത**

ഒരുപക്ഷെ സമാനാശയ പ്രതിപാദകങ്ങളായ ഏതാനും പൂർവ്വകവിതകൾ ഇതിൽ വേഡ്സ്‌വത്തിന്ന് പ്രേരകങ്ങളായിത്തീർന്നിരിയ്ക്കാം. ബാല്യകാലത്തിൻെറ ദിവ്യത്വത്തെപ്പററി അതിൻമുമ്പും ചില കവികൾ പാടിയിരുന്നു. പതിനേഴാം ശതകത്തിൽ ജീവിച്ച 'ഹെൻറി വോഗൻ' എന്ന ദാർശനികകവിയുടെ പേർ ഈ അവസരത്തിൽ സ്മർത്തവ്യമത്രെ. അദ്ദേഹം രചിച്ച 'സൈലെക്സ് സിൻടിലോ' (Silex Scintillaux) എന്ന കാവ്യത്തിലെ ആശയങ്ങൾ 'അമൃതഗീത'ത്തിലെ ആശയങ്ങളോട് വളരെ അടുപ്പം കാണിക്കുന്നുണ്ടെന്ന് നിരൂപകന്മാർ അഭിപ്രായപ്പെടുന്നു. ദൈവികാഭയിൽ ശോഭിച്ചുനിന്ന ബാല്യകാലത്തെ വോഗൻ ഇങ്ങിനെ കീർത്തിയ്ക്കുന്നു:—"സ്വർഗ്ഗീയ ബാല്യദശയിൽ ഞാൻ വിളങ്ങിനിന്നു. ആ ആദിമദിനങ്ങൾ എത്രമാത്രം സുഖാവഹങ്ങളായിരുന്നു! എൻെറ രണ്ടാംജന്മത്തിന്ന് നിയോഗിക്കപ്പെട്ട സ്ഥലം ഞാൻ മനസ്സിലാക്കുകയോ, ശുഭ്രമായ സ്വർഗ്ഗീയചിന്തയൊഴിച്ചു മറെറാന്നിനെപ്പററിയും ഭാവിക്കുവാൻ ആത്മാവിനെ പഠിപ്പിക്കുകയോ ചെയ്യാതിരുന്ന അക്കാലത്തെ സുഖാനുഭൂതികൾ! എൻെറ പ്രഥമ പ്രേമവസ്തുവിൽനിന്ന് ഒന്നോ രണ്ടോ നാഴികയിലേറെ നടന്നുകഴിഞ്ഞിട്ടില്ലാത്ത കാലം! ആ ചുരുങ്ങിയ ദൂരത്തിൽനിന്ന് തിരിഞ്ഞുനോക്കുമ്പോൾ പരമാത്മാവിൻെറ ജാജ്വല്യമാനമായ മുഖം കാണുവാൻ കഴിഞ്ഞ കാലം! വർണ്ണക്കസവണിഞ്ഞ ഏതെങ്കിലും പുഷ്പത്തെയോ മേഘത്തെയോ കുറെനേരം നോക്കിനില്ക്കുകയും ദൈവികതത്വത്തിൻെറ, താരതമ്യേന പരിക്ഷീണങ്ങളായ ആ മഹത്വങ്ങളിൽ നിത്യതയുടെ നിഴലുകൾ നിഗൂഢമായി കണ്ടെത്തുകയും

ചെയ്ത കാലം! പാപിഷ്ഠമായ ഒരു ശബ്ദത്താൽ മനസ്സാക്ഷിയെ മുറിവേല്പിക്കാൻ ഞാൻ എന്റെ നാക്കിനെ അഭ്യസിപ്പിക്കുന്നതിന്നുമുമ്പ്, അഥവാ, ഓരോ ഇന്ദ്രിയത്തിനും തന്നെ പല പാപങ്ങളും നല്കാനുള്ള കറുത്തവിദ്യ വശഗമാക്കുന്നതിന്നുമുമ്പ്, മാംസമയമായ എന്റെ ഈ ആവരണത്തിൽക്കൂടിയെല്ലാം നിത്യതയുടെ പ്രകാശമാനങ്ങളായ കിരണങ്ങൾ പ്രസരിക്കുന്നതായി എനിയ്ക്കനുഭവപ്പെട്ടു.

ഹാ! പിന്നോക്കം മടങ്ങി, ആ പുരാതനമാർഗ്ഗത്തിൽ വീണ്ടും നടക്കുവാൻ ഞാൻ എത്രമാത്രം ആഗ്രഹിയ്ക്കുന്നു! പരമോദ്ബുദ്ധനായ പരമാത്മാവു് എവിടെനിന്ന് സാലവൃക്ഷച്ഛായ പരന്ന ആ നഗരത്തെ കാണുന്നുവോ, മഹത്വംനിറഞ്ഞ എന്റെ കൂട്ടുകാരെ ഞാൻ എവിടെവെച്ചു ആദ്യമായി വിട്ടുകന്നുവോ, ആ വിശാലമായ മൈതാനത്തിൽ ഒരിക്കൽക്കൂടി ചെന്നെത്തുവാൻ ഞാൻ എത്ര തീവ്രമായി ആഗ്രഹിക്കുന്നു! പക്ഷെ— അയ്യോ! ഇത്രത്തോളം ഇവിടെ താമസിച്ചതുകൊണ്ടു് എന്റെ ആത്മാവു് കുടിച്ചുന്മത്തമായിരിക്കുകയാണ്! വഴിയ്ക്കുവെച്ച് അതു് ഇടറിപ്പോകുന്നു. ചില മനുഷ്യർ മുന്നോട്ടുള്ള പ്രയാണമാണ് ഇഷ്ടപ്പെടുന്നതു്; എന്നാൽ, ഞാനാകട്ടെ, പിന്നോക്കം അടിവെച്ചു പോകാനാഗ്രഹിയ്ക്കുന്നു. അങ്ങിനെ, ഞാൻ വന്നുചേൎന്ന രൂപത്തിൽ ഈ മൺപൊടി ശവകുടീരത്തിൽ വീഴുമ്പോൾ ഞാൻ പിന്മടങ്ങുന്നു.''

ജനിയ്ക്കുന്നതിനുമുമ്പുള്ള മഹത്വമോഹനമായ അവസ്ഥയെപ്പററി വോഗൻ വ്യക്തമായിപ്പറയുന്നു. ആ ആശയംതന്നെയാണ് 'അമൃതഗീത'വും ആവിഷ്കരിയ്ക്കുന്നതു്. ഈ ഗീതം എഴുതുന്നതിന്നുമുമ്പു് വേർഡ്സ്‌വത്തു് ഒരു

പക്ഷെ വോഗന്റെ കാവ്യം വായിച്ചിരിക്കാം; അങ്ങിനെയല്ലാതെയും വരാം. ഇക്കാൎയ്യത്തിൽ ഖണ്ഡിതമായൊന്നും പറഞ്ഞുകൂടാ. ഏതായാലും രണ്ടു കവിതകളും തമ്മിൽ ചില പ്രത്യേകസാദൃശ്യങ്ങൾ കാണുന്നുണ്ടു്. ഈ ജന്മത്തിനുമുമ്പുള്ള ആത്മാവിന്റെ ദിവ്യസ്ഥിതി; അതിനോടു് ശൈശവത്തിനുള്ള അടുപ്പം; പ്രായമാകുന്തോറും ആ മഹത്വത്തിൽനിന്നു് കൂടുതൽ കൂടുതൽ അകന്നുപോകുന്നതു്; ബാല്യകാലത്തിന്റെ പ്രകീൎത്തനം; അതിനെക്കുറിച്ചുള്ള അനുസ്മരണങ്ങൾ; അമൃതത്വത്തിലുള്ള വിശ്വാസം—ഈ ആശയങ്ങൾ രണ്ടു കവിതകളിലും സമാനങ്ങളാണു്. അതുകൊണ്ടുമാത്രം വേർഡ്സ്വത്തിന്നു് വോഗന്റെ കവിതയോടുള്ള കടപ്പാടു് പൂൎണ്ണമായും സ്ഥിരീകരിക്കപ്പെടുന്നില്ല. ദാൎശനികകവികൾ പലരും സമാനാശയങ്ങൾ കൈകാര്യം ചെയ്തതായിക്കാണാം. വേർഡ്സ്വത്താകട്ടെ കാവ്യരചനയ്ക്കു് സ്വന്തം അനുഭൂതികളെത്തന്നെയാണു് ആധാരമാക്കിയതെന്നു് കാവ്യഭാഗങ്ങളിൽനിന്നു് തെളിയുന്നുണ്ടു്.

**സ്വാനുഭൂതികളുടെ കവിത**

ഈ അനുഭൂതികൾ ഏതാണ്ടു് അസാധാരണങ്ങളായിരുന്നു. താഴെ ചേർത്ത വരികളിൽനിന്നു് അതു് വ്യക്തമാകുന്നതാണു്:—

"ഐന്ദ്രിയജ്ഞാനങ്ങളും ബാഹ്യമാം വസ്തുക്കളു-
മുണ്മയോ-വീണ്ടും വീണ്ടും പൊങ്ങുമിച്ചോദ്യങ്ങൾക്കും,
നമ്മിൽനിന്നവയെല്ലാമൂൎന്നുവീഴുന്നതിന്നും
അമ്മട്ടങ്ങവപിന്നെ മറഞ്ഞുപോവതിന്നും,
ഭാവനാത്മകലോകങ്ങളിലായ് സഞ്ചരിക്കും
ജീവിയ്ക്കുവ്യക്തമുള്ളിലുയരും ശങ്കകൾക്കും—".

ഈ വരികളിൽ പറഞ്ഞ അനുഭവങ്ങളെ 'ടിൻടേൺ ഏബി'യിലും രൂപഭേദേന വേർഡ്സ്വർത്ത് അവതരിപ്പിച്ചിട്ടുണ്ട്:—"ശരീരത്തിലെ ശ്വാസവും രക്തപരിവാഹവും ഏതാണ്ട് നിലച്ചപോലെയായവിധം, നിദ്രാണമായിക്കിടന്ന്, സചേതനാത്മാവു് മാത്രമായിത്തീരുകയും സ്വരൈക്യത്തിൻെറയും സമാഹ്ലാദത്തിന്റെയും ശക്തിയാൽ പ്രശാന്തമാക്കപ്പെട്ട കണ്ണുകൾകൊണ്ട് വസ്തുക്കളുടെ ആന്തരചൈതന്യത്തെ ചുഴിഞ്ഞുകാണുകയും ചെയ്യുന്ന ഒരു അനുഗൃഹീതസ്ഥിതിവിശേഷത്തെപ്പററി" കവി അതിൽ പ്രസ്താവിക്കുന്നു. ഈ അനുഭൂതികളാണ് വേഡ്സ്വർത്തിന്ന് അമൃതചിന്തയുടെ അവലംബമായി നിന്നതു്.

**പ്ലാറേറാവും വേർഡ്സ്വത്തും** പ്ലാറേറാ എന്ന ഗ്രീക്ക് ദാർശനികനിൽനിന്നാണ് ആത്മാവിൻെറ അമൃതഭാവത്തെക്കുറിച്ചുള്ള ആശയം വേർഡ്സ്വത്ത് കടംകൊണ്ടതെന്ന് ചിലർ ഊഹിച്ചിരുന്നു. എന്നാൽ അതു മുഴുവൻ ശരിയല്ലെന്ന് മററു ചില നിരൂപകന്മാർ ഇപ്പോൾ തെളിയിച്ചിട്ടുണ്ട്. മിസ്സ് ഫെൻവിക്കിനയച്ച കത്തിൽ പ്ലാറേറാവിന്റെ തത്വചിന്തയെപ്പററി വേർഡ്സ്വത്ത് പ്രസ്താവിച്ചതായി നാം കണ്ടുവല്ലൊ. അതിനാൽ പ്ലാറേറാവിൻെറ തത്വചിന്ത വേർഡ്സ്വത്തിനു് പരിചിതമായിരുന്നുവെന്നതിൽ സംശയമില്ല. പക്ഷെ, രണ്ടു പേരുടെയും ചിന്താഗതികൾ തമ്മിൽ സാരമായ വ്യത്യാസമുണ്ട്.

പ്ലാറേറാവിൻെറ തത്വചിന്തയിൽ രണ്ടു ലോകങ്ങളാണുള്ളതു്. ഒന്ന്, ആശയങ്ങളുടെ ലോകം; മറേറാ

ന്നു് നാം കാണുന്ന ബാഹ്യലോകം, അഥവാ ഭൌതിക പ്രപഞ്ചം. പരിണാമാത്മകമായ ഭൌതികപ്രപഞ്ചം പരിണാമവിധേയമല്ലാത്ത ആശയപ്രപഞ്ചത്തിൻെറ പ്രകാശനം മാത്രമാണു്. ആശയങ്ങളുടെ ലോകത്തിലാണു് ഭൌതികപ്രപഞ്ചത്തിൻെറ സൃഷ്ടിയ്ക്കുള്ള എല്ലാ സാരാംശങ്ങളും നിലകൊള്ളുന്നതു്. മററുവിധത്തിൽ പറഞ്ഞാൽ, ആന്തരാശയങ്ങളുടെ ഐന്ദ്രിയപ്രകാശനം മാത്രമാണു് ബാഹ്യപ്രപഞ്ചം. മനുഷ്യശരീരത്തിൽ നിവസിക്കുന്നതിന്നുമുമ്പു് മനുഷ്യാത്മാവു് ആശയങ്ങളുടെ വിശുദ്ധലോകത്തിലാണു് ജീവിച്ചതു്. പരിശുദ്ധാശയങ്ങളെ നോക്കിനിന്നും അത്ഭുതംകൊണ്ടും ആരാധിച്ചും ആത്മാക്കൾ ചൈതന്യവും ഉജ്ജീവനവും ഉൾക്കൊള്ളുന്നതായി പ്ലാറേറാ പറയുന്നു. ആശയങ്ങളുടെ ലോകത്തെയും ദേവന്മാർക്കും ആത്മാക്കൾക്കും അതോടുള്ള ബന്ധത്തെയും പററി പ്ലാറേറാ ഇപ്രകാരമാണു് വിവരിക്കുന്നതു്:—"നീതിബോധം, സഹിഷ്ണുത, ജ്ഞാനം, പ്രേമം, സത്യം എന്നിവയും ഇതരദൈവികഗുണങ്ങളും യഥാർത്ഥത്തിലുള്ള സദ്ഭാവങ്ങളാണു്; അവ സ്വർഗ്ഗത്തിലെ മഹത്വപൂർണ്ണവും അനുഗൃഹീതവുമായ കാഴ്ചകളത്രെ. അവയെ കണ്ടുകൊണ്ടിരിക്കുന്നതിൽനിന്നാണു് ദേവന്മാർക്കു് ദിവ്യജീവിതം ലഭിക്കുന്നതു്. ദേവന്മാർ അവയെ അനുദിനം സന്ദർശിയ്ക്കുന്നു; അവയെക്കുറിച്ചുള്ള ധ്യാനത്തിൽനിന്നു് ജീവചൈതന്യവും ശക്തിയും വലിച്ചെടുക്കുന്നു. ഭൂമിയിലെത്തുന്നതിന്നുമുമ്പു്, ഓരോ മനുഷ്യാത്മാവും ദേവന്മാരെ പിന്തുടരനുള്ള മാർഗ്ഗത്തിൽ നിവസിയ്ക്കുന്നു; ദേവന്മാരോടൊപ്പം മേലെ കയറി പരമസത്യത്തിൻെറ ദർശനം സാധിക്കുന്നു. ശാശ്വതസദ്ഭാവത്തെ ആവിഷ്കരിയ്ക്കുന്ന ആ അമൃതഗുണങ്ങളുടെ ദിവ്യദൃശ്യം

ദേവന്മാരോടൊപ്പം ആത്മാക്കളും ഉററുനോക്കുന്നു. പക്ഷെ ആത്മാക്കൾക്കു് അതിൻെറ അപൂൎണ്ണദർശനം മാത്രമെ ലഭിക്കുന്നുള്ളു; മുഴുവൻ കാണ്മാൻ കഴിയുന്നില്ല— ഒരു കുന്നിൻമുകളിൽ അതു നോക്കിനില്ക്കുകയും ഒരു നിമിഷനേരം കാണുകയും പിന്നെ മറഞ്ഞുപോകയും ചെയ്യുന്നതുപോലെ." ആത്മാവിൻെറ മുൻസ്ഥിതിയ്ക്കും അതിനെക്കുറിച്ചു പിന്നിട്ടുള്ള പരിക്ഷീണമായ അനുസ്മരണത്തിന്നും പ്ലാറേറാവിൻെറ തത്വചിന്തയിൽ സ്ഥാനമുണ്ടു്. മുമ്പുകണ്ട ദിവ്യഗുണങ്ങളുടെ അനുസ്മരണത്തെത്തുടൎന്നുള്ള ഉണൎവ്വിൽനിന്നാണു് മനുഷ്യനു് ജ്ഞാനമുണ്ടാകുന്നതെന്നത്രെ പ്ലാറേറാവിൻെറ അഭിപ്രായം. മനസ്സിനു് ശ്രദ്ധാപൂൎവ്വമായ അഭ്യാസം നല്കി, ഈ അനുസ്മരണത്തിന്നുള്ള ശക്തി വളൎത്തുവാൻ സാധിക്കുമെന്നു് പ്ലാറേറാ വിശ്വസിക്കുന്നു. മനുഷ്യാത്മാവിനു് നന്മയും പുരോഗതിയും വരുത്തുവാനുള്ള സാധ്യത ഇഹലോകജീവിതത്തിലുണ്ടെന്നാണു് അതിനാൽ പ്ലാറേറാവിൻെറ അഭിപ്രായം. വേഡ്സ്‌വത്തിനാകട്ടെ അങ്ങിനെ അഭിപ്രായമില്ല. വേർഡ്സ്‌വത്തിൻെറ തത്വചിന്ത ഇപ്രകാരം സംഗ്രഹിയ്ക്കാം: "ജനിക്കുമ്പോൾ ആത്മാവു് ദൈവസന്നിധിയിൽനിന്നാണു് വരുന്നതു്. സ്വൎഗ്ഗീയദീപ്തിയാൽ ആവൃതമായി, മഹത്വശ്രീയാൎന്ന ഒരു മഞ്ജുമേഘത്തെപ്പോലെ ആത്മാവു് ഭൂമിയിലെത്തുന്നു. തൻെറ പൂൎവ്വവസതി—ഈശ്വരമന്ദിരം അഥവാ സ്വൎഗ്ഗം—യെപ്പററിയുള്ള മനോഹരസ്വപ്നത്തിൻെറ ഭാസുരശോഭയെ കുട്ടി തന്നിൽ ചാൎത്തുന്നു. വളരുമ്പോൾ അവൻ സ്വൎഗ്ഗീയസൌഭാഗ്യങ്ങൾ ഒട്ടൊക്കെ കാണുകയും സ്വൎഗ്ഗ്യജീവിതത്തിൻെറ സ്മരണ നിലനിൎത്തുകയും ചെയ്യുന്നു. പുരുഷനാകുമ്പോഴെയ്ക്കും ആ സ്വൎഗ്ഗീയദീപ്തി ആകെ അകന്നുപോയതായി അനുഭവപ്പെടുന്നു.

ഇഹലോകജീവിതസുഖങ്ങൾ അവനെ അതിൽനിന്നു് അകററിനിൎത്തുന്നു. സ്വൎഗ്ഗീയബന്ധങ്ങൾ അററുപോകുന്നു. പകരം, ചങ്ങലയ്ക്കിടുന്ന ലോകബന്ധങ്ങൾ അവനെ വലയംചെയ്യുന്നു. അവൻ ഇന്ദ്രിയബോധങ്ങൾക്കു് അടിമയായിത്തീരുന്നു. അത്രയുംകൊണ്ടുതന്നെ ആദ്യത്തെ ദിവ്യജീവിതത്തെക്കുറിച്ചുള്ള സ്മരണകൾ അവസാനിക്കുന്നു."—ഇവിടെയാണു് പ്ലാറേറാവും വേർഡ്സ്വത്തും തമ്മിലുള്ള വ്യത്യാസം. ഇഹലോകജീവിതത്തിൽ മനസ്സിനു നല്കുന്ന നല്ല പരിശീലനംകൊണ്ടു്, യുക്തിയുടെ സഹായവും അവബോധവുംകൊണ്ടു്, കൂടുതൽ നന്മയിലേക്കും ജ്ഞാനത്തിലേക്കും ദിവ്യത്വത്തിലേക്കും എത്തിച്ചേരാമെന്നു് പ്ലാറേറാ പറയുന്നു. വേർഡ്സ്വത്തിന്റെ അഭിപ്രായം അതിന്നു വിരുദ്ധമാണു്. ഈശ്വരീയതയോടു് ഏററവും അടുപ്പമുള്ള കാലം ബാല്യമാണെന്നും, വളൎന്നുവരുന്തോറും ലൌകികജീവിതമാകുന്ന കാരാഗൃഹത്തിൻെറ മതിൽക്കെട്ടുകൾ ഉയൎന്നുയൎന്നു ആ സ്വൎഗ്ഗീയദീപ്തിയെ മറക്കുകയാണെന്നും വേർഡ്സ്വത്തു് പ്രസ്താവിക്കുന്നു.

**അമൃതഗീതത്തിലെ കാവ്യസത്യം** പ്രഥമദൃഷ്ട്യിൽ വേർഡ്സ്വത്തിൻെറ തത്വചിന്ത വാസ്തവികമായിത്തോന്നാം. ലോകമാലിന്യങ്ങളൊന്നുമേല്ക്കാത്ത, നിഷ്കളങ്കനായ ഒരു ശിശു ദിവ്യഭാവത്തോടു് ഏററവും അടുത്തുനിൽക്കുന്നുവെന്ന സങ്കല്പം നമ്മുടെ ഇടയിലുമുണ്ടു്. 'കുട്ടി പരബ്രഹ്മം പോലെയാണു്" എന്നു് നാട്ടാർക്കിടയിൽ ഒരു പഴമൊഴിയുണ്ടല്ലോ. എന്നാൽ, സങ്കല്പത്തിൽ കവിഞ്ഞ ഒരു സമ്മതി ആ ആശയത്തിനുണ്ടെന്നു് തെളിയിക്കുക സാധ്യമല്ല. ഈ വസ്തുത മുൻനിൎത്തി ചില നിരൂപകന്മാർ

വേർഡ്സ്വത്തിൻെറ തത്വചിന്തയെ അപലപിച്ചി ട്ടുണ്ട്. വേർഡ്സ്വത്തിന്നു് പ്രശംസചൊരിഞ്ഞ മേത്യൂ ആർനോൾഡ്തന്നെ ഇപ്രകാരം പറയുന്നു:—“ഒരു ഭാവ നാവിഹാരമെന്ന നിലയിൽ ഈ കവിതയിലെ ആശയം അനിഷേധ്യസൌന്ദര്യമുള്ള ഒന്നാണ്. എന്നാൽ ഉത്തമ മായ കാവ്യസത്യത്തിൻെറ സ്വഭാവം അതിന്നില്ല; യഥാ ർത്ഥത്തിൽ അതിനു കെട്ടുറപ്പില്ല.” ഈ കാവ്യത്തിലെ തത്വചിന്ത സത്യാത്മകമല്ലെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. ‘പുരുഷൻെറ പിതാവു് കുട്ടിയാണ്” എന്നു് വേർഡ്സ് വത്തു് പറഞ്ഞതിനെ എങ്ങിനെ തെളിയിക്കാമെന്നു് നിരൂപകന്മാർ ചോദ്യംചെയ്യുന്നു. അതു് വാസ്തവംതന്നെ. എന്തെന്നാൽ, കുട്ടിയുടെ അസാധാരണമായ ദിവ്യത്വ മോ, ബൌദ്ധികവും മാനസികവുമായ പ്രാപ്തിവിശേഷ ങ്ങളോ തെളിയിച്ചുകാട്ടുവാൻ ആക്കും കഴിവില്ല. എ ങ്കിൽക്കൂടി നമുക്കു സമാധാനിച്ചുകൂടേ? സരളതയും നിഷ്കള ങ്കതയും നിറഞ്ഞുനില്ക്കുന്ന ഒരു ശിശു സ്വയമേവ ദിവ്യ ഭാവത്തിന്നു് നിദർശനമല്ലെന്നു വരുമോ?

**അനുഭവങ്ങളുടെ വെളിച്ചത്തിൽ**

വേഡ്സ്വർത്തിൻെറ വ്യ ക്തിഗതങ്ങളായ അനുഭവങ്ങളാ ണ് അമൃതഗീതത്തിൽ രേഖ പ്പെടുത്തിട്ടുള്ളതു്. അവ അവലംബിച്ചു് പൊതുവെ യുള്ള ഒരു തത്വചിന്ത ആവിഷ്കരിച്ചതാണ് ഈ ആക്ഷേ പങ്ങൾക്ക് കാരണമെന്നു തോന്നുന്നു. വ്യക്തികളുടെ ആത്മപരിണാമങ്ങൾ പല തോതുകളിലുമാണുള്ളതു്; ആ വ്യത്യസ്തനിലപാടുകൾക്കനുസരിച്ചു് അവരുടെ അനു ഭവങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ആത്മീയാനുഭവങ്ങ ളെസംബന്ധിച്ചു് ഇതു് പ്രത്യേകമായും വാസ്തവമാണ്. ഒരുദാഹരണംകൊണ്ടു് ഇതു സമർത്ഥിയ്ക്കാം. വിവേകാന

ദൻ പൂർവ്വാശ്രമത്തിൽ നരേന്ദ്രനെന്നറിയപ്പെട്ട കാലത്തു്, ഉറങ്ങാൻ കിടക്കുമ്പോൾ ഒരു ദീപ്തിവിശേഷം കാണുകയും, അതു മങ്ങിപ്പോകെ നിദ്രാധീനനായിത്തീരുകയും പതിവായിരുന്നുവത്രെ. അതു് എല്ലാവർക്കും അനുഭവപ്പെടുന്ന ഒരു കാഴ്ചയായി നരേന്ദ്രൻ കരുതി. പിന്നീടു് മാത്രമാണു് അങ്ങിനെയല്ലെന്നറിവായതു്. ആ കാഴ്ച സർവ്വസാധാരണമായിക്കരുതി ഒരു നിഗമനത്തിനു പുറപ്പെടുന്നതു് അബദ്ധമായിരിക്കുമല്ലോ. വേർഡ്സ്‌വത്തിന്റെ അനുഭവങ്ങൾ അദ്ദേഹത്തിനു് സത്യാത്മകങ്ങളായിരുന്നു; എങ്കിലും, അവ എല്ലാവർക്കും ബാധകമായി വിചാരിക്കുന്നതും ആ വിചാരത്തെ അടിസ്ഥാനമാക്കി സാമാന്യമായ ഒരു നിഗമനം പടുത്തുയർത്തുകയും ചെയ്യുന്നതു് യാഥാർത്ഥ്യാത്മകമായിത്തീർന്നില്ല.

**കവിതയുടെ ആത്മസത്ത** കവിയുടെ അനുഭവങ്ങളും ജീവിതപ്രമാണങ്ങളും, തത്വചിന്തകളും മനോഗതികളും ഉൾക്കൊള്ളുന്ന നിലയിൽ അമൃതഗീതത്തിന്നു് വിലയേറിയ ഒരാത്മസത്തയുണ്ടു്. വേർഡ്സ്‌വത്തിന്റെ മാനസികപ്രാപ്തികളോടു് അടുത്തുനില്ക്കുന്നവർക്കു് ഈ കാവ്യം കൂടുതൽ യാഥാർത്ഥ്യബോധത്തോടെ ആസ്വാദ്യവുമാകും. വ്യക്തിഭാവാത്മകങ്ങളായ കവിതകളുടെ ആസ്വാദനം പലർക്കും വ്യത്യസ്തതോതുകളിലാണു് അനുഭവപ്പെടുക. അതിനാൽ 'മൈയ്യരസ്'' എന്ന നിരൂപകന്റെ അഭിപ്രായം വളരെ ശരിയാണെന്നു പറയാം. അദ്ദേഹം എഴുതി: "വേർഡ്സ്‌വത്തു് ചിലപ്പോൾ സ്വന്തം ആന്തരപ്രചോദനങ്ങൾ ഒരു സിദ്ധാന്തമായി അവതരിപ്പിക്കുന്നുണ്ടു്. അതു അവശ്യമായും ഒരു സിദ്ധാന്തത്തിന്റെ സ്വഭാവമുള്ളതല്ല; മുഴുക്കെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാവു

ന്നതുമല്ല. സമജ്ജ്വലിതമായ വികാരത്തിലേക്കുള്ള ഒരുൾപ്രവേശമാണതു്. അവരവരുടെ പ്രാപ്തികളുടെയും ആവശ്യങ്ങളുടെയും അളവിൽ, വ്യത്യസ്തമനസ്സുകൾക്കു് അതിൽ ഭാഗഭാക്കുകളാകാവുന്നതാണു്.'' ഏതായാലും വ്യക്തിഗതങ്ങളായ അനുഭവങ്ങളുടെ വെളിച്ചത്തിൽ രൂപപ്പെടുത്തിയതാണു് ഈ കവിതയെന്നതിൽ സന്ദേഹമില്ല. അത്രമാത്രം, വാസ്തവികമായി നാം അംഗീകരിച്ചാൽ മതി.

**വേർഡ്സ്വത്തും മനുഷ്യമനസ്സും** ഏതു കവിതയുടെ ആസ്വാദനവും കവിയുടെ മാനസികാവസ്ഥ സുവ്യക്തമായി ഗ്രഹിച്ചാൽ മാത്രമെ പൂർണ്ണമാകയുള്ളു. വേർഡ്സ്വത്തിനെ സംബന്ധിച്ചു് ഇതു വളരെ യഥാർത്ഥമാണ താനും. കാരണം, അദ്ദേഹത്തിൻെറ കവിതയ്ക്കുള്ള താല്പര്യം പ്രധാനമായും മനശ്ശാസ്ത്രപരമായതത്രെ. വിപുലവും നിഴൽ നിറഞ്ഞതും ആഴം കാണാത്തതുമായ മനുഷ്യമനസ്സിൻെറ ഗതിവിഗതികൾ അറിയുവാനായിരുന്നു വേർഡ്സ്വത്തിൻെറ ഉദ്യമം. ഈ ഉദ്യമത്തിൻെറ ഗൌരവവും വൈപുല്യവും സംഭ്രാന്തിജനകവും ഭീകരവുമായി ചിലപ്പോൾ കവിയ്ക്കു് അനുഭവപ്പെട്ടു. ''നരകത്തിലെ അന്ധകാരാവൃതങ്ങളായ ഭാഗങ്ങളും സർവ്വത്ര അവ്യവസ്ഥയും കുഴപ്പവും നിറഞ്ഞ സ്ഥിതിഗതികളും നിശ്ശൂന്യതയും ഒന്നും തന്നെ നമ്മുടെ—മനുഷ്യൻെറ—മനസ്സിൽ നോക്കുമ്പോഴുണ്ടാകുന്നത്ര ഭയോദ്ഭ്രാന്തി ജനിപ്പിക്കുന്നതല്ലെ''ന്നു് കവി ഒരിടത്തു പറയുന്നുണ്ടു്. എങ്കിൽകൂടി, ആ മനുഷ്യമനസ്സാണു് തൻെറ ആവേശവും തൻെറ ഗാനങ്ങൾക്കുള്ള പ്രധാനവിഷയവുമെന്ന വാസ്തവം അദ്ദേഹം തുറന്നുപറയുന്നു. മനുഷ്യമനസ്സിലെ അലകളും അടിയൊഴുക്കുകളും

നോക്കിയറിയുകയെന്നതായിരുന്നു കവിയുടെ വിഷമകൃത്യം. അതിൽക്കൂടി അദ്ദേഹം കവിതയ്ക്കുള്ള വിഷയവും ആവേശവും കണ്ടെത്തി. സ്വന്തം മനസ്സിലെ അനുഭൂതികളും വ്യാപാരവിശേഷങ്ങളും തന്നെയാണ് വേർഡ്സ്വത്ത് പലപ്പോഴും ഗവേഷണവിഷയമാക്കിയതു്. വികാരങ്ങളുടെയും ആന്തരപ്രേരണകളുടെയും ഇഷ്ടാനിഷ്ടങ്ങളുടെയുമെല്ലാം ആഴങ്ങളിൽ അദ്ദേഹത്തിൻെറ കാവ്യഭാവന വിഹരിച്ചു.

**അസാധാരണങ്ങളായ അനുഭവങ്ങൾ**

വേഡ്സ്വത്തിനുണ്ടായ അസാധാരണങ്ങളായ ചില അനുഭൂതികളെ തത്വദർശനത്തിൻെറ വേഷ്ടഭൂഷകളണിയിച്ചു അവതരിപ്പിച്ചതാണ് 'അമൃതഗീതം'. ബാഹ്യപ്രപഞ്ചത്തിൻെറ യാഥാർത്ഥ്യം മുഴുവൻ നിരാകരിയ്ക്കാത്തവിധം, നമ്മുടെ ദാർശനികരുടെ ഭാഷയിൽ, 'ഉള്ളിലും പുറമെയുമെങ്ങുമേ നിറയുന്ന' ഒരു സാർവ്വത്രികസാന്നിധ്യം—ദിവ്യചൈതന്യം—പ്രകൃതിയിൽ വ്യാപിച്ചിരിപ്പുണ്ടെന്നു് അദ്ദേഹത്തിന്നനുഭവപ്പെട്ടു. ഈ അനുഭൂതികൾ ചിലപ്പോൾ അവ്യക്തങ്ങളായിരുന്നു: ഭാരതീയർക്കു പരിചയപ്പെട്ട യോഗാനുഭവങ്ങളോടു് സാദൃശ്യം വഹിക്കുന്നവയുമായിരുന്നു. വേഡ്സ്വത്തിൻെറ വാക്കുകളിൽനിന്നുതന്നെ നമുക്കു് അവയുടെ സ്വഭാവം മനസ്സിലാക്കാം:—"ശരീരബോധം നിദ്ര കൊണ്ടതുപോലെ തോന്നുന്നു; ആത്മനിഷ്ഠമായ ഒരനുഭൂതിയുടെ ആഴങ്ങളിൽ ആത്മാവു് ആണ്ടുനില്ക്കുന്നതുപോലെയും തോന്നുന്നു. നശ്വരമോ സ്വപ്നസദൃശമോ ആയ ലോകം മനോബാഹ്യമായ യാതൊരു സംബന്ധവുമില്ലാതെ കേവലം ബോധവസ്തുക്കളെക്കൊണ്ടു് രൂപപ്പെടുത്തിയതായിത്തോന്നുന്നു. ആ പരമചൈതന്യം

പ്രകൃതിയിൽ മുഴുവൻ നിറഞ്ഞുനില്ക്കുന്നു. എല്ലാററിനെയും പരസ്പരം ബന്ധപ്പെടുത്തുന്ന കണ്ണികളിൽക്കൂടി സർവ്വലോകങ്ങളുടെതുമായ ആ ആത്മാവു് പരിവാഹം ചെയ്യുന്നു." പല രൂപങ്ങളിലും ഫലങ്ങളിലുമായാണു് വേർഡ്സ്‌വത്തിന്നു് ഈ അനുഭൂതിയുണ്ടായതു്. ചിലപ്പോൾ, അത്യുന്നതവും അനന്തപ്രഭാവസമ്പൂർണ്ണവുമായ ആത്മീയലോകത്തിലേക്കുയർത്തി അതു് അവാച്യമായ പരമാനന്ദം നല്കി. ആ സന്ദർഭങ്ങളിൽ കവിയുടെ ക്രാന്തദർശിത്വം അതിസൂക്ഷ്മമായിത്തീൎന്നു. പ്രപഞ്ചയാഥാർത്ഥ്യങ്ങളുടെ മറ അദ്ദേഹത്തിൻെറ ദൃഷ്ടിയ്ക്കുമുമ്പാകെ അകററപ്പെട്ടു. നിരാവൃതമായ നിത്യസത്യത്തിൻെറ ദർശനം കവിതയെ ഏകാഗ്രവും ധന്യവുമാക്കി. ആ സദ്ഭാവത്തിൽ എന്തു സംഭവിച്ചുവെന്നു് 'ടിൻടേൺ ഏബി'യിലുള്ള കവിയുടെ വിവരണത്തിൽനിന്നറിയാം. "സമുന്നതചിന്തകളുടെ സമാഹ്ലാദത്തിൽ എന്നെ അസ്വസ്ഥമാക്കുന്ന ഒരു ദിവ്യസാന്നിധ്യം എനിയ്ക്കനുഭവപ്പെടുന്നു. അസ്തമനാദിത്യന്മാരുടെ ദീപ്തിയും, വൎത്തുളമായ സമുദ്രവും, ജീവചൈതന്യമുൾക്കൊള്ളുന്ന വായുവും, നീലാകാശവും, മനുഷ്യൻെറ മനസ്ഥലവും ആരുടെ വസതിയായിരിക്കുന്നുവോ, അത്യന്തം അഗാധതയിൽ, എല്ലാററിലും അലിഞ്ഞുചേൎന്ന ഏതോ ഒന്നിനെക്കുറിച്ചുള്ള പരമോത്കൃഷ്ടബോധം എനിയ്ക്കനുഭവപ്പെടുന്നു. ചിന്തകൊള്ളുന്ന എല്ലാററിനെയും, എല്ലാ ചിന്തകൾക്കും വിധേയങ്ങളായ സമസ്തവസ്തുക്കളെയും, നിർബ്ബന്ധപൂർവ്വം പ്രചോദിപ്പിച്ചുകൊണ്ടുള്ള ഒരു ചലനവും ഒരാത്മാവുമായി അതു് എല്ലാററിലും കിടന്നുമറിയുന്നു." ഇതു തന്നെയാണല്ലൊ 'ഉള്ളതിൻെറ ഉള്ളിലുള്ള'തായി നാം വ്യവഹരിയ്ക്കുന്ന അന്തസ്സത്ത.

**പ്രകൃതിയുടെ മഹാ പുരോഹിതൻ** ചില പ്രത്യേക സന്ദർഭങ്ങളിൽ ഈ അന്തസ്സത്തയുടെ പ്രബോധനം വേർഡ്സ്വത്തിന്നുണ്ടായിത്തീർന്നുവെന്നല്ലാതെ അതു് ഒരു സ്ഥിരാനുഭവമായിരുന്നില്ല; ഭൗതികവസ്തുക്കളുടെ ലോകത്തെ അദ്ദേഹം പൂർണ്ണമായി നിഷേധിച്ചുവെന്നു് അർത്ഥമാക്കേണ്ടതുമില്ല. പ്രകൃതിയുടെ പ്രധാനസ്വഭാവത്തെ മനസ്സിലാക്കുവാനും സത്യദർശനം സാധിക്കാനും ഈ അനുഭവങ്ങൾ കവിയെ സഹായിച്ചു. ആത്മീയമായ ജാജ്വല്യമാനതയുടെ അതുല്യപ്രഭാവത്തോടുകൂടിയാണു് അതു പലപ്പോഴും അനുഭവപ്പെട്ടതു്. പ്രകൃതിയെപ്പററി ശരിയ്ക്കുള്ള ആത്മീയവ്യാഖ്യാനം നല്കുവാൻ താൻ നിയുക്തനാണെന്നു് വേർഡ്സ്വത്തു് അതിനാൽ വിശ്വസിച്ചു. പ്രകൃതിയുടെ മഹാപുരോഹിതൻെറ കൃത്യം അദ്ദേഹം സ്വയം ഏറെറടുത്തു. "ഏററവും പരിശുദ്ധിയുള്ള ചിന്തകളുടെ നങ്കൂരമായും ഹൃദയത്തിന്നു് ധാത്രിയും മാർഗ്ഗദർശിയും രക്ഷിതാവുമായും ധർമ്മസദ്ഭാവത്തിൻെറ ആത്മാവുതന്നെയായും" വേർഡ്സ്വത്തു് പ്രകൃതിയെ പരിഗണിച്ചു. പ്രകൃതിയുടെനേർക്കു് അദ്ദേഹം ഭക്തിഭരിതനായി. ബാഹ്യാകാരങ്ങളുടെ ആത്മീയഭാവം അദ്ദേഹം കണ്ടറിഞ്ഞു. പ്രകൃതിയിൽനിന്നു ലഭിച്ച അനുഭൂതികളിൽക്കൂടി അതു് കവിയ്ക്കു സ്വയം വിശദമായിരുന്നു. പ്രകൃതിയോടുള്ള ഭക്തിവിശ്വാസങ്ങൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിറഞ്ഞു.

**അമൃതഗീതത്തിലെ അനുഭൂതികൾ** വേർഡ്സ്വത്തിനുണ്ടായ വിശിഷ്ടാനുഭൂതികളുടെ ഒരേകദേശജ്ഞാനം അമൃതഗീതത്തിലെ ഒമ്പതാം ഖണ്ഡികയിൽനിന്നു് നമുക്കു ലഭിക്കുന്നുണ്ടു്.

ബാല്യകാലത്തിലെ 'സ്വൎഗ്ഗീയത'യ്ക്കും, നിഴൽപ്രായം നിലനിന്ന അവയുടെ അനുസ്മരണങ്ങൾക്കും കവി നന്ദി പറയുന്നു; ജീവിതം വിളക്കിയതും കണ്ണുകൾ തെളിയിച്ചതും അവയാണെന്നു് തുറന്നോതുന്നു. അതിനാലാണു് അനൎഘങ്ങളായ അനുസ്മരണങ്ങളിൽക്കൂടി കവി അവയെ ഹൃദയത്തോടടുപ്പിച്ചു് ഓമനിക്കുന്നതു്.

പക്ഷെ, ഈ കാവ്യത്തിലെ അടിസ്ഥാനചിന്ത ഭാവനാത്മകം മാത്രമാണെന്നത്രെ മേത്യൂ ആർനോൾഡിൻെറ അഭിപ്രായം. എന്തായാലും, കവിയെ സംബന്ധിച്ചേടത്തോളം, മുമ്പുണ്ടായ മഹത്വദർശനങ്ങൾ തികച്ചും യാഥാൎത്ഥ്യാത്മകങ്ങളായിരുന്നുവെന്നതിൽ സംശയിക്കാൻ നിവൃത്തിയില്ല. കവിയുടെ യുക്തിചിന്ത മനസ്സിലാക്കുന്നതു് എളുപ്പമല്ലായിരിക്കാം. അനുഭൂതികളുടെ സ്വഭാവംകൊണ്ടു് അവയുടെ വിവരണം അവ്യക്തപ്രതീതികൾ ജനിപ്പിക്കത്തക്കവിധം മാത്രമെ ആകാനിടയുള്ളു. മാനസികമായ ഏതോ പ്രക്രിയയാലോ, ക്രാന്തദർശനത്താലോ, ആന്തരപ്രചോദനങ്ങളാലോ 'വസ്തുക്കളുടെ ജീവ'നിൽ അദ്ദേഹത്തിനു് ദൃഷ്ടിയെത്തിക്കാൻ സാധിച്ചു; പ്രകൃതിയിലെ പരമസത്യം അദ്ദേഹം കണ്ടുപിടിച്ചു; അതോടുകൂടി ജീവിതരഹസ്യവും. ഈ തത്വബോധം അദ്ദേഹത്തെ കൂടുതൽ പ്രേമധന്യനാക്കി; സഹാനുഭൂതി വളൎത്തുവാൻ സഹായിക്കുകയും ചെയ്തു.

**ഒരു വിലയിരുത്തൽ**

വേർഡ്സ്‌വർത്തിനെപ്പററി 'ലെസ്ലി സ്റ്റീഫൻ' എഴുതീട്ടുള്ളതു് അൎത്ഥവത്തായ ഒരു വിലയിരുത്തലായിത്തോന്നുന്നു:—"പ്രകൃതിയിലെ വസ്തുക്കൾ അനന്തരജീവിതത്തിൽ ഏററവും മനോഹരങ്ങളായിത്തോന്നുന്നതിനു് അവയുമായുള്ള പൂൎവ്വകാലപരിചയങ്ങൾ എത്ര

ത്തോളം ഹേതുഭൂതങ്ങളാണെന്നും സ്വന്തം പ്രക്രിയകളെ പ്പററി ചിന്തിയ്ക്കുവാൻ പ്രാപ്തിയില്ലാത്ത മനസ്സിൽ അവ എങ്ങിനെ രൂപംകൊള്ളുന്നുവെന്നും ഇത്രമാത്രം ഭംഗിയേറിയ കവിതാശക്തിയിൽ, വേർഡ്സ്വർത്തിനെപ്പോലെ മററൊരാളും വ്യക്തമാക്കിട്ടില്ല...മുമ്പു നാം സഞ്ചരിച്ച പാത ഏതെങ്കിലുമൊരു പ്രത്യേക സ്ഥാനത്തോട് ബന്ധപ്പെട്ടുനില്ക്കുന്നപക്ഷം ഒരു ഗൃഹമോ വീഥിയോ മതി അതേക്കുറിച്ചുള്ള ചെറിയ ചെറിയ വിശദാംശങ്ങൾ നമ്മുടെ മനസ്സിൽ ആനയിക്കുവാൻ. ഒരു പർവ്വതമോ തടാകമോ കൂടുതൽ അഗാധവും ചിരസ്ഥായിയുമായ വികാരഘടകങ്ങളെ ഉണർത്തും......നിങ്ങളുടെ ആദിമദിനങ്ങളിൽ—ബാല്യകാലത്തിൽ—പ്രകൃതിയിലെങ്ങും കാണുന്ന വസ്തുക്കളിൽ ആഹ്ലാദം ദർശിയ്ക്കാനുള്ള ഭാഗ്യവും സൗഖ്യവും നിങ്ങൾക്കുണ്ടായെന്നിരിക്കട്ടെ. പിൽക്കാലത്ത് ചിരസ്ഥായികളായ ബന്ധങ്ങൾ രൂപപ്പെടുമ്പോൾ, അവയുടെ ദർശനംതന്നെ പൂർവ്വകല്പിതങ്ങളും ദിവ്യങ്ങളുമായ സൂചകങ്ങൾകൊണ്ട് നിങ്ങളുടെ ആദിവികാരങ്ങളിൽ അത്യുത്കൃഷ്ടങ്ങളായവയെ മനസ്സിൽ ആനയിക്കുന്നതാണ്.” അത്തരം ഔൽകൃഷ്ട്യങ്ങളുടെ പുനരാനയനം വേർഡ്സ്വർത്ത് അമൃതഗീതത്തിൽകൂടി നമുക്ക് അനുഭവപ്പെടുത്തിത്തരുന്നു.

**കാവ്യസംഗ്രഹം** കവിയുടെ ബാല്യകാലത്തെക്കുറിച്ചുള്ള ഒരു സാമാന്യവിവരണത്തോടെയാണ് കാവ്യം ആരംഭിക്കുന്നത്. അന്നു കാണപ്പെട്ട ഏതു വസ്തുവും, പ്രകൃതിയിലുള്ള എല്ലാ വസ്തുക്കളുംതന്നെ, ഒരു സ്വർഗ്ഗീയകാന്തിയാൽ ആച്ഛാദിതമായിരുന്നു—മാഹാത്മ്യമേറിയ ഒരു ദർശനം! ആ കാലവും മഹത്ദർശനവും ദിവ്യശോഭാവലയവും മറഞ്ഞു

പോയി. ഭൂമി രമണീയമായിത്തന്നെ നിലകൊള്ളുന്നു— എല്ലാ വസ്തുക്കളും മനോഹരങ്ങൾ. പക്ഷെ എല്ലാററിലും ഒരു മഹത്വകാന്തി മറഞ്ഞതായി കവിയ്ക്കു് അനുഭവപ്പെടുന്നു.

ജീവിതത്തിൻെറ അനന്തരഘട്ടത്തിൽ കവിയ്ക്കു് ഒരു വിഷാദഘട്ടം തരണം ചെയ്യേണ്ടിവന്നു. അതിൽനിന്നു് അദ്ദേഹം രക്ഷനേടിയതു് പ്രകൃതിയിലെ ആഹ്ലാദം നോക്കിക്കണ്ടുകൊണ്ടാണു്. പ്രകൃതിയിലെ ഉന്മേഷവും സന്തോഷവും അദ്ദേഹത്തിന്നു് ആത്മബലവും ബുദ്ധിവൈശദ്യവും നല്കി; എങ്ങും സന്തോഷം നടമാടുമ്പോൾ താൻ മാത്രം വിഷാദിക്കുന്നതു് അനുചിതമാണെന്ന ബോധം ഉളവാക്കി. അപ്പോഴും പൂവ്വകാലത്തെപ്പററിയുള്ള ഓമ്മകൾ മനസ്സിൽ വന്നുനിറയുകയാൽ അദ്ദേഹം അസ്വസ്ഥനായിത്തീൻ. സ്വപ്നസദൃശം മറഞ്ഞുപോയ ആ സ്വർഗ്ഗീയസൌന്ദൎയ്യത്തെപ്പററി പ്രകൃതിയിലെ നിസ്സാര വസ്തുക്കൾകൂടി അദ്ദേഹത്തെ വീണ്ടും വീണ്ടും അനുസ്മരിപ്പിച്ചു.

ഈ അനുഭവത്തിൻെറ രഹസ്യത്തെക്കുറിച്ചു് കവി ആലോചിക്കുകയായി. അതോടെയാണു് കാവ്യം തത്വചിന്താത്മകമായി മാറുന്നതു്. ജന്മം ഒരബദ്ധമായിരിക്കാമെന്നു് കവി കരുതി. ആത്മാവിൻെറ ഒരു പുനരവതാരമാണതു്. ശരീരവുമായി ബന്ധപ്പെടുന്നതിന്മുമ്പു് ആത്മാവു് ഈശ്വരസന്നിധിയിലായിരുന്നു. ജന്മം പ്രാപിക്കുമ്പോൾ അതു് പൂവ്വസ്ഥിതി പൂണ്ണമായും മറന്നുകഴിയുന്നില്ല. ഈശ്വരലോകത്തിൻെറയും അതിലെ മഹിമകളുടെയും അനുസ്മരണം വീണ്ടും വീണ്ടും ഉദയംകൊള്ളുന്നു. ശരീരമാകുന്ന കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട പോലെയാണു് ആത്മാവിൻെറ സ്ഥിതി. ലോകജീവിതം തുടൻപോകുമ്പോൾ ശാരീരികാവശ്യങ്ങൾക്കു് കൂട

താൽ കൂടുതൽ പ്രാധാന്യം ലഭിക്കുന്നു. പക്ഷെ ശൈശവത്തിൽ അത്തരം പരിഗണനകളില്ല. ശിശു ദൈവിക മഹത്വത്തിന്നു് ഏററവും അടുത്തായി നില്ക്കുന്നു. യുവാവായി വളരുമ്പോഴെയ്ക്കും ആ സ്വർഗ്ഗീയദീപ്തി അകന്നകന്നുപോകുന്നു. എന്നാലും ദീപ്തിദർശനം യുവാവിന്നു് ഇടയ്ക്കിടെ അനുഭവപ്പെടുന്നുണ്ടു്. ശരിയ്ക്കും ഒരു പുരുഷനായിത്തീരുമ്പോൾ ആ ദർശനം തീരെ മാഞ്ഞുപോകുന്നു. സർവ്വസാധാരണമായ പകൽവെളിച്ചത്തിൽ അതു് മറയുന്നു. പഴയകാലം അനുസ്മരിയ്ക്കുന്നവർക്കു് അതിൽ തീവ്രമായ പശ്ചാത്താപം ഉളവാകുന്നു. ഇതാണു് കവിദൃഷ്ടിയിൽ മനുഷ്യാത്മാവിനു് വന്നുചേരുന്ന പരിണാമം. കവിയെ സംബന്ധിച്ചേടത്തോളം ഈ അനുഭവം വ്യക്തിനിഷ്ഠമായ ഒരു വസ്തുതയായിരുന്നു.

ആദ്യകാലത്തുള്ള അത്യുത്കൃഷ്ടങ്ങളായ ദിവ്യവാസനകളിൽനിന്നു് മനുഷ്യനെ അകററിനിർത്തുവാൻവേണ്ടി ഭൂമാതാവു് സ്വകീയങ്ങളായ അനേകം സുഖങ്ങളും പ്രലോഭനങ്ങളും ആത്മാക്കൾക്കുമുമ്പിൽ നിരത്തിവെക്കുന്നു. മനുഷ്യരെ സ്വന്തം സന്താനങ്ങളാക്കണമെന്നാണു് അവൾക്കുള്ള അത്യാകാംക്ഷ. സ്വർഗ്ഗത്തിന്റെ വളർത്തുസന്തതികളായി വന്നവരാണെങ്കിലും പൂർവ്വവസതിയും അതിലെ മാഹാത്മ്യങ്ങളും മറന്നുകളയാൻ ആ അമ്മ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

കവി വീണ്ടും ശിശുവെത്തന്നെ നിരീക്ഷിക്കുകയാണു്; ലോകസുഖങ്ങളും പ്രലോഭനങ്ങളും കുട്ടിയിലുണ്ടാക്കുന്ന പ്രതികരണങ്ങൾ നോക്കിപ്പഠിക്കുകയാണു്. പുതിയ പരിതഃസ്ഥിതികളുമായി കുട്ടി എളുപ്പത്തിൽ ഇണങ്ങിച്ചേരുന്നു. മുതിർന്നവരുടെ ജീവിതവ്യാപാരങ്ങൾ അവൻ അനുകരിയ്ക്കുന്നു. അനന്തമായ ഈ അനുകരണം കവി

യെ അത്ഭുതപ്പെടുത്തുകയാണ്. ഒടുവിൽ ലൌകികജീവിതം ദുഃഖകരമാകും; പിന്നെ എന്തിനാണ് ആ ബാലൻ ദുഃഖങ്ങളെ സ്വയം സ്വാഗതം ചെയ്യുന്നതു്? ആദ്യം പരിചയിച്ച സ്വൎഗ്ഗീയസ്വാതന്ത്ര്യവും മഹത്വദൎശനവും പരിത്യജിച്ച്, ലോകജീവിതത്തിൻെറ വിഷാദഭാരം താങ്ങി, അവശപ്പെടുവാൻ എന്തിനു പരിശ്രമിക്കുന്നു? മഹനീയപാരമ്പര്യം പുലൎത്തുന്ന ഉത്തമ തത്വചിന്തകനായും നിത്യതയുടെ അഗാധരഹസ്യങ്ങൾ മൌനമായി വായിച്ചറിയുന്നവനായും കവി ശിശുവെ കീൎത്തിക്കുന്നു. കൂടുതൽ സൂക്ഷ്മമാണ് ശിശുവിൻെറ വീക്ഷണം; കാൎയ്യബോധം കൂടുതൽ വിപുലവും പ്രബലവുമാണ്. ആയുഷ്കാലം മുഴുവൻ പ്രയത്നിച്ചാലും കണ്ടെത്താൻ കഴിയാത്ത സത്യങ്ങൾ അവനുമുമ്പിൽ സ്വയം അനാവൃതങ്ങളായിത്തീരുന്നു. അങ്ങിനെയുള്ള ആ കുട്ടി ലൌകികാചാരങ്ങളുടെ കനം ആത്മാവിൽ തൂക്കുവാനൊരുങ്ങുന്നതിലാണ് കവിക്കുള്ള അത്ഭുതം.

ശൈശവകാലത്തെപ്പററി ഓൎക്കുമ്പോഴെല്ലാം കവിയുടെ ഹൃദയത്തിൽ ആനന്ദവും ആശ്വാസവും നിറയുകയാണ്. സുഖസ്വാതന്ത്ര്യങ്ങളിൽ ശിശുവിനുള്ള അനന്തവിശ്വാസത്തെ കീൎത്തിച്ചുകൊണ്ടല്ല, നഷ്ടപ്പെട്ട സ്വൎഗ്ഗീയസൌഭാഗ്യത്തെ സ്തുതിക്കുവാൻ കവി പ്രേരിതനായതു്. ഇന്ദ്രിയങ്ങളുടെ ഭൌതികലോകത്തിന്നാധാരമായി ആത്മാവിൻെറ ആദൎശലോകം സ്ഥിതിചെയ്യുന്നുവെന്ന വാസ്തവത്തെ ആ ദിവ്യസൌഭാഗ്യം പ്രഖ്യാപിക്കുന്നു. അതിനാൽ പൂൎവ്വകാലാനുസ്മൃതികൾക്കും, ഉൾക്കാഴ്ചയരുളുന്ന ദിവ്യാനുഭൂതികൾക്കും അദ്ദേഹം സ്തുതിഗീതം പാടുന്നു. അവയത്രെ നമ്മുടെ ഹൃദയത്തിൽ സാൎവ്വലൌകികസത്യങ്ങളെ ഉണൎത്തുന്നതു്. അശ്രദ്ധയോ അസംതൃപ്തിയോ

ലൌകികജീവിതത്തിൽ മുഴുകുന്നതോ ആ സത്യങ്ങളെ ഇല്ലാതാക്കുകയില്ല. ഈശ്വരനോട് അടുത്തുനില്ക്കുന്നു വെന്ന ബോധം അവ ഇടയ്ക്കൊക്കെ നമുക്കു നൽകുന്നു; ലോകജീവിതംതന്നെ നിത്യതയുടെ ഒരു നിമിഷം മാത്ര മാണെന്നു തോന്നിക്കുന്നു; അമൃതസമുദ്രത്തിന്റെ കാഴ്ച നമുക്കരുളുന്നു. അമൃതപാരാവാരത്തിൽകൂടിയാണ് നാം ഈ ലോകത്തിൽ ഇപ്പോഴത്തെ ജീവിതത്തിന്നായി തുഴ ഞ്ഞെത്തിയത്. ആ സമുദ്രവീചികളുടെ ശബ്ദം അനു സ്യൂതമായിക്കേൾക്കാം.

നിത്യതയുടെ പ്രകാശഭാസുരമായ ആ ദർശനം കവി ക്കു് നഷ്ടപ്പെട്ടുപോയി. നഷ്ടബോധം കവിയെ മ്ലാന മനസ്കനാക്കിയില്ല. അതിൽ അദ്ദേഹം അതൃപ്തിപ്പെട്ടു പിറുപിറുത്തില്ല. കാരണം, കവിക്കു് മററു സമ്മാന ങ്ങൾ ലഭിക്കുകയുണ്ടായി. അങ്ങിനെ നഷ്ടപ്പെട്ടതു് ഏ താണ്ടു് നികത്തിക്കഴിഞ്ഞു. ദുഃഖാനുഭവങ്ങളിൽനിന്നു് ലഭിച്ച ശാന്തിയും ആശ്വാസചിന്തയും, മരണത്തെ വെല്ലു വിളിക്കുന്ന മനുഷ്യന്റെ ആത്മവിശ്വാസം, ആത്മാവിൽ തത്വചിന്താപരമായ ശാന്തി നല്കുന്ന സംഭവങ്ങൾ—ഇ വയാൽ കവി വീണ്ടും ശക്തിയാർജ്ജിച്ചു. ശൈശവത്തിൽ കണ്ട സ്വർഗ്ഗീയദീപ്തിയുടെ ജാജ്വല്യമാനത അതിന്നി ല്ലായിരിക്കാം. ആ സ്വപ്നസൌഭാഗ്യം മറഞ്ഞുപോയി രിക്കാം. എന്നാലും കവി നിരാശപ്പെടുന്നില്ല. അദ്ദേ ഹത്തിന്നു് ഭാവി ആശാഭാസുരമായിത്തന്നെ നിലകൊ ള്ളുകയാണ്.

ബാല്യത്തിലെ സ്വർഗ്ഗീയദീപ്തി മറഞ്ഞുപോയതി ലുള്ള വിഷാദത്തെ സൂചിപ്പിച്ചുകൊണ്ടു് ആരംഭിച്ച കാ വ്യം ശുഭാത്മകമായ സുപ്രതീക്ഷകളോടെയാണ് കവി അവസാനിപ്പിക്കുന്നതു്.

## ഒന്നു്

അന്നൊരു കാലമുണ്ടായിരുന്നു:—മൈതാനവും
മന്നു, മാമരത്തോപ്പു, മറ്റുപോലരുവിയും
എന്നുവേണ്ട, ഞാംകണ്ടുപോ, ന്നേറെപ്പരിചയം
ചേൎന്നതാമേതു സാധാരണമാം കാഴ്ചപോലും
സ്വൎഗ്ഗീയപ്രഭ ചാൎത്തി നിന്നതായ്‌ തോന്നുംകാലം
6 സ്വപ്നത്തിൻ പുതുമയും ശ്രീവായ്പുമാൎന്നകാലം!
ഇന്നെല്ലാമെത്രമാത്രം മാറിപ്പോയ്‌!-മുന്നേപ്പോല-
ല്ലൊന്നു, മദ്ദിവ്യദീപ്തിയെങ്ങോനോ മറഞ്ഞുപോയ്‌!
പകലുമിരവിലുമെവിടെത്തിരഞ്ഞാലും
പതിവായ്‌ പണ്ടുകണ്ടവിധ, മീവസ്തുക്കളെ
കഴിവില്ലല്ലോ കാണ്മാൻ സ്വൎഗ്ഗീയാഭകൾ ചൂഴ-
12 മഴകുതികഞ്ഞുള്ള മംഗളാകാരങ്ങളിൽ!

## രണ്ടു്

മഴവിൽ നിറം വീശിവരുന്നു, മറയുന്നു,
2 വഴിയും ചന്തമുണ്ടു പനിനീരലരിനും
കാററററു വാനംതെളിഞ്ഞീടവേ വാൎതിങ്കളു-
ങ്ങേറുമാഹ്ലാദം പൂണ്ടു ചുഴവും നോക്കീടുന്നു.

പാലൊളി തൂകിടുന്ന താരകൾ തിങ്ങും രാവിൽ
നീരുകളഭിരാമശോഭനം വിളങ്ങുന്നു.

ഭാസ്വരദ്യുതിതാനോ ജനനം മഹനീയം:—
വസ്തുക്കളിവയെല്ലാം മുന്നമുള്ളവ തന്നെ.
മറവായ് മന്നിൽനിന്നു മാഹാത്മ്യശ്രീയൊ,ന്നെന്നാ-
യറിവേനെന്നാൽ കൂടിയെങ്ങുപോയിന്നൊന്നാകയല്ലം!

## മൂന്ന്

അന്തരംഗത്തിൽ പുതുമാധുരി പെയ്തിടുന്ന
സന്തുഷ്ടിഗീതങ്ങളെപ്പക്ഷികൾ പാടീടവേ,
'താബോറി'ൻ താളത്തിനൊത്തെന്നപോൽ
കുഞ്ഞാടുകൾ
താണും പൊങ്ങിയും തുള്ളിപ്പുളച്ചും കളിയ്ക്കവേ,
എന്നിലായ് മാത്രമൊരു സന്താപചിന്തയുണ്ടായ്
വിണ്ണിലെ ശ്രീവാഴ്വെങ്ങോ പോയ്മറഞ്ഞതിനാലെ.

അത്തലന്നേരംതന്നെ പുറത്തു പറകയാൽ
ചിത്തത്തിലാശ്വാസമായ്; ശക്തിനേടി
ഞാൻ വീണ്ടും.
കിഴക്കാംതൂക്കായ് നിപതിച്ച വൻഗർത്തങ്ങളിൽ
മുഴക്കീടുന്നു ജലപാതങ്ങൾ ഭേരിനാദം!
ആനന്ദം വാഴ്ക്കുന്നൊരിക്കാലത്തൊടെൻ
താപത്താൽ
ഞാനപരാധമിനിച്ചെയ്കയില്ലൊരുനാളും.

ആഹ്ലാദക്കോളിൻ മാറൊലികളാമലകളിൽ-
ക്കൂടിയിങ്ങെത്തിച്ചേർന്നു മുഴങ്ങിക്കേൾക്കാകുന്നു.
നിദ്രതൻ പാടങ്ങളിൽനിന്നണിത്തെക്കാററണ-
ഞ്ഞുദ്രസമെന്നെ മന്ദം മന്ദമായ്ത്തഴുകുന്നു.

വിശപ്രമാകവേ മോദിച്ചീടുന്നു; സ്വയംതിമ-
18 ത്തുത്സവംകൊണ്ടാടുന്നു കരയും കടൽതാനും.

മധുമാസത്തിൽ മതിയാണ്ട ജീവികളെല്ലാം
മധുരോദാരം മഹിതോല്ലാസം നുകരുന്നു.
ആനന്ദത്തിന്റെ കററക്കിടാവേ! സൌഖ്യാത്മാവേ!
മാനസംകളിക്കുമാറിടയച്ചെറുക്ക! നീ
ആടുക, കളിതേടിക്കൂവുക, കെന്നുടെ ചുററും
24 കൂടിപ്പാടുക, നിൻേറ വിളികൾ കേൾക്കട്ടെ ഞാൻ.

## നാല്

തെളിവായ്ക്കേട്ടേൻ കേട്ടേൻ നിങ്ങളന്യോന്യം
കൊള്ളും
വിളിഞാ, നനുഗ്രഹം ചാത്തുന്ന ജന്തുക്കളേ!
വാരണിവാനംകൂടി നിങ്ങൾതൻ സമ്മോദത്തിൽ
4 ചേരുവാൻ വെമ്പിച്ചിരിച്ചാഹ്ലാദിപ്പതായ്ക്കാണ്മൂ.

നിങ്ങൾതന്നുത്സവത്തിലല്ലോ മന്മനം; ശിര-
സ്സിങ്കൽ ഞാനണിയുന്നു മംഗളമലർമാല്യം!
നിങ്ങളുൾക്കൊള്ളും പരമാനന്ദസമ്പൂത്തികൾ
8 ഭംഗമറററിവുഞാ, നറിയുന്നിതുമുററും.

മാധുരീമയമാമീ വാസന്തവിഭാതത്തിൽ
ഭൂദേവിയാൾതാൻ മഞ്ജുഭൂഷകളണിയവേ,
ഏതുഭാഗത്തായാലു, മട്ടത്തുമകലെയും
പൂതിങ്ങിശ്ശോഭിയ്ക്കുമൊരായിരം സാനുക്കളിൽ
ലീലാലോലുപരായ ബാലകർ സമുത്സാഹ-
14 ശീലരായ് പുതുമലരിറുത്തുകൂട്ടീടവേ

ഭാസ്സുരൻ സുഖദ്യുതിതൂകവേ, നിജമാതൃ-
ഹസ്തവല്ലിയിൽ പൈതൽ മേലായംതുള്ളീടവേ

ആവിലാശയനായി ഞാന്മാത്രം നിരുന്മേഷ-
നാവുകിലതെന്നുടെ ദുർഭാഗ്യമെന്നേവരും.
കേൾക്കുന്നു കേൾക്കുന്നു ഞാനതിനാൽ സന്തുഷ്ടനായ്
കേൾക്കുന്നു നിങ്ങൾതന്റെ കൌതുകകോലാഹലം!

എങ്കിലും പലഭൂരുഹങ്ങളിലൊന്നു, മപ്പോ-
ലിങ്ങു ഞാൻ കണ്ടിടുന്ന പാടവുമടുത്തിതാ
ഇന്നവരണ്ടുമേതോ മഹത്വം ഭുവനത്തിൽ
നിന്നെങ്ങോമറഞ്ഞുപോയെന്നു താൻ ചൊല്ലീടുന്നു

അക്കഥതന്നെയെന്റെ കാലടിക്കടുത്തായി
നില്ക്കുമി 'പ്പാൻസി'പ്പൂവുമാവർത്തിച്ചുരക്കുന്നു.
എവിടെപ്പറന്നിതാ സ്വർഗ്ഗീയമായാകാന്തി-
യെവിടെക്കാണാമിന്നാ സ്വപ്നവും ശ്രീപൂരവും?

## അഞ്ച്

ഓർത്താകിൽ നമുക്കെഴും ജനനം ശരിയ്ക്കൊരു
നിദ്രയും മറവിയും മാത്രമാണെന്നേ വരൂ.

നമ്മുടെ ജീവിതത്തെ നയിക്കും നക്ഷത്രമായ്
നമ്മോടുകൂടിത്തന്നെയാത്മാവു പിറക്കുന്നു.
അതു ചെന്നസ്തമിച്ചതെങ്ങെങ്ങോ, വന്നുചേർന്ന-
തതിദൂരസ്ഥമായ മറ്റൊരു ദിക്കിൽനിന്നും.

മുഴുവൻ മറവിയിൽ മുഴുകിക്കഴിഞ്ഞല്ലാ
മുഴുവനനാവൃതമായുള്ള നിലയ്ക്കല്ലാ
വഴിനീളവേ ദിവ്യമാഹാത്മ്യമുകിലുക-
ളഴകിൽ പിൻപിലൊപ്പം നീളവേ വലിച്ചത്രേ
ഇവിടെയ്ക്കണഞ്ഞതു. നമ്മുടെ വസതിയാം
ഭുവനപ്പെരുമാളിൻ കൊട്ടാരംവിട്ടു നമ്മൾ.

ശൈശവകാലത്തിങ്കൽ സ്വർഗ്ഗസൌഭാഗ്യം നമ്മെ-
ച്ചുഴററു നില്ക്കൊൾവൂ പേശലശോഭോജ്വലം.
ഇരുണ്ട കാരാഗാരച്ഛായകൾ, വളരുന്ന
ചെറുബാലനുചുററും വീഴുവാൻ തുടങ്ങുന്നു.
എങ്കിലുമവൻ കാണ്മിതന്നാകദീപ്തി; യതിൻ
തുംഗജന്മസ്ഥാനവും കാണുന്നിതാനന്ദത്തിൽ.

അന്നന്നായ് പൂർവ്വാശയിൽനിന്നകന്നുപോം യുവാ-
വെന്നാലും പ്രകൃതിയ്ക്കു സൽപുരോഹിതനല്ലോ.
ദീപ്രദീപ്രമദ്ദിവ്യദർശനമവനുടെ
മാർഗ്ഗത്തിലൊളിതൂകി യൊപ്പമായ്മരുവുന്നു.
ഒടുവിൽ, പരിചിതം പകലിൻവെളിച്ചത്തി-
ലതുപോയ്പൊലിഞ്ഞതായ്ക്കാണുന്നു പുരുഷനും!

## ആറ്

ഉത്സംഗത്തിങ്കൽ ഭൂമിദേവിയാൾ വത്സന്മാക്കൊ-
രുത്സവമേകാൻ സ്വന്തം സുഖങ്ങൾ നിറയ്ക്കുന്നു.
ഉണ്ടവൾക്കുമേ നിസർഗ്ഗാഭിലാഷങ്ങൾ, നിജ
സന്തതികളെത്തൻേറതായ്ത്തന്നെ നിലനിർത്താൻ.

താൻവളർത്തീടും പുത്രൻ-തൻവസതിയിൽ പാർക്കും
മാനവൻ-മുമ്പറിഞ്ഞ മഹദൈശ്വര്യങ്ങളും
മന്നെത്തുംമുമ്പായ് പാർത്തോരാരാജകൊട്ടാരവു-
മൊന്നാകെ മനസ്സിങ്കൽ മറഞ്ഞുപോകുംവിധം,
ഏതാനും മാതാവിനുള്ളമ്മട്ടനാഭാവത്തോടു-
മേതുമേയദയാഗ്യതയേലാത്ത ലക്ഷ്യത്തോടും,
ഹൃദ്യസൌഖ്യങ്ങളേകമദ്ധാത്രീമണി തനി-
യ്യല്ലാത്തപോൽ യത്നം തുടർന്നീടുന്നിതനാരതം.

## ഏഴ്

പുത്തുതായ് ജനി പൂണ്ടു നില്പതാമാനന്ദങ്ങൾ-
ക്കിടയിൽ കണ്ടാലുമിയാരോമല്ക്കുമാരനെ,
—ആറുവത്സരം പ്രായംചേൎന്നൊറെക്കുറുതായി-
4 ട്ടാകാരഭംഗികോലുമിക്കൊററക്കിടാവിനെ—

മാതാവുമ്മകൾചൊരിഞ്ഞീടവേ വെറിയാൻറം,
താതൻെറ മിഴികളിൽ മിന്നീടുമൊളിവീണും,
സ്വച്ഛന്ദം കിടപ്പതു കാണുകിങ്ങിവൻ, നിജ-.
8 കൊച്ചുകൈകളാൽതീൎത്തം നിൎമ്മിതികൾക്കിടക്കായ്

താൻതന്റെ നവാഭ്യസ്തകലയിൽ രൂപംനല്കും
മാനവ ജീവിതാഖ്യക്കിനാവിൻ നറുങ്ങുകൾ,
—ഒരുവേളി, യല്ലായ്കിലുത്സവ, മൊരു ദുഃഖാ-
ചരണ, മല്ലായ്കിലോ ശവസംസ്കാരമേകം—
കണ്ടാലും പൈതലിന്റെ കാല്പലായ്; കളിക്കോപ്പു
14 കൊണ്ടവൻ രചിക്കുന്നു ജീവിതച്ഛായാചിത്രം!

അസ്സങ്കല്പത്തിൽതന്നെ ഭാവനനിൎത്തുന്നവ-
നശ്രുതിക്കിണക്കിത്താൻ തൻ ഗാനം തുടരുന്നു.
പിന്നെനാക്കൊപ്പിക്കുന്നു-വ്യാപാരം, പ്രേമം, വഴ-
ക്കെന്നിവയ്ക്കനുരൂപം ഭാഷണം പകൎത്തുവാൻ
ഏറെനേരമായ്ത്തീരില്ലാ നില കൈവെടിഞ്ഞു
വേറൊരു വേഷമെന്നു ഭാവിച്ചാണഭിനയം!
പുത്തുമോദവുമഭിമാനവും വാച്ചു നാട്യ-
22 പഠനം നടത്തുന്നിതക്കൊച്ചുനടനേവം.

ജീവിതമകമ്പടിയായ്ക്കൂടെക്കൊണ്ടുപോരും
വൈവിധ്യമിയലുന്ന മനുജപാത്രങ്ങളെ
വൃദ്ധന്മാർവരെയവരെയുമേയവൻ തൻെറ
'മൎത്ത്യരംഗ'ത്തിൽ നിറച്ചീടുന്നു കാലേകാലേ

ജീവിതത്തിങ്കൽ തനിയ്ക്കുള്ളതാമേക കൃത്യ-
28 മീവിധ മനന്താനുകരണമെന്നപോലെ.

## എട്ട്

തന്നാത്മഗരിമയെ ബ്ബാഹ്യമാമാകാരത്തിൽ
നിന്നറിയാകാവിധം മറച്ചുപിടിപ്പോനേ!
തത്വചിന്തകന്മാരിലഗ്ര്യനായോവേ! നിജ
4 നിസ്തുലപൈതൃകത്തെപ്പുലത്തും പുണ്യാത്മാവേ!

മൂകമായ്, ബധിരമായ്, നിത്യതയ്ക്കാഴത്തിലെ-
ഗ്ഗൂഢതത്വങ്ങൾ നിത്യാത്മാവെന്നുമാവേശിയ്ക്കേ
വായിച്ചുപോരുന്നതാം, യന്ധന്മാക്കിടയ്ക്കുള്ള
വാരൊളിക്കണ്ണെല്ലോ നീ സുകൃതപ്പൊൽത്തിടമ്പേ!
ഭവ്യശക്തികൾ വാഴ്ക്കും മഹിതപ്രവാചക!
10 ദിവ്യാനുഗ്രഹം ലഭിച്ചീടിന മഹാജ്ഞാനിൻ!

ഇരുട്ടിൽ, പട്ടടക്കൂരിരുട്ടിൽ, പെട്ടിട്ടേതു
വരിഷ്ഠസത്വങ്ങളെക്കാണ്മതിന്നായി ഞങ്ങൾ
വിരഞ്ഞി, ട്ടാജന്മാന്തം പാടുപെട്ടീടു, ന്നവ
14 വരുന്തോറാനേ, വന്നു നിന്നിലായ് നിലകൊൾവൂ!

അടിമയ്ക്കുമേൽവാഴും സ്വാമിപോലെയും പകൽ-
പ്പടിയും തട്ടിനീക്കാനാകാത്ത സദ്ഭാവമായ്
തന്നമരത്വമാളുമധിനായകത്വത്തി-
18 നെന്നുമേ വിധേയനായ് വർത്തിയ്ക്കും നിർമ്മലാത്മൻ!

ചെറുപൈതലേ! സ്വർഗ്ഗജന്യമാംസ്വാതന്ത്ര്യത്തിൻ
വരശക്തിയിൽ മഹാമഹിമയാർജ്ജിച്ച നീ
നിൻെറയാത്മാവിന്നത്യുന്നതിയിൽ വർത്തിയ്ക്കുന്തോ
22 നിർണ്ണയമതിലേറെക്കാമ്യമെന്തുള്ളൂ വേറെ?

നിൻ ദിവ്യാനുഗ്രഹത്തിന്നൊരു വൈരുദ്ധ്യംചെപ്പാ-
നെന്തിനന്ധമായിത്ര കാര്യമായ് പ്രയത്നിപ്പൂ?
എന്തിനിങ്ങനിവാര്യദാസ്യത്തെയാനയിക്കാൻ
പിന്തുടരുന്നെത്തും വത്സരങ്ങളെ പ്രേരിപ്പിപ്പൂ?
താമസിയാതെ താവകാത്മാവു ചുമന്നീടും
ഭൂമിയിലെഴുന്നതാം ക്ലേശത്തിൻ ചുമടുകൾ.
മൂടൽമഞ്ഞുപോൽ കനംതൂങ്ങി ജീവിതംപോലെ-
30 രയതാ, ണ്ടാഴത്തിൽ നിലനില്ക്കുമാചാരം നിന്നിൽ!

## ഒമ്പതു്

അടിഞ്ഞുകമിഞ്ഞീടും ചാരത്തിന്നിടയ്ക്കു കെ-
ട്ടടങ്ങാ,തെതാൻ കനൽക്കട്ടകളുണ്ടെന്നതും,
അത്രമേൽ ക്ഷണികമാമൊന്നിനെ പ്രകൃതിയാ-
ളിപ്പൊഴും മധുരമായോർത്തീടുന്നുണ്ടെന്നതും
ആനന്ദ, മർത്ത്യർക്കൃഷ്ടഭാഗ്യമാശ്വാസപ്രദ-
6 മാനന്ദ മാനന്ദമെന്നുള്ളതേ പറയാവൂ!

കഴിഞ്ഞവത്സരങ്ങൾതൻ നിനവനുഗ്രഹം
നിറഞ്ഞെന്നുമേ നന്ദിയുള്ളത്തിൽ വളർത്തുന്നു.
നിതരാമനുഗ്രഹമേല്ക്കുവാനേററം യോഗ്യം
10 നിരഘശൈശവത്തിന്നല്ലെൻെറയഭിവാദ്യം.

ചിറകു കുരുത്തീടുമാശകൾ ഹൃദയത്തിൽ
വിരയെപ്പാറിപ്പാറിയുയരാൻ തുനിയവേ
വിശ്രമത്തിലും കേളീവേളകളിലും ശിശു-
വാശ്രയിച്ചീടും ബാല്യതത്വങ്ങൾ സരളങ്ങൾ
—.ആഹ്ലാദം, സ്വാതന്ത്ര്യ—മിന്നായവയ്ക്കു
ല്ലല്ലോ ഞാ-
16 നാദരാൽ നന്ദിസ്തുതിഗീതങ്ങൾ പാടീടുന്നു!

ഐന്ദ്രിയജ്ഞാനങ്ങളും ബാഹ്യമാം വസ്തുക്കളു-
മുണ്മയോ?—വീണ്ടും വീണ്ടും പൊങ്ങുമി
ച്ചോദ്യങ്ങൾക്കും
നമ്മിൽനിന്നവയെല്ലാമൂൎന്നുവീഴുന്നതിന്നും
അമ്മട്ടങ്ങവപിന്നെ മറഞ്ഞുപോവതിന്നും
ഭാവനാത്മകലോകങ്ങളിലായ് സഞ്ചരിക്കും
ജീവിയ്ക്കുവ്യക്തമുള്ളിലുയരും ശങ്കകൾക്കും
മൎത്ത്യതാമേതുന്നതഭാവത്തിന്മുമ്പിൽ ഞെട്ടി-
ക്കുററവാളിപോൽ വിറകൊള്ളുവ, തായതിന്നും
അഴകി,ലാദ്യം നാമെപെട്ടത്തൊരാസ്നേഹങ്ങൾക്കും
നിഴലിട്ടുള്ളിൽ മങ്ങിനിന്നീടുമോൎമ്മകൾക്കും
നന്ദി!—യെന്തായാലുമെന്തസ്മദാസരങ്ങളിൽ
28 കാന്തിതൂകുന്ന ദീപ്തികന്ദങ്ങളുവയിന്നും!

നമ്മുടെ കാഴ്ചകൾക്കു നായകമണിദീപം
നമ്മൾക്കു നിലനില്പുമാശയും നല്ലം ഭാഗ്യം!
ശബ്ദങ്ങൾ നിറഞ്ഞുള്ള നമ്മുടെ വത്സരങ്ങൾ
ശാശ്വത നൈശ്ശബ്ദ്യത്തിൻ നിമിഷങ്ങളായ്
മാററാൻ
ശക്തിയുററതാണവ—യൊരുനാളുമേ നാശം
34 പററായ്വാനുണൎന്നീടുന്ന സത്യവ്രാതം!

അശ്രദ്ധകൊണ്ടോ, ഭ്രാന്തകൃത്യങ്ങൾകൊണ്ടോ,
പാൎത്താ-
ലൎഭകനാലോ, മുതിൎന്നുള്ള പൂരുഷനാലോ
അത്രമാത്രമ, ല്ലാത്മതുഷ്ടിയ്ക്കായെതിർനില്ക്കും
ശത്രുക്കളെല്ലാമൊത്തു യത്നങ്ങൾ തുടൎന്നാലോ
പരിപൂൎണ്ണമായ് നശിപ്പിക്കാനു, മകററാനു-
മരുതാതിന്നും പരിലസിയ്ക്കുമിസ്സത്യങ്ങൾ
ചൊല്ലുന്നിതവയ്ക്കായ് ഞാനാദരാലഭിവാദ്യം

ചൊല്ലുന്നതവയ്ക്കല്ലോ വന്ദനസ്തവങ്ങൾ ഞാൻ!

ചാരുവായ് പ്രസന്നമായിക്കാലം തെളിയവേ
ദൂരവേ കരയ്ക്കുള്ളിലാണെന്നാ, മെന്നാകിലും
നമ്മുടെയാത്മാക്കളെങ്ങിപ്പൊഴും കണ്ടീടുന്നു
നമ്മെയിങ്ങാനയിച്ചുള്ളമൃതരത്നാകരം!

അവിടെ നൊടിയിടയ്ക്കെത്തീടാം; പൂങ്കിടാങ്ങൾ
ധവളപുളിനത്തിൽ കളിക്കുന്നതുകാണാം.
വാരാശിപ്പരപ്പിങ്കലൂർമ്മിമാലകളുയ-
ർന്നാരവമനുവേലം മുഴക്കുന്നതും കേൾക്കാം!

## പത്തു്

എങ്കിലോ പാടീടുവിൻ, പാടുവിൻ, ഖഗങ്ങളേ!
ശങ്കിയാതാഹ്ലാദത്തിൻ ഗീതങ്ങൾ പാടീടുവിൻ!
പാടിയും 'താബോറി'ന്റെ താളത്തിനൊത്തപടി-
യ്ക്കോടിയും കളി തുടർന്നീടാവു കുഞ്ഞാടുകൾ!

അഴകേറീടും കളഗീതങ്ങൾ പാടുന്നോരേ!
കുഴലൂതീടുന്നോരേ! കളിതേടീടുന്നോരേ!
ഹൃദയങ്ങളാലിന്നു മഞ്ജുളവസന്തത്തിൻ
മുദസൌഭാഗ്യങ്ങളെയറിയും മിത്രങ്ങളേ!
നിങ്ങൾതൻസംഘത്തിങ്കൽ ചിന്തയിലൊപ്പംചേർന്നു
സംഗതസൌഖ്യങ്ങളിൽ പങ്കുകൂടീടാം ഞങ്ങൾ.

അത്രമേൽ സമുജ്ജ്വലമായന്നുകണ്ട ദീപ്തി
നേത്രങ്ങൾക്കെന്നേക്കുമായ് മറഞ്ഞിതെന്നാലെന്താം?
പുല്ലിലെദ്ദിവ്യാഭയും പൂവിലെ ശ്രീപൂരവും
കല്യമായ്ക്കാട്ടിത്തന്നൊരക്കാലം വീണ്ടുംവരാൻ
ഒന്നുകൊണ്ടുമേ കഴിവില്ലെന്നാകിലുമെന്താം?

ഖിന്നഭാവമാൎന്നേതും വിലപിപ്പീലാ ഞങ്ങൾ!
അവശേഷിച്ചുള്ളതിലാശ്വാസസന്തുഷ്ടിയും
18 അവനംചെയ്യും ഭദ്രശക്തിയും കാണും ഞങ്ങൾ.

ജനിതൊട്ടുണ്ടായ് പ്രകൃത്യംബയോടെന്നും നില്ക്കു-
മനഘപ്രേമത്തി, ലപ്പുണ്ണ്യാനുഭാവത്തിങ്കൽ,
മനുജക്ലേശങ്ങളിൽനിന്നുറന്നൊഴുകീടും
കനിവിൻ കുളിർധാര പോലെഴും നിനവിങ്കൽ,
മൃത്യുവിൽക്കൂടിപ്പോലും മുൻദനാകും വിശ്വാ
സത്തിൽ,
തത്വചിന്തയിൽ ചിത്തംനയിക്കും വൎഷങ്ങളിൽ
ആശ്വാസമേറ്റു ചാരിതാൎത്ഥ്യമാൎന്നീടും ഞങ്ങൾ
26 ആശാവല്ലികൾ പൂത്തുകണ്ടേറെത്തെളിഞ്ഞിടും!

## പതിനൊന്നു്

നിർഝരങ്ങളേ! മൈതാനങ്ങളേ! ഗിരികളേ!
പച്ചിലച്ചാൎത്തണിഞ്ഞു വിളങ്ങും തോപ്പുകളേ!
നമ്മുടെ ഹൃദ്യപ്രേമബന്ധങ്ങൾ മുറിഞ്ഞുപോയ്
നമ്മളന്യോന്യമകന്നെന്നേതും കരുതായ്കിൻ!
ഇപ്പൊഴും നിങ്ങൾക്കെഴും ശക്തിപ്രാഭവമെൻെറ-
യുൾപ്പൂവിന്നുള്ളിൽ മധുരിപ്പതായറിവു ഞാൻ.
കൂടുതൽ ക്രമികമായ് നിങ്ങൾതൻ വാഴ്ചക്കീഴിൽ
8 കൂടുവാൻ മോദങ്ങളിലൊന്നേ ഞാൻ വെടിഞ്ഞുള്ളു!

കളസംഗീതംതൂകിച്ചാലുകൾവഴി കീഴോ-
ട്ടിളകിപ്പാഞ്ഞീടുമീയരുവിക്കിടാങ്ങളെ
അതുപോൽതന്നെ ഞാനുമുൾക്കനംതെല്ലേലാതെ
നടകൊണ്ടന്നാളേക്കാളിന്നേറെ സ്നേഹിയ്ക്കുന്നേൻ.
നവജാതമാം വാസരത്തിൻെറ നിഷ്കളങ്ക-
14 ച്ഛവിയിന്നുമേയെനിയ്ക്കത്യന്തം രമണീയം.

മാനവമർത്ത്യത്വത്തിന്നിത്രത്തോളവും സാക്ഷി-
യായ് നിന്നുപോന്നുള്ളതാം മാമകമിഴികളിൽ
മാനത്തെയന്തിക്കതിരോനു ചൂഴവും കൂടി-
ക്കാണുന്ന നീരദങ്ങൾ ശാന്തവർണ്ണത്തെക്കൊൾവൂ!
മത്സരപ്പന്തയം മറ്റൊന്നുണ്ടാ, യതിൽച്ചെന്നി-
ട്ടുത്സാഹാൽ മറ്റുസമ്മാനങ്ങളും നേടിക്കൊണ്ടേൻ.

നാമേതാൽ ജീവിക്കു, ന്നമ്മാനവഹൃത്തി, ന്നതി-
ന്നാമോദങ്ങളി, ലാർദ്രതകളിൽ, ഭയങ്ങളിൽ
നന്ദിയർപ്പിയ്ക്കുന്നു ഞാ; നിവയാൽ വിലയുണ്ടെ-
ന്നെണ്ണാത്തൊരേതു വിരിപൂവിനും പലപ്പൊഴും
കണ്ണുനീരിന്നുമെത്താത്താഴത്തിൽ കിടക്കുന്ന
ചിന്തകളെന്നുള്ളത്തിലുണർത്താൻ കഴിയുന്നു!
സുകൃതത്തഴപ്പാലച്ചിന്തകളരുളുന്ന
പ്രകൃതിപ്രഭാവത്തിന്നോതുന്നേൻ നമോവാകം!

# വ്യാഖ്യാനക്കുറിപ്പുകൾ

## ഒന്നു്

വേർഡ്സ്വത്തു് 1804-ൽ രചിച്ച ഒരു ലഘു കവിതയാണു് വിവത്തനരൂപത്തിൽ താഴെ ചേക്കുന്നതു്:

'മാനത്തു മഴവില്ലുകണ്ടീടും നേരത്തിങ്ക-
ലാനന്ദത്തള്ളലാലെയാടുന്നു മമ മനം.
ആ നിലയ്ക്കായിരുന്നെൻ ജീവിതാരംഭകാല-
ത്താനിലയ്ക്കിന്നു, മൊരു പൂരുഷനായപ്പോഴും.
ആനിലയ്ക്കാകാവു ഞാൻ വാർദ്ധകം പ്രാപിച്ചാലു-
മാനിലയ്ക്കല്ലെന്നാലോ മൃതിയിലടിയാവൂ!
ബാലകൻ പുരുഷൻെറ പിതാവായല്ലോ നില്പൂ;
ചാലവേ ജീവിതത്തിൽ വിടരുമദ്ദിനങ്ങൾ
ചേലാളും പ്രകൃതിയോടേറുന്ന ഭക്തിയാലെ-
യോരോന്നും മറെറാന്നൊടായ് ബന്ധിച്ചു
നിന്നീടാവൂ!'

ഈ കവിതയിൽ ഒടുവിലത്തെ നാലുവരികൾ അമൃതഗീതത്തിൻെറ പീഠികയായി കവി എടുത്തു ചേർത്തിരുന്നു. ഒരു വിധത്തിൽ ചിന്തിച്ചാൽ അമൃതഗീതം മുഴ

വൻതന്നെ ഈ വരികളുടെ വ്യാഖ്യാനമായിക്കരുതാവുന്നതാണ്. ബാലൻ പുരുഷൻെറ പിതാവായിത്തീരുന്നതെങ്ങിനെയെന്നു് കവി ഈ ഗീതത്തിൽ വിവരിക്കുന്നു. ആത്മീയയാഥാർത്ഥ്യങ്ങളും ദിവ്യവാസനകളും പ്രകൃതിപ്രേമവും തികഞ്ഞ കുട്ടിയുടെ സ്വഭാവത്തിൻെറ ഒരംശം മുതിൎന്ന പുരുഷനായാലും നിലനില്ക്കുന്നതിനാലാണ് ജീവിതം ഒട്ടെങ്കിലും സുഖാവഹമായിത്തീരുന്നതു്. അതു് ജീവിതം പരിപൂർണ്ണമാക്കാൻ സഹായിക്കുന്നു. 'ബാല്യകാലത്തിലെ വികാരങ്ങൾ പുരുഷപ്രായത്തിന്റെ ശക്തികളിലേക്കാനയിക്കുകയും കുട്ടിയുടെ ജീവിതത്തിലുള്ള അത്ഭുതബോധവും പുതുമയും മുതിൎന്ന കാലത്തെ ദൈനന്ദിന സംഭവങ്ങളോടു് ഇണക്കുകയും ചെയ്യുന്ന' ഈ വരികൾ കവിയുടെ പ്രതിഭാവിലാസത്തിന്നു് മാതൃകയാണെന്നത്രെ കോളറിഡ്ജിൻെറ അഭിപ്രായം.

ബാല്യകാലത്തിൽ പ്രകൃതിയിലെ ഏതു കാഴ്ചയും സ്വപ്നമോഹനമായ ഒരു ദിവ്യസൌന്ദൎയ്യത്തിൽ മുഴുകി നിന്നിരുന്നു. ആ പുതുമയും ലളിതലാവണ്യവും പിന്നീടു് മറഞ്ഞുപോയെന്നതിൽ കവി വിലപിയ്ക്കുന്നു. 'ഹെൻറി വോഗൻ' എഴുതിയ 'ദി റിട്രീററു്' അഥവാ 'പിന്മാററം' എന്ന കവിതയിൽ സമാനാശയമായ ഒരു ഭാഗമുള്ളതായി നിരൂപകന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതിൽ കവി ഇപ്രകാരം പറയുന്നു:—"വൎണ്ണശോഭ ചാൎത്തിയ ഏതെങ്കിലും മേഘത്തെയോ പുഷ്പത്തെയോ നോക്കിനില്ക്കുന്ന എൻെറ ആത്മാവു് മുഹൂൎത്തനേരം വിചാരംകൊണ്ടിരിക്കുകയും പരിക്ഷീണങ്ങളായ ആ മഹത്വശ്രീകളിൽ ശാശ്വതത്വത്തിൻെറ ചില നിഴലുകൾ നിഗൂഢമായിക്കണ്ടെത്തുകയും ചെയ്യും." പ്രകൃതിയിലെ വസ്തുക്കളിൽ മുമ്പു കണ്ടതും ജീവിതവികാസത്തിൽ പിന്നീടു് മറഞ്ഞു

പോയതുമായ സ്വർഗ്ഗീയകാന്തിയെക്കുറിച്ചാണ് വേഡ്സ്സ് വത്ത്രം വിചാരംകൊള്ളുന്നതു്.

വരി:—4. പ്രകൃതിയിലെ സാധാരണവസ്തുക്കൾ കാണുമ്പോൾക്കൂടി താൻ ആഹ്ലാദഭരിതനായിത്തീരാറുണ്ടെന്നു് കവി മററു പല കവിതകളിലും പറഞ്ഞിട്ടുണ്ടു്.

5. 6. ഭാവനാത്മകമായ വൈശദ്യം, വേഗം മറഞ്ഞുപോകുന്ന സ്വഭാവം—സ്വപ്നങ്ങളുടെ ഈ രണ്ടു് പ്രത്യേകതകളാണ് സ്വർഗ്ഗീയകാന്തിയിലുമുള്ളതായി കവി വിവക്ഷിയ്ക്കുന്നതു്.

8. വസ്തുക്കളെ മുമ്പുള്ളവിധം ദിവ്യശോഭയിൽ കാണ്മാൻ കഴിയാത്തതു് അവയ്ക്കുള്ള ന്യൂനതകൾകൊണ്ടല്ല; കവിയിൽതന്നെ വന്നുചേന്ന ഏതോ മാററത്താലാണ്. കവി ഈ ആശയം അടുത്ത ഖണ്ഡികയിൽ കൂടുതൽ വിശദീകരിച്ചിരിയ്ക്കുന്നു.

## രണ്ടു്

പ്രകൃതിയിലെ വസ്തുക്കൾ ഇപ്പോഴും സുന്ദരങ്ങളാണ്. പക്ഷെ മുമ്പുകണ്ട മഹത്വശോഭ അവയിൽ ഇന്നുള്ളതായി അനുഭവപ്പെടുന്നില്ല.

1. മഴവില്ലിനെ കീത്തിച്ചുകൊണ്ടു് കവി പലപ്പൊഴും പാടീട്ടുണ്ടു്.

6. നക്ഷത്രങ്ങൾ പ്രതിബിംബിച്ചു വിളങ്ങുകയാലാണ് ജലം മനോമോഹനമാകുന്നതു്.

7. ജനിച്ച വസ്തുവെത്തന്നെ 'ജനനം' എന്ന പദത്താൽ വിവക്ഷിച്ചിരിക്കുന്നു.

9-10. മുൻഖണ്ഡികയിൽ പ്രസ്താവിച്ച സ്വപ്നാത്മകമായ ശ്രീവിലാസം പ്രകൃതിവസ്തുക്കളിൽ നഷ്ടപ്പെട്ടതായി കവി പ്രസ്താവിക്കുന്നു.

## മൂന്നു്

വസന്തകാലത്തെ സന്തോഷം എങ്ങും പരന്നിരിക്കുകയാണു്. പ്രകൃതിമുഴുവൻ ആഹ്ലാദമാധുരിയിൽ ആറാടിനിൽക്കുന്നു. മറഞ്ഞുപോയ ദിവ്യശോഭയെപ്പററി ചിന്തകൊണ്ട കവിമാത്രം വിഷാദഭരിതനാണു്. പക്ഷെ, ചുററുമുള്ള സന്തോഷം തന്നിലും പകൎത്തുവാൻ കവിയ്ക്കു് സാധിക്കുന്നു; വാസന്താഹ്ലാദങ്ങളിൽ അദ്ദേഹവും പങ്കുകൊള്ളുന്നു.

3. കുഴലോടൊപ്പം പ്രയോഗിക്കുന്ന ഒരു ചെറിയ തോൽവാദ്യമാണു് 'താബോർ'. ഇടയന്മാർ അധികമായും ഉപയോഗിക്കുന്ന ഇതു് ഒററക്കോലിലാണു് പ്രയോഗിക്കുന്നതു്.

4. കവിയുടെ വ്യസനം പ്രകാശിപ്പിക്കുന്നതാണു് ആദ്യത്തെ രണ്ടു ഖണ്ഡികകൾ. പറഞ്ഞൊഴിച്ചാൽ ദുഃഖത്തിനു് ആശ്വാസമുണ്ടാകുമെന്നതു് മനശ്ശാസ്ത്ര സമ്മതമാണല്ലൊ.

9-10. വെള്ളച്ചാട്ടത്തിൻെറ കനത്ത ശബ്ദത്തെയാണു് ഇവിടെ സൂചിപ്പിയ്ക്കുന്നതു്.

15-16. ഈ വരികൾ പലവിധത്തിലും വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ടു്—രാത്രി വിശ്രമം കഴിഞ്ഞു് പാടങ്ങളിൽനിന്നെത്തുന്ന കാററു്, സൂൎയ്യൻ നിദ്രകൊള്ളുന്ന പടിഞ്ഞാറൻദേശത്തുനിന്നു് വരുന്ന കാററു്, നിദ്രാലസത ഉളവാക്കുന്ന കാററു് എന്നും മററും. "നിദ്രാകാലങ്ങ

ളിൽ ഇരുണ്ട പാടങ്ങളിൽനിന്നു് വീശുന്ന പുലരിക്കുളിർ കാററു്'' എന്നു് പ്രൊഫസർ നൈററു് (Professor knight) അർത്ഥം പറയുന്നു. സാധാരണ പദങ്ങളിൽക്കൂടി അവ്യക്തവും അവ്യാഖ്യേയവും ഊർജ്ജസ്വലവുമായ ചില പ്രതീതികൾ ഉളവാക്കാൻ വേർഡ്സ്വർത്തിനുള്ള കഴിവിന്റെ ഉദാഹരണമായി ഈ വരികൾ ഗണിയ്ക്കപ്പെടുന്നു.

19-20. വസന്തദേവതയുടെ ഹൃദയാഹ്ലാദത്തിൽ എല്ലാ ജീവികളും സന്തോഷംകൊള്ളുകയാണു്.

## നാലു്

മറഞ്ഞുപോയ ബാല്യകാലത്തിലെ ശ്രീവിലാസത്തെപ്പററി പ്രകൃതിയിലെ ചില സാധാരണ കാഴ്ചകൾ കവിയെ അനുസ്മരിപ്പിയ്ക്കുന്നു. പ്രകൃതിയിലെ ആഹ്ലാദം കവിഹൃദയത്തിലും പ്രതിധ്വനിക്കൊള്ളുന്നുണ്ടു്. എങ്കിലും വലിയ ഒരു മഹത്വം മറഞ്ഞുപോയതായി മരവും വയലും പൂവും കവിയെ ഓർമ്മിപ്പിക്കുന്നു.

5-6. പ്രകൃതിയിലെ ആഹ്ലാദോത്സവത്തിൽ കവിയും അനുഭാവം പ്രകടിപ്പിയ്ക്കുന്നു. ഉത്സവവേളകളിൽ റോമാക്കാർ തലയിൽ പുഷ്പകോടീരങ്ങൾ അണിയാറുള്ളതാണു് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു്.

7-8. വസന്തത്തുവിലെ ശോഭകളിൽ ഭൂമിദേവി തന്നെ അത്യന്തം മനോഹാരിണിയായി കാണപ്പെടുന്നു.

21-22. പ്രകൃതിയിലെ ആഹ്ലാദം ഹൃദയത്തിൽ പകർത്തുവാൻ തീരുമാനിച്ചെങ്കിൽക്കൂടി മാഹാത്മ്യമേറിയ ഏതോ ദിവ്യശോഭ മറഞ്ഞുപോയെന്നു ചില സാധാരണ വസ്തുക്കൾ കവിയെ ഓർമ്മിപ്പിയ്ക്കുന്നു. ബാല്യത്തിലെ

ദിവ്യമായ ആഹ്ലാദദശ്നങ്ങളാണ് കവിയ്ക്കു് നഷ്ടപ്പെട്ടതു്. പ്രകൃതിയിലെ കാഴ്ചകൾക്കു് പഴയ ഓമ്മകൾ ഉണർത്താൻ കഴിവുണ്ടെന്നു് കാണിക്കുന്നതിന്നു് കവി നല്കുന്ന ഒരുദാഹരണമാണിതു്.

## അഞ്ചു്

മഹത്തായ ഒന്നു് നഷ്ടപ്പെട്ടതായിത്തോന്നുവാനുള്ള കാരണം കവി വിവരിയ്ക്കുന്നു. ജന്മമെടുക്കുന്നതിന്നുമ്പു് ആത്മാവു് ഈശ്വരനിലാണ് നിവസിച്ചതു്. ജനിക്കുമ്പോൾ നാം പൂവ്വവസതിയിലെ ഐശ്വയ്യാംശങ്ങൾ കൂടെ കൊണ്ടുപോരുന്നു. ആ മാഹാത്മ്യസ്മരണകൾ ഏററവും നന്നായി അനുഭവപ്പെടുന്നതു് ബാല്യകാലത്താണ്. മുതിന്നു വരുന്തോറും ഐശ്വരശോഭകൾ മങ്ങിമങ്ങി ഒടുവിൽ മറഞ്ഞുപോകുന്നു.

ആത്മാവിന്റെ പൂവ്വസ്ഥിതിയെക്കുറിച്ചുള്ള ആശയം പ്ലാറേറാവിൽനിന്നാണ് വേർഡ്സ്വത്തു് പകത്തിയതെന്നു് ചിലർ അനുമാനിക്കുന്നു. 'ഫീഡ്രസ്" (Phaedrus) എന്ന കൃതിയിൽ പ്ലാറേറാ ആത്മാവിൻെറ ഒരു വിവരണം നല്കുന്നുണ്ടു്. ചിറകുവെച്ച രഥത്തിലേറി സ്വർഗ്ഗോന്നതിയിലേക്കുയന്നു ശാശ്വതാത്മാവെ കാണാൻ മനുഷ്യാത്മാവു് ആഗ്രഹിക്കുന്നു. ഭൂമിയിലേക്കിറങ്ങി ശരീരമാകുന്ന കാരാഗൃഹത്തിൽ ആത്മാവു് ഒരു തടവുകാരനായിത്തീരുന്നു; ഒരു പുതിയ ജന്മം കൈക്കൊള്ളുന്നു. തടവിലാണെങ്കിൽക്കൂടി, മുമ്പു് പരിചയിച്ച സ്വർഗ്ഗീയമഹത്വത്തെ ഇടയ്ക്കിടെ ആത്മാവു് അനുസ്മരിയ്ക്കുന്നു. പ്ലാറേറാ ഇപ്രകാരവുംകൂടിപ്പറയുന്നുണ്ടു്:–"നാം ജനിക്കുന്നതു് ഈ അറിവോടുകൂടിയല്ല. നമ്മുടെ ജനനം ഒരു നിദ്രയും മറ

വിയും മാത്രമാകുന്നു. അനുസ്മരണത്തിൽക്കൂടി ആ അറിവു് വീണ്ടും ലഭിക്കുവാനേ നമുക്കു കഴിവുള്ളു.''

ജനനം ഒരു നിദ്രയും വിസ്മൃതിയുമാണെന്നു് വേഡ്സ്‌വത്തു് പ്ലാറേറാവിൻെറ വാക്കുകളിൽതന്നെ പറയുന്നുണ്ടു്. പക്ഷെ തുടന്നുള്ള രണ്ടു ചിന്താഗതികളിലും ചില വ്യത്യാസങ്ങളുണ്ടു്. ദിവ്യജ്ഞാനസമ്പാദനത്തിൽ പ്ലാറേറാ മുതിന്നവൎക്കു് കൂടുതൽ പ്രാധാന്യം നൽകുന്നു. വേർഡ്സ്‌വത്താകട്ടെ ശിശുക്കൾക്കാണു് സൎവ്വപ്രാധാന്യം നൽകുന്നതു്. ഇക്കാര്യത്തിൽ മുതിന്നവരുടെ പിതൃസ്ഥാനത്തു് കവി കുട്ടികളെ ഇരുത്തുന്നു.

1-2. നമ്മുടെ പ്രജ്ഞ നിദ്രയിൽ താൽക്കാലികമായി നശിക്കുന്നു. അതുപോലെ, ഭൂജാതരാകുമ്പോൾ പൂൎവ്വജീവിതബോധം നമുക്കു നഷ്ടപ്പെടുകയാണു്. നഷ്ടപ്പെട്ട ആ അറിവു് അനുഭവങ്ങളിൽക്കൂടി വീണ്ടെടുക്കുവാനുള്ള പരിശ്രമമാണു് ലോകജീവിതമെന്നത്രെ പ്ലാറേറാവിൻെറ അഭിപ്രായം. മറിച്ചു്, വേർഡ്സ്‌വത്തു് പറയുന്നതു്, മുതിൎന്നു വരുന്തോറും ആ ദിവ്യബോധം നഷ്ടപ്പെട്ടുവരുന്നുവെന്നും മങ്ങിയ നിലയിലെങ്കിലും പൂൎവ്വജന്മമാഹാത്മ്യം ഓൎത്തറിയുന്നതു് ബാല്യത്തിലാണെന്നുമാണു്.

3-4. ഈശ്വരനിൽനിന്നു് ലോകജീവിതത്തിലേയ്ക്കു് യാത്രചെയ്യുന്ന ആത്മാവിനെ കവി നക്ഷത്രത്തോടു് ഉപമിക്കുന്നു. ഒരർദ്ധഗോളത്തിൽനിന്നു് മറെറാന്നിൽ ഉദിക്കുന്നതിനിടയ്ക്കുള്ള നക്ഷത്രത്തിൻെറ യാത്ര ആരും കാണുന്നില്ല. ഈശ്വരനിൽനിന്നു് ലോകജീവിതത്തിലേക്കു് എത്തിച്ചേരുന്ന ആത്മാവു് അതിന്റെ യാത്രയിൽ നിദ്രയിലെന്നപോലെയുള്ള ഒരവസ്ഥയിൽ പെടുന്നു.

5-6. മററൊരിടത്തുവെച്ചാണ് ആത്മാവ് ജീവിതം അവസാനിപ്പിച്ചത്. ഈശ്വരനത്രെ ആത്മാവിന്റെ പൂർവ്വവാസസ്ഥാനം.

7-8. മുമ്പുണ്ടായ അനുഭവങ്ങളും ദിവ്യജീവിതവും നാം മുഴുക്കെ മറക്കുന്നില്ല. നമ്മിൽ ലയിച്ചുകിടക്കുന്ന ആ അറിവ് ലോകാനുഭവങ്ങളിൽകൂടി വികസിപ്പിക്കുവാനും സാധിക്കും. മുമ്പുള്ള ജീവിതമാഹാത്മ്യത്തിന്റെ ദിവ്യാംബരം ആത്മാവ് അപ്പോഴും ചാർത്തിനില്ക്കുന്നു; അതിനാൽ നഗ്നത മറച്ചിരിക്കുന്നു.

9-10. ആത്മാവ് ഒപ്പം വലിച്ചുകൊണ്ടുപോരുന്ന മേഘങ്ങളായി ദിവ്യജീവിതമഹത്വങ്ങളെ കവി സങ്കല്പിക്കുന്നു.

11-12. ഈശ്വരമാഹാത്മ്യത്തിൻെറ പ്രകാശം ശൈശവത്തിലാണ് നമുക്ക് കൂടുതൽ നന്നായി കാണുവാൻ കഴിയുന്നത്.

13-14. കുട്ടിക്കാലത്ത് വസ്തുക്കളിൽ കണ്ട ദിവ്യശോഭ വളരുന്തോറും നമുക്കു നഷ്ടപ്പെടുന്നു. ലോകം ആത്മാവിനുചുററും തടവുഭിത്തികൾ പണിചെയ്യുകയാണ്. ലോകജീവിതത്തിലെ ക്ലേശങ്ങളും വ്യതിയാനങ്ങളുമാണ് കവി നിഴലുകളായി സങ്കല്പിക്കുന്നത്.

പ്ലാറേറാവിൻെറ ആശയം കവി ഇവിടെയും പകർത്തിട്ടുള്ളതായി ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നു. 'റിപ്പബ്ലിക്' എന്ന തന്റെ കൃതിയിൽ, സത്യസ്ഥിതി അറിഞ്ഞുകൂടാത്ത ആത്മാവിനെപ്പററി പ്ലാറേറാ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: "കഴുത്തിലും കാലിലും ചങ്ങലപൂട്ടിയ ഒരു മനുഷ്യൻ—ബാല്യം മുതല്ക്കേ അയാൾ തടവിലാക്കപ്പെട്ടിരിക്കയാണ്. പല സാമാനങ്ങളും വഹിച്ചു

നീങ്ങുന്ന ആളുകളുടെ നിഴൽ മാത്രം അയാഠം കാണുന്നു. അവരുടെ ചലനങ്ങളിലുള്ള പ്രതിധ്വനികഠം മാത്രം കേഠംക്കുന്നു. അവക്ക കാണാൻ വയ്യാത്തവിധം, പിന്നിൽ, അഗ്നി എരിയുന്നുണ്ടു്. മുൻവശത്തു് നിഴലുകഠം പതിഞ്ഞതായി അവർ അഗ്നിദീപ്തിയിൽ കാണുന്നു. ഈ നിഴലുകളെ അവർ യാഥാർത്ഥ്യങ്ങളായി കരുതുകയും ചെയ്യുന്നു.''—ശരീരം ആത്മാവിനെ കണ്ടെത്താൻ ശരീരം ഒരു പ്രതിബന്ധമാണെന്നു് പ്ലാറേറാ വിശ്വസിച്ചു. ആത്മാവിനെ തടവുകാരനായി ചിത്രീകരിച്ച പ്ലാറേറാവിൽ നിന്നാവാം ഈ വരികളിലെ കാരാഗൃഹകല്പനയെന്നു് ചില വ്യാഖ്യാതാക്കഠം ഊഹിക്കുന്നു.

15-16. ശിശുവെ അപേക്ഷിച്ച ബാലൻ ഈശ്വരനിൽനിന്നു കൂടുതൽ അകലെയാണു്. എങ്കിലും അവൻ സ്വർഗ്ഗീയദീപ്തിയും അതിൻെറ ഉത്ഭവസ്ഥാനവും കാണുന്നു.

17. 'പൂർവ്വാശ'യാൽ വിവക്ഷിക്കപ്പെട്ടിരിക്കുന്നതു് ജീവിതപ്രഭാതമായ ശൈശവത്തെയാണു്. ബാലനെ അപേക്ഷിച്ച യുവാവു് അതിൽനിന്നു് കൂടുതൽ അകലെയാണല്ലോ.

19-20. പ്രകൃതിയുടെ ദിവ്യസൌന്ദര്യ്യവും മാഹാത്മ്യവും യുവാവു് ആസ്വദിച്ചാരാധിക്കുന്നു. അങ്ങിനെ അയാഠം പ്രകൃതിയുടെ ആരാധകൻ അഥവാ പുരോഹിതൻ ആയിത്തീരുന്നു.

കവിയുടെ ജീവിതാനുഭവങ്ങഠംതന്നെയാണു് ഈ ഖണ്ഡികയിൽ ഉഠംക്കൊള്ളിച്ചിട്ടുള്ളതു്. പ്രകൃതിയിൽ കണ്ട സ്വർഗ്ഗീയശോഭകഠം, മുതിന്നപ്പോഠം കവിക്കു് കാണുവാൻ കഴിഞ്ഞില്ല. അതെങ്ങിനെ സംഭവിച്ചുവെന്നു്

കവി ചിന്തിയ്ക്കുന്നു; ആ ചിന്തയുടെ കണ്ണി ജനനംമുതല്ലേ അദ്ദേഹം തൊടുത്തുവെക്കുന്നു, ആത്മാവിൻെറ പുനർജ്ജന്മമാണ് ജനനം. ജനിക്കുന്നതിന്മുമ്പ് ആത്മാവ് സ്വർഗ്ഗത്തിൽ—ഈശ്വരനിൽ—ആയിരുന്നു. സ്വർഗ്ഗീയശോഭയും മഹത്വവും, ആത്മാവ് ജനിക്കുമ്പോൾ ഒപ്പം കൊണ്ടു പോരുന്നു. ലൌകികജീവിതത്തിലെ വ്യതിയാനങ്ങൾ ആ ദിവ്യശോഭയ്ക്ക് മങ്ങലേററുന്നു. ശിശുപ്രായത്തിൽ നാം ഈശ്വരനോട് ഏററവും അടുത്താണുള്ളത്; ബാല്യത്തിൽ കുറെക്കൂടി അകലുന്നു; യൌവനത്തിൽ കൂടുതലായും. വളച്ച് പൂർത്തിയാകുമ്പോഴെയ്ക്കും ആ ദിവ്യാഭകൾ മുഴുക്കെ മറഞ്ഞുപോകുന്നു.

ഈ ആശയം ഒരു ഭാവനാവിലാസമെന്നനിലയ്ക്ക് മനോഹരമാണെങ്കിലും ഒരു സാമാന്യസിദ്ധാന്തമാക്കി ഉയർത്തുവാൻ യോഗ്യമല്ലെന്നാണ് ആർനോൾഡിന്റെയും മററും അഭിപ്രായം. പലക്കും—അഭ്യസ്തവിദ്യർക്ക് വിശേഷിച്ചും—ശൈശവത്തിലല്ല, മുതിന്ന കാലത്താണ് പ്രകൃതിസ്നേഹം പ്രാബല്യം പ്രാപിയ്ക്കുന്നത്. ആ വസ്തുത വേർഡ്സ്വത്തിൻെറ നിഗമനങ്ങൾക്ക് വിപരീതമാണെന്നും ആർനോൾഡ് ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷെ, കവി സിദ്ധാന്തരൂപത്തിൽ സ്വാനുഭവങ്ങൾ അവതരിപ്പിക്കുന്നില്ലെന്നാണ് 'മിയേർസ്'' (Myers) മുതലായ നിരൂപകന്മാർ പറയുന്നത്. ദീപ്രോജ്ജ്വലമായ വികാരത്തിൻെറ ഒരുൾപ്രവേശനമാണ് ഈ കാവ്യമെന്നും വ്യത്യസ്തമനസ്സുകൾക്ക് അവരവരുടെ കഴിവുകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച അതിൽ പങ്കാളികളാകാമെന്നുമാണ് 'മിയേർസി'ൻെറ അഭിപ്രായം.

## ആറു്

സ്വർഗ്ഗീയമായ ആദർശാത്മകതയിൽനിന്നു് മനസ്സകററാൻവേണ്ടി ഭൂമി തൻെറ പ്രേരണാശക്തി പ്രയോഗിക്കുന്നു. മുമ്പറിഞ്ഞ ദൈവികമഹത്വങ്ങളും സ്വർഗ്ഗരാജധാനിയും മറന്നുപോകുന്നതിന്നു് മനുഷ്യന്നു് സ്വന്തം സുഖങ്ങളും വ്യാപാരങ്ങളും നല്കുന്നു. സ്വർഗ്ഗത്തിന്നവകാശപ്പെട്ട നിലയ്ക്കല്ല, തനിക്കുമാത്രം പൂർണ്ണമായവകാശപ്പെട്ടവിധം മനുഷ്യനെ വളർത്തുകയാണു് ഭൂമിയുടെ ഉദ്ദേശ്യം.

1. വളർത്തുപുത്രനായ മനുഷ്യനുവേണ്ടി ഭൂമിദേവി സ്വന്തം സൌഖ്യങ്ങൾതന്നെ വേണ്ടവിധം അനുഭവിച്ചു കൊള്ളുവാൻ ഒരുക്കിവെക്കുന്നു.

2. ഐശ്വര്യപൂർണ്ണമായ കൊട്ടാരമായി സ്വർഗ്ഗത്തെയാണു് വിവക്ഷിച്ചിട്ടുള്ളതു്.

9. കുട്ടികളുടെ സ്നേഹം ആകർഷിച്ചധീനമാക്കാനുള്ള ആഗ്രഹം മാതൃസഹജമാണല്ലൊ.

10. ഭൂമിയുടെ അഭിലാഷത്തിൽ യാതൊരനൌചിത്യവുമില്ല. ലോകത്തിൽ എത്തിച്ചേൎന്ന മനുഷ്യന്നു് ലൌകികസുഖങ്ങളും വ്യാപാരങ്ങളുമാണല്ലൊ ഉചിതമായിട്ടുള്ളതു്. പക്ഷെ സ്വർഗ്ഗത്തിൽനിന്നു വന്ന കുട്ടി അതുവരെ പരിചയിച്ച സ്വർഗ്ഗീയതതന്നെയാണു് ആഗ്രഹിക്കുന്നതു്.

## ഏഴു്

മനുഷ്യജീവിതത്തിൽ കാണുന്ന കാഴ്ചകളുടെ നിഴൽ കുട്ടിയുടെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നു. ഭൂമിയിലെ പരിതഃസ്ഥിതികളുമായി അവൻ ഇണങ്ങിച്ചേരാൻ പരിചയി

കുന്നു. ഭാവനയും കളിക്കോപ്പുകളും ഉപയോഗപ്പെടുത്തി ലോകജീവിതത്തിൽ കാണുന്ന സംഭവങ്ങളെയും സന്ദർഭങ്ങളെയും അവൻ അനുകരിച്ചുകാട്ടുന്നു; മനുഷ്യരെയും അവരുടെയും സ്വഭാവങ്ങളെയും 'രംഗ'ത്തിൽ കൊണ്ടുവരാൻ പരിശ്രമിക്കുന്നു. മുതിർന്നുകഴിഞ്ഞാൽ ഈ കളി യാഥാർത്ഥ്യമായിത്തന്നെ അവനനുഭവപ്പെടും. അതിൻെറ ഭാവനാത്മകമായ മുന്നോടിയാണു് അവൻെറ അനുകരണകേളികൾ.

1. ലൌകികാനന്ദങ്ങൾ പുതുജന്മം പൂണ്ടതല്ല. ബാലന്നു് അവ പുതുതായി അനുഭവപ്പെടുകയാലാണു് അവയ്ക്കു് നവജന്മം സമർത്ഥിച്ചിട്ടുള്ളതു്.

3. ആറുവയസ്സു പ്രായംചെന്ന 'ഹാർട്ടു്ലി കോളറിഡ്ജാ' (കോളറിഡ്ജു് കവിയുടെ മകൻ) ണു് ഇവിടെ കവി സൂചിപ്പിക്കുന്ന കുട്ടിയെന്നു് ചിലർ കരുതുന്നു. 'ആറു വയസ്സായ എച്ചു്. സി. യ്ക്കു് (എച്ചു്. സി. (ഹാർട്ടു്ലി കോളറിഡ്ജു്) എന്ന പേരിൽ വേർഡു്സു്വർത്തു് വേറൊരു കവിത എഴുതീട്ടുണ്ടു്.

5. അമ്മ തുടരെത്തുടരെ ഉമ്മവെക്കുമ്പോൾ കുട്ടിയ്ക്കു് വെറി തോന്നുന്നു. തൻെറ വിനോദങ്ങൾക്കും മനസ്സങ്കല്പങ്ങൾക്കും അമ്മയുടെ ലാളന തടസ്സമായി നില്ക്കുന്നതാണു് വെറിയ്ക്കുള്ള കാരണം.

6. പ്രേമവും സംതൃപ്തിയും അഭിമാനവുംകൊണ്ടു് കുട്ടിയുടെ കളികൾ നോക്കിനില്ക്കുമ്പോൾ പിതാവിൻെറ കണ്ണുകളിൽ ഒരു പുതുവെളിച്ചം വീശി കുട്ടിയുടെ മേൽ പതിയ്ക്കുന്നു.

8. മനുഷ്യജീവിതമാകുന്ന സ്വപ്നത്തിൻെറ എതാനം ശകലങ്ങൾ—വിവാഹം മുതലായവ—കളിക്കോപ്പുകൾകൊണ്ടു് കുട്ടി അനുകരണാത്മകമായിക്കാണിക്കുന്നു.

9. ഭൂമിയിലെ ജീവിതം അടുത്തകാലത്തുമാത്രം അനുഭവപ്പെട്ടതാകയാൽ കുട്ടി ഈ കല പുതുതായി അഭ്യസിച്ചതുമാത്രമാണ്.

16. കളിക്കുമ്പോഴുള്ള കൊഞ്ചലും അവ്യക്തപ്രലാപങ്ങളുമാണ് കുട്ടിയുടെ ഗാനം.

17-18. താൻ കണ്ട വ്യാപാരിയുടെയോ കാമുകന്റെയോ പട്ടാളക്കാരന്റെയോ സംഭാഷണങ്ങളെ കുട്ടി അനുകരിയ്ക്കുന്നു.

21. പുതിയ വിനോദവ്യാപാരത്തിലുള്ള സന്തോഷമാണ് കുട്ടിയ്ക്ക്.

25-26. ജീവിതത്തിന്റെ ഒടുക്കത്തെ പടിയിലുള്ള വൃദ്ധന്മാർവരെ കുട്ടിയുടെ 'മനുഷ്യരംഗ'ത്തിൽ സ്ഥാനംപിടിയ്ക്കുന്നു. അവരുടെ ജീവിതവ്യാപാരം ബാലൻ അനുകരിച്ചുകാണിക്കുന്നതിനെയാണ് 'രംഗത്തിൽ നിറക്കുക' എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത്.

27-28. കുട്ടിയ്ക്കുള്ള ഒരേ ഒരു തൊഴിൽ മററുള്ളവരെ അവസാനമററ് അനുകരിക്കുകയാണോ എന്നു തോന്നിപ്പോകും.

## എട്ട്

കുട്ടിയുടെ മനസ്സ് ലൌകികാചാരങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നതിൽ കവി വിലപിക്കുന്നു. കുട്ടിയുടെ ആകൃതിയിൽനിന്ന് അവന്റെ ആത്മമഹത്വം മനസ്സിലാക്കാവുന്നതല്ല. എന്നാൽ മുതിന്ന മനുഷ്യനെക്കാൾ വലിയ തത്വചിന്തകനാണ് കുട്ടി. മനുഷ്യൻ ജന്മം മുഴുവൻ കണ്ടെത്തുന്നതിനു പണിപ്പെടുന്ന തത്വങ്ങൾ സ്വമേധയാ

അവന്നു് അറിയാൻ കഴിയുന്നു. അമരത്വം അവന്റെ മേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ഇങ്ങനെയെല്ലാമിരിക്കെ തന്റെ ദിവ്യജീവിതം വിസ്മരിച്ച് ഭൂമിയിലെ കനത്ത ജീവിതഭാരം തൂക്കി നടക്കുവാൻ അവൻ ഉദ്യമിക്കുന്നതെന്തിനാണെന്നു് കവി അത്ഭുതപ്പെടുന്നു.

1. ഹ്രസ്വാകാരനായ കുട്ടിയുടെ ആത്മഗരിമ ബാഹ്യരൂപത്തിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നതല്ല.

2. ഈശ്വരന്നു് ഏററവും അടുത്താകകൊണ്ടു് സാധാരണ തത്വചിന്തകന്മാരെക്കാൾ നന്നായി ദിവ്യതത്വങ്ങൾ കാണുവാനും മനസ്സിലാക്കുവാനും കുട്ടിയ്ക്കു് കഴിയുന്നു. അതിനാൽ കവി കുട്ടിയെ തത്വചിന്തകരിൽ അഗ്ര്യനായിക്കരുതുന്നു.

3. ഇവിടെ പൈതൃകം ദൈവികമഹത്വംതന്നെ. മുമ്പനുഭവപ്പെട്ട ദിവ്യജീവിതം കുട്ടി ഇപ്പോഴും അനുസ്മരിയ്ക്കുന്നു.

5. മററുള്ളവർ സംസാരിക്കുന്നതു് കേട്ടറിയാൻ സാധിക്കാത്തതിനാൽ കുട്ടി ബധിരനാണു്; ഒന്നും പറയാൻ കഴിയാത്തതിനാൽ മൂകനും. ദിവ്യദർശനമുണ്ടെങ്കിലും അതു് ബുദ്ധിപരമായി ഗ്രഹിയ്ക്കുവാനോ പറഞ്ഞു ധരിപ്പിക്കുവാനോ സാധിക്കാത്തതിനാലാണു് കുട്ടി മൂകനും ബധിരനുമായതെന്നു് മറെറാരു വ്യാഖ്യാതാവു് പറയുന്നു.

6. വിശ്വത്തിലെ പരമസത്യങ്ങളാണു് നിത്യതയുടെ ആഴത്തിലുള്ള ഗൂഢതത്വങ്ങൾ. അവ കുട്ടിയ്ക്കു് അറിയുവാൻ കഴിയുന്നു.

7. സ്വൎഗ്ഗീയമഹത്വം കാണ്മാൻ സാധിക്കാത്ത അന്ധനാണു് സാധാരണ മനുഷ്യൻ. എന്നാൽ കുട്ടിയ്ക്കു് അതു് കാണാൻ സാദ്ധ്യമാകുന്നു. അതിനാൽ കുട്ടി 'അന്ധൎക്കിടയിലെ കണ്ണാ'ണു്.

9-10. കുട്ടി പ്രപഞ്ചസൃഷ്ടിയുടെ മൌലികതത്വങ്ങളുൾക്കൊള്ളുന്ന മഹാജ്ഞാനം ലഭിച്ചവനാകുന്നു; ദൈവികസന്ദേശം അബോധപൂൎവ്വം പ്രഖ്യാപിയ്ക്കുന്ന പ്രവാചകനുമാണവൻ.

11. ശ്മശാനാന്ധകാരം ഭീകരമാണു്.

13 14. ദിവ്യതത്വങ്ങൾ അറിയുന്നതിന്നു് മനുഷ്യർ പാടുപെടുന്നുവെങ്കിലും ലൌകികാചാരങ്ങൾ മൂടിക്കിടക്കുന്ന അവരുടെ ആത്മാവിൽ അവ പ്രകാശിക്കുന്നില്ല.

15. തികച്ചും അടിമയായ ഒരു ഭൃത്യനെ യജമാനൻ പൂൎണ്ണമായി നിയന്ത്രിക്കുന്നു. അപ്രകാരം, ദിവ്യജീവിതത്തെക്കുറിച്ചുള്ള അറിവു് കുട്ടിയിൽ പൂൎണ്ണാധിപത്യം സ്ഥാപിച്ചിരിക്കയാണു്.

16. വെളിച്ചം നിറഞ്ഞുനില്ക്കുന്ന പകലെന്നപോലെ മുമ്പത്തെ ദിവ്യജീവിതദീപ്തി കുട്ടിയുടെ ആത്മാവിനെ വലയംചെയ്യുന്നു.

19. സ്വൎഗ്ഗജന്യമായ സ്വാതന്ത്ര്യം കുട്ടിയ്ക്കുണ്ടെന്നതിനാൽ അവൻ ലൌകികജീവിതത്തിന്നു് അടിമയല്ലെന്നു സിദ്ധിക്കുന്നു.

21. ബാല്യത്തിൽ ആത്മാവു് നിൎമ്മലവും ശ്രേഷ്ഠവുമായി നില്ക്കുന്നു. ശൈശവത്തിന്റെ നിഷ്കളങ്കതയു

പ്രേമഭാവവുമാണ് ജീവിതത്തിൽ അത്യുത്കൃഷ്ടമായി കവിയ്ക്കു് അനുഭവപ്പെടുന്നതു്.

23. ഭൂമിയിലെ ജീവിതസുഖങ്ങൾ സ്വർഗ്ഗീയ സൌഭാഗ്യത്തിന്നു് വിരുദ്ധവും സുഖഭംഗം വരുത്തുന്നതുമാണ്.

25. മൌലികവ്യാപാരങ്ങളോടുള്ള ദാസ്യത്തെയാണ് ഇവിടെ വിവക്ഷിക്കുന്നതു്.

29. മഞ്ഞുറഞ്ഞു് മണ്ണു് മരവിക്കുന്നതുപോലെ ലൌകികാചാരങ്ങൾ കുട്ടിയുടെ ലളിതഭാവങ്ങൾ മരവിപ്പിക്കുകയും ആത്മാവിനെ അടിമപ്പെടുത്തുകയുംചെയ്യുന്നു.

## ഒൻപതു്

കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള അനുസ്മരണം കവിയ്ക്കു് സന്തോഷവും തൃപ്തിയും നല്കുന്നു. ബാല്യത്തിൽനിന്നു് അത്രയെങ്കിലും അവശേഷിച്ചുവല്ലോ എന്നോർത്തു അദ്ദേഹം ആശ്വസിക്കുന്നു; പിന്നീടുണ്ടായ അനുഭവങ്ങൾക്കു് സ്തുതിഗീതങ്ങളുയർത്തുകയും ചെയ്യുന്നു. പ്രപഞ്ചവസ്തുക്കളുടെ യാഥാർത്ഥ്യത്തെ ചോദ്യംചെയ്യുന്നവയും ഭാസുരമായ അമൃതലോകത്തിൻെറ ദർശനം സാധിപ്പിക്കുന്നവയുമാണ് ഈ അനുഭവങ്ങൾ. അവ ഇഹലോകജീവിതവും നിത്യതയുമായുള്ള ബന്ധം മനസ്സിലാക്കുവാൻ സഹായിക്കുന്നു. അവ മാച്ചുകളയാൻ സാദ്ധ്യമല്ല. ശാന്തചിന്തകൾ ഉള്ളിലുയരുമ്പോൾ ദിവ്യാത്മലോകത്തെക്കുറിച്ചുള്ള ബോധം അവ നമുക്കരുളുന്നു.

1–2. ചാരത്തെ ആത്മാവായും അതിലെ ആന്തരപ്രകാശത്തെ കനല്ക്കട്ടയായും കവി ഇവിടെ ചിത്രീകരിയ്ക്കുന്നു. വെർജിൽ എന്ന കവിയുടെ ഒരാശയമാണ്

ഇതിൽ വേഡ്സ്വർത്ത് പകർത്തിട്ടുള്ളതെന്ന് കോട്ടറിൽ (Cotteril) അഭിപ്രായപ്പെടുന്നു. 'നമ്മിൽ കുടികൊള്ളുന്ന അഗ്നിസദൃശമായ ചൈതന്യത്തെയും പ്രഥമാകാശബീജങ്ങളുടെ പ്രഭവത്തെയും' പററി വർജിൽ മഹാകവി പറയുന്നുണ്ട്.

8. ബാല്യകാലം വേഗം മറഞ്ഞുപോകുന്നുവെന്നാണ് കവിയുടെ വിഷാദം.

11. ബാലഹൃദയത്തിൽ അങ്കുരിക്കുന്ന അഭിലാഷങ്ങളെ ഇവിടെ സൂചിപ്പിയ്ക്കുന്നു.

17-20. വേഡ്സ്വത്തിന്നുണ്ടായ ചില അസാധാരണാനുഭൂതികളെ ഈ വരികൾ ഉൾക്കൊള്ളുന്നു. അവയുടെ അപേക്ഷകൂടാതെ ഇവയിലുള്ള ആശയം അവ്യക്തമാണ്. കവി ഒരു സുഹൃത്തായ ഫെൻവിക്കിന്നയച്ച ചില എഴുത്തുകളിൽ ഈ ആശയം വിവരിച്ചിട്ടുണ്ട്. ഒരെഴുത്തിൽ വേർഡ്സ്വത്ത് ഇപ്രകാരം പറയുന്നു:—"ബാഹ്യവസ്തുക്കൾക്ക് ബാഹ്യസദ്ഭാവം ഉള്ളതായി വിചാരിക്കാൻ എനിയ്ക്ക് പലപ്പോഴും സാധിച്ചിരുന്നില്ല. എൻെറ അഭൌതികപ്രകൃതിയിൽനിന്ന് വിഭിന്നമായിട്ടല്ല, അതിൽതന്നെ അന്തസ്സംസ്ഥമായിട്ടാണ് സമ്പർക്കപ്പെട്ട എല്ലാ വസ്തുക്കളെയും ഞാൻ കണ്ടതു്. ആദർശാത്മകതയുടെ ഈ അഗാധഗർത്തത്തിൽനിന്ന് യാഥാർത്ഥ്യത്തെ സ്വയം അനുസ്മരിയ്ക്കുവാൻവേണ്ടി, വിദ്യാലയത്തിലേക്ക് പോകുന്ന വഴിയ്ക്ക് പല തവണയും ഞാൻ ഒരു ഭിത്തിയോ മരമോ പിടിച്ചു നിന്നിട്ടുണ്ട്." ഈ അനുഭവങ്ങൾ കവിതന്നെ പറഞ്ഞറിഞ്ഞതായി മറെറാരു സുഹൃത്തായ 'ടർണറും' (Turner) രേഖപ്പെടുത്തിയിരിക്കുന്നു. ടർണർ എഴുതുന്നു:—"തൻെറ മാനസികപുരോ

ഗതിയുടെ ഒരു പ്രത്യേകഘട്ടത്തിൽ, ആശയങ്ങളുടെ അയ ഥാർത്ഥവും ക്ഷണികവുമായ ഒരു ലോകത്തിൽ വേർഡ്സ് വർത്ത് പലപ്പോഴും മുഴുകിപ്പോകാറുണ്ടായിരുന്നു. ആ അവസരങ്ങളിൽ, അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം, ബാഹ്യപ്രപഞ്ചം നിലനില്ക്കുന്നുണ്ടെന്നു് തോന്നിയിരുന്നില്ല. മാത്രമല്ല, ബാഹ്യപ്രപഞ്ചത്തിൻെറ സാന്നിദ്ധ്യം വീണ്ടും ബോധ്യപ്പെടാൻ അടുത്തുള്ള മരമോ മറേറതെങ്കിലും വസ്തുവോ തൊട്ടുനോക്കേണ്ടതായി വന്നുവെന്നും അദ്ദേഹം ഓർത്തിരുന്നു."

17-18. ഐന്ദ്രിയാനുഭവങ്ങളുടെയും ഭൌതിക വസ്തുക്കളുടെയും യാഥാർത്ഥ്യത്തെപ്പററി സംശയിക്കുന്നവയാണു് ഈ ചോദ്യങ്ങൾ.

19-20. പ്രൊഫസർ ബൊണാമി പ്രൈസ് (Professor Bonamy Price) ടർണർക്കെഴുതിയ ഒരു കത്തിൽ ഈ 'ഊന്നുവീഴലും മറഞ്ഞുപോകലും'കൊണ്ടു് കവി ഉദ്ദേശിച്ചതെന്താണെന്നു് വിശദീകരിച്ചിട്ടുണ്ടു്. ആ വരികളുടെ അർത്ഥം തനിയ്ക്കും സുഹൃത്തുക്കൾക്കും വ്യക്തമാകാത്തതുകൊണ്ടു് ആശയം വിശദീകരിക്കാൻ കവിയോടുതന്നെ അദ്ദേഹം ആവശ്യപ്പെട്ടു. വേർഡ്സ്വർത്ത് ഇത്തരത്തിൽ ഒരു വിശദീകരണം നൽകി:—"ഞാനൊഴികെ, എന്നിൽനിന്നു ബാഹ്യമായി മറെറന്തെങ്കിലുമുണ്ടോ എന്നു് ഉറപ്പിക്കുവാൻ ബലമായി വസ്തുക്കളിൽ പിടിച്ചു തള്ളേണ്ടിവന്ന ഒരു കാലം എൻെറ ജീവിതത്തിലുണ്ടായിരുന്നു. 'എൻെറ മനസ്സിനെക്കുറിച്ചു എനിയ്ക്കു് നല്ല ഉറപ്പുണ്ടായിരുന്നു. ബാക്കിയെല്ലാംതന്നെ ഉതിർന്നുവീണു വിചാരത്തിൽ മറഞ്ഞുപോയി." ഭൌതികപദാർത്ഥങ്ങൾ ആ സന്ദർഭത്തിൽ അയഥാർത്ഥമായി—അതും കേവലം വിചാരമായിത്തീർന്നു. ഈ അനുഭവത്തെ

'പ്രിലൂഡി'ലും കവി ഇപ്രകാരം വിവരിക്കുന്നുണ്ട്:—
"ശരീരത്തിലെ കണ്ണുകൾ തീരെ വിസ്മൃതങ്ങളായിത്തീൎന്നു. ഞാൻ കണ്ടതെല്ലാം എന്നിൽതന്നെയുള്ള എന്തോ ഒന്ന്, ഒരു സ്വപ്നം, മനസ്സിന്റെ ഒരംശം, ആയിത്തോന്നി."

23-24. ഉന്നതഭാവങ്ങൾക്ക് ദൈവികഭാവങ്ങളെന്നൎത്ഥം. അവ ബാലന്ന് ഉത്തേജനം നല്കുന്നുവെങ്കിലും ഭൂമിയിലെ സമ്പൎക്കങ്ങൾ അവനിൽ ഭയം വളൎത്തുന്നു. 'സത്യം ശിവം സുന്ദരം' എന്ന ബോധം കുട്ടിയ്ക്കു അപ്പോഴും നഷ്ടപ്പെട്ടിട്ടില്ല. ആ ബോധത്തിന്നിണങ്ങിയ മനസ്സാക്ഷിയുടെ നിയമങ്ങൾ ഭഞ്ജിയ്ക്കപ്പെടുമ്പോഴാണ് ഭയം ജനിക്കുന്നത്.

25-26. സ്വൎഗ്ഗീയങ്ങളായ ഉൽകൃഷ്ടവികാരങ്ങളാണ് കുട്ടിയുടെ ആദിപ്രേമവസ്തുക്കൾ. കഴിഞ്ഞുപോയ കാലത്തിലെ ഐശ്വൎയ്യത്തെപ്പററി കുട്ടിയുടെ മനസ്സിൽ നിഴൽപോലെ നേരിയ സ്മരണകൾ തങ്ങിനില്ക്കുന്നു.

27. അവയുടെ സ്വഭാവം എന്തുതന്നെ ആയിക്കൊള്ളട്ടെ. സത്യത്തെയും ഉത്തമസുഖത്തെയും പററിയുള്ള എല്ലാ അറിവുകളും നമുക്കു നല്കുന്ന കേന്ദ്രങ്ങളാണവ.

30. ഭൂവാസം ഒരു അന്തരാളജീവിതം മാത്രമാണെന്നും നമ്മുടെ പൂൎവ്വജീവിതം ശാശ്വതത്ത്വത്തിലാണെന്നുമുള്ള ചിന്തയാണ് നമുക്ക് നിലനില്പും ആശ്വാസവും നല്കുന്നത്.

34. ഈ സ്മരണകൾ നമ്മുടെ മനസ്സിൽനിന്ന് ഒരിയ്ക്കലും തീരെ ഒഴിഞ്ഞോ മാഞ്ഞോ പോകുന്നില്ല.

35-40 ഈ ലോകത്തിന്റെ ആകൎഷണങ്ങളിൽ അശ്രദ്ധയോ അതിശ്രദ്ധയോ കാട്ടിയാലും ബാല്യഭാവ

ത്താലും പുരുഷഭാവത്താലും സൌഖ്യവിരുദ്ധങ്ങളായ എല്ലാംതന്നെ ഒത്തുചേർന്നാലുംകൂടി അതിനെ ഇല്ലാതാക്കാൻ സാധിക്കയില്ല.

**43-46.** നിത്യതയാകുന്ന സമുദ്രം കടന്നാണു് നാം ഭൂമിയിൽ എത്തിച്ചേർന്നതു്. പ്രായമാകുന്തോറും ആ കടലിൽനിന്നു് നാം അകലെയകലെ കരയിൽ സഞ്ചരിക്കുന്നു. പക്ഷെ പഴയ കാലത്തെക്കുറിച്ചുള്ള സ്മരണകളാൽ, ശാന്തമായിച്ചിന്തിയ്ക്കുന്ന സന്ദർഭങ്ങളിൽ, നമുക്കു ആ സമുദ്രക്കരയിൽ മടങ്ങുവാനും, ബാല്യമഹത്വങ്ങളോട്ടു് വീണ്ടും അനുഭാവം വളർത്തുവാനും അമൃതാത്മകമായ സ്വഭാവം മനസ്സിലാക്കുവാനും സാധിക്കുന്നു. ബാല്യദർശനത്തിൽനിന്നാണു് വേർഡ്സ്‌വത്തിന്നു് കവിത്വദർശനം സിദ്ധിച്ചതു്. അതിലായിരുന്നു അദ്ദേഹത്തിന്റെ അദ്വൈതബോധം നിലനിന്നതും.

**47.** നിത്യതയാകുന്ന കടലിൻെറ തീരത്തിൽ കുട്ടികൾ കളിച്ചുല്ലസിയ്ക്കുന്നു. നിത്യതയ്ക്കു് ഏററവുമടുത്താണു് കുട്ടിയുടെ സ്ഥിതി.

## പത്തു്

ബാല്യത്തിൽ കണ്ട സ്വർഗ്ഗീയശോഭ മങ്ങിപ്പോയതിനെച്ചൊല്ലി കവി വിഷാദിക്കുന്നില്ല. മററു ജീവികളോടൊപ്പം ആഹ്ലാദിയ്ക്കാനും അദ്ദേഹം സന്നദ്ധനാണു്. കാരണം, പ്രകൃതിയോടുള്ള സഹാനുഭാവം തുടർന്നുപോകയും ലോകാനുഭവങ്ങൾ അഗാധജ്ഞാനം നൽകുകയും ചെയ്യുന്നുവെന്ന വിചാരം അദ്ദേഹത്തിനു് വീണ്ടും ശക്തി നേടിക്കൊടുത്തിരിക്കുന്നു.

മൂന്നും നാലും ഖണ്ഡികകളിലെ ചിന്തയുടെ തുടർച്ചയാണു് ഈ ഖണ്ഡിക. ജീവിതത്തിലെ അനുഭവസമ്പ

ത്തുകൾ ബാല്യത്തിലെ ദിവ്യദർശനം പോയ്പ്പോയതുകൊണ്ടുള്ള നഷ്ടം വേണ്ടത്ര നികത്തുന്നതായി കവി കരുതുന്നു.

1. മൂന്നാം ഖണ്ഡികയിൽ പക്ഷികൾ പാടുന്നതും ആട്ടിൻകുട്ടികൾ കളിക്കുന്നതും പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൽപിന്നെയാണ് കവിക്കു് ഒരു ദുഃഖചിന്തയുണ്ടായതു്. ആശ്വാസം ലഭിച്ചതിനെത്തുടൎന്നു് കവിക്കു് അവരുടെ ആഹ്ലാദത്തെപ്പററി വീണ്ടും ഓൎക്കാൻ കഴിയുന്നു.

10. ചിന്ത അനുഭവാത്മകമായ വികാരത്തെ സൂചിപ്പിക്കുന്നു.

11. ബാല്യകാലത്തിൽ കണ്ട സ്വൎഗ്ഗീയകാന്തിയാണ് ആ സമുജ്ജ്വലദീപ്തി.

13. മുതിൎന്ന കാലങ്ങളിൽ കാണുന്ന പ്രകൃതിവസ്തുക്കൾക്കു് ബാല്യകാലത്തിൽ കണ്ടറിവായ ദിവ്യശോഭയില്ല. സ്വപ്നസമാനമായ ആ സ്വൎഗ്ഗീയശോഭ വീണ്ടെടുക്കാൻ കഴിയാതെ എന്നെന്നേക്കും നഷ്ടപ്പെട്ടു.

19-20. പ്രകൃതിയോടുള്ള അനുഭാവം ജനനം മുതല്ക്കേ നിലനില്ക്കുന്ന നിസൎഗ്ഗസിദ്ധമായ ഒരനുഗ്രഹമാണ്. അതു് ഒരിക്കലും നശിച്ചുപോകുന്നില്ല.

21-24. പ്രകൃതിയിലെ ദിവ്യശോഭ നഷ്ടപ്പെട്ടുവെങ്കിലും പിന്നീടുണ്ടായ അനുഭവങ്ങളിൽക്കൂടി കവി ആ നഷ്ടം നികത്തി. ആ അനുഭവങ്ങൾ ക്ഷമയും, പരക്ലേശങ്ങളിൽ സഹാനുഭൂതിയും വളൎത്തി. മനസ്സ് ശാന്തവും തത്വചിന്താത്മകവും നിയന്ത്രണവിധേയവുമായി; കവിക്കു് ആശ്വാസവും ആഹ്ലാദവും പ്രകൃതിപ്രേമവും സിദ്ധിച്ചു. മനശ്ശാന്തിയും മനശ്ശിക്ഷണവുംകൊണ്ടു് കവി മുൻനഷ്ടം നികത്തുകയും ചെയ്തു.

23. മരണാനന്തരം ഒരമൃതജീവിതമുണ്ടെന്ന സ്വപ്രതീക്ഷയെയാണ് ഈ വിശ്വാസം സൂചിപ്പിക്കുന്നതു്.

24. അനുഭൂതി സമ്പന്നവും ശാന്തവുമായ മനസ്സെന്നർത്ഥം.

## പതിനൊന്നു്

പ്രകൃതിയോടുള്ള പ്രേമം കവിയുടെ ഹൃദയത്തിൽ പെരുകുകയാണ്. ജീവിതദുഃഖങ്ങൾ പ്രകൃതിവീക്ഷണത്തിൽ ഒരു നിറഭേദം വരുത്തിട്ടുണ്ടു്. മനുഷ്യൻെറ സന്താപത്തിലും സന്തോഷത്തിലും കവി അനുഭാവം പുലത്തുന്നു. പ്രകൃതിയിലെ ഏററവും ലഘുവായ വസ്തുകൂടി അദ്ദേഹത്തിൻെറ ഹൃദയത്തിൽ അഗാധവികാരങ്ങൾ ഉളവാക്കുന്നു.

പ്രകൃതി കവിക്കു് സമ്മാനിച്ച പ്രശാന്തവികാരങ്ങളെപ്പററി ഈ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നു. സ്വർഗ്ഗീയഭാസ്വരത നഷ്ടപ്പെട്ടുവെങ്കിൽകൂടി ആ വികാരങ്ങളിൽ അദ്ദേഹം സംതൃപ്തനാണ്.

3-4. പ്രകൃതിയിലെ വസ്തുക്കളും കവിയും തമ്മിലുള്ള പ്രേമസമ്പക്കം ഒരിക്കലും അവസാനിച്ചിട്ടില്ല. അദൃശ്യങ്ങളായ ദിവ്യസന്ദേശങ്ങൾ കവിഹൃദയത്തിലേക്ക് ഇടയ്ക്കിടെ അയക്കുന്നതു് പ്രകൃതിയാണ്. അങ്ങിനെ പ്രകൃതി കവിയോടുള്ള പ്രേമം പ്രകടമാക്കുന്നു.

6. 'ഉള്ളത്തിനുള്ളിൽ അറിയുന്നതു്' എന്നാൽ ഇന്ദ്രിയങ്ങളാലോ ശാസ്ത്രയുക്തിയാലോ അറിയപ്പെടാതെ ഹൃദയഭാവനാഗമ്യമായതു് എന്നത്ഥം. 'ഹൃദയത്തിലെ ഹൃദയ'ത്തെപ്പററി വേഡ്സ്വത്തു് 'എക്സ്കർഷനി'ലും

മററും പ്രസ്താവിച്ചതായി 'ഗെറോഡ്' (Garrod) എന്ന വ്യാഖ്യാതാവു് ചൂണ്ടിക്കാണിക്കുന്നു.

7. പ്രകൃതിയുമായി നിരന്തരസമ്പക്കം പുലത്തുന്നതിനെ കവി ഇവിടെ സൂചിപ്പിക്കുന്നു.

8. നഷ്ടപ്പെട്ട ഈ ഒരു സന്തോഷം ബാല്യകാലത്തിൽ കണ്ട സ്വപ്നാത്മകവും സ്വർഗ്ഗീയവുമായ ദീപ്തിയാണ്.

11-12. ആഹ്ലാദപൂർവ്വം ദിവസങ്ങൾ കഴിച്ചുപോന്ന കുട്ടിക്കാലത്തെ കവി ഇവിടെ അനുസ്മരിക്കുന്നു.

13-14. ദിവസത്തെ ഒരു നിഷ്ക്കളങ്കശിശുവോടു് ഉപമിച്ചിരിക്കയാണ്.

15-16. സൂര്യാസ്തമനം ദിവസത്തിൻെറ മരണമാണ്. മനുഷ്യനും മരണത്തെ നേരിടേണ്ടിവരുമെന്നു് അതു് അനുസ്മരിപ്പിക്കുന്നു.

17. (സൂര്യാ)സ്തമനത്തോടുകൂടി ഒരു ദിവസത്തിന്നു് അന്ത്യം വന്നെത്തിയെന്നു് കവി മനസ്സിലാക്കുന്നു.

18. ശാന്തവർണ്ണം എന്നതിന്നു് ഉജ്വലമല്ലാത്ത ചാരനിറം എന്നർത്ഥം.

19-20. കുട്ടിയ്ക്കു് മനസ്സിലാക്കാൻ കഴിയാത്ത പല അനുഭവങ്ങളും മുതിന്നവക്കുണ്ടാകുന്നു. മുതിന്നാൽ അവൻ മറെറാരു മത്സരപരീക്ഷയിലേപ്പെട്ട വിജയസമ്മാനങ്ങൾ നേടുന്നു. ദുഃഖാനുഭവങ്ങളിൽക്കൂടിയും മററും മനസ്സിന്നു് ലഭിയ്ക്കുന്ന ശക്തിയും ശാന്തിയും പൂർണ്ണതയുമാണ് പുത്തൻസമ്മാനങ്ങൾ.

21. മനുഷ്യൎക്കു് പരസ്പരമുണ്ടാകുന്ന അനുഭാവമാണു് നമ്മുടെ സദ്ഭാവത്തിന്റെ അവലംബം. സന്തോഷം; അനുകമ്പ, ദുഃഖം, ഭയം മുതലായ വികാരങ്ങൾ ഹൃദയശാന്തിയും പ്രകൃതിപ്രേമവും വളൎത്തുകയാൽ കവി അവൎക്കു് നന്ദി പറയുന്നു.

25. സന്തോഷാധിക്യത്തിലോ സന്താപാധിക്യത്തിലോ ആണു് കണ്ണീർ പൊഴിക്കുക. എന്നാൽ, കണ്ണുനീർകൊണ്ടുപോലും പ്രകടമാക്കാൻ കഴിയാത്ത, ശക്തിയേറിയ വികാരങ്ങൾ കവിഹൃദയത്തിൽ ജനിപ്പിക്കുവാൻ പ്രകൃതിയിലെ ഏററവും നിസ്സാരമായ വസ്തുവിന്നുകൂടി സാധിക്കുന്നു.

27-28. മനുഷ്യഹൃദയത്തിൽ പ്രബലമായ സ്വാധീനശക്തി സ്ഥാപിച്ച പ്രകൃതിയുടെ വൈഭവത്തെ കവി വന്ദിച്ചു കീൎത്തിക്കുന്നു.

[illegible]

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M10.7 Acc. No. 8292

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M07
WOR-A

8292

വേർഡ്സ് വർത്ത് വില്യം

അവ്യതനിതം

KOTTAYAM PUBLIC LIBRARY

Call No M07 WOR-A Acc. No 8292

Author വേർഡ്സ്‌വർത്ത് വില്യം

Title നാലുകവിത

Indic Digital Archive Foundation

gpura.org